കുടുംബശ്രീ ബാലസഭ

# അറിവൂഞ്ഞാൽ


2022 നവംബർ

9 789357 774109



## ശിശുദിന പതിപ്പ്

CHILD LINE
1098
NIGHT & DAY




NO TO DRUGS

# കുടുംബശ്രീ ബാലസഭാംഗങ്ങൾ നാളെയുടെ പ്രതീക്ഷകൾ



**ശ്രീ. എം.ബി രാജേഷ്**
ബഹു.തദ്ദേശ സ്വയംഭരണ
എക്സൈസ് വകുപ്പ് മന്ത്രി

കുടുംബശ്രീയുടെ ഊർജ്ജസ്വലതയാർന്ന മുഖമാണ് ബാലസഭകൾ. ശിശുദിനാഘോഷങ്ങളുടെ ഭാഗമായി ബാലസഭാംഗങ്ങളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് അവർ തന്നെ തയ്യാറാക്കിയിട്ടുള്ള അറിവൂഞ്ഞാൽ പ്രത്യേക പതിപ്പ് ഏറെ അഭിമാനകരമാണ്. സംസ്ഥാനമെമ്പാടുമുള്ള ബാലസഭകളിൽ പ്രവർത്തിക്കുന്ന കൊച്ചുകൂട്ടുകാർ എഴുതിയ കഥയും കവിതയും ലേഖനങ്ങളും അഭിമുഖങ്ങളുമായി എത്തുന്ന ഈ വിശേഷാൽ പതിപ്പിൽ സർഗ്ഗാത്മതയുടെ പുതുനാമ്പുകൾ ഏറെയുണ്ട്. ഭാവിയെ കുറിച്ചുള്ള പ്രതീക്ഷകളും അനുഭവങ്ങളുടെ തീക്ഷ്ണതയും വർത്തമാനകാലത്തിൻെറ സ്പന്ദനങ്ങളും വാക്കിലും വരികളിലുമുണ്ട്. പ്രത്യേക പതിപ്പിൽ ഉൾപ്പെടുത്തുന്നതിനായി തങ്ങളുടെ സാഹിത്യസൃഷ്ടികൾ നൽകുക മാത്രമല്ല, എല്ലാ സാഹിത്യ രചനകളും സസൂക്ഷ്മം പരിശോധിച്ച് പിഴവുകൾ തിരുത്തി പ്രസിദ്ധീകരണത്തിന് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തിയതും ബാലസഭകളിലെ അംഗങ്ങൾ തന്നെയാണ് എന്നത് പ്രത്യേകം എടുത്തു പറയട്ടെ. ഇന്നത്തെ കുട്ടികളാണ് നാളത്തെ പൗരൻമാരായി മാറേണ്ടത്. ആരോഗ്യകരവും സമത്വ സുന്ദരവുമായ ഒരു സമൂഹനിർമ്മിതിക്ക് നേതൃത്വം വഹിക്കാൻ കഴിയും വിധത്തിൽ അവരെ വാർത്തെടുക്കേണ്ട ഉത്തരവാദിത്വം നാം ഏവർക്കുമുണ്ട്. കൗമാര മനസുകളെ പ്രതീക്ഷകളുടെയും നല്ല സ്വപ്നങ്ങളുടെയും ചിന്തകളുടെയും ഉറവിടമാക്കി മാറ്റിക്കൊണ്ട് തിൻമകളെ ഇല്ലായ്മ ചെയ്യേണ്ടത് ഈ കാലഘട്ടത്തിൻറെ അനിവാര്യതയാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഇത്തരം സർഗ്ഗാത്മക പ്രവർത്തനങ്ങളിലൂടെ നമ്മുടെ കൊച്ചു കൂട്ടുകാരുടെ മനസ്സിലും മുന്നോട്ടുള്ള യാത്രയിലും വെളിച്ചം പകരുവാൻ നമുക്ക് കഴിയണം. അറിവൂഞ്ഞാൽ പ്രത്യേക പതിപ്പ് ഈ ലക്ഷ്യത്തിലേക്കുള്ള വേറിട്ട തുടക്കമാകട്ടെ എന്നാശംസിക്കുന്നു. ഒപ്പം ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ബാലസഭാ കൂട്ടുകാർക്കും അവർക്ക് പിന്തുണ നൽകുന്ന കുടുംബശ്രീ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

കുടുംബശ്രീ ബാലസഭ

# അറിവൂഞ്ഞാൽ

ശിശുദിന പതിപ്പ് | 2022 നവംബർ | വാല്യം 1 | ലക്കം 1




മുഖചിത്രം വര :
ചെന്താമര, ആലപ്പുഴ ജില്ല


## ബാലപത്രാധിപസമിതി

**എഡിറ്റർ**
ആയുഷ് പ്രവീൺ

**സബ് എഡിറ്റേഴ്സ്**
ഫാത്തിമ അഞ്ചും | ഫാത്തിമ സൻഹ പി.
ഗായത്രി ആർ | പാർവ്വതി എം.എസ്.
സാനിയ പി.എസ്. | ശ്രുതിമോൾ പി.

## ഉപദേശക സമിതി

ഡോ. മൈന ഉമൈബാൻ
(പബ്ലിക് റിലേഷൻസ് ഓഫീസർ)

അരുൺ പി. രാജൻ
(സ്റ്റേറ്റ് പ്രോഗ്രാം മാനേജർ)

ഡാനിയേൽ ലിബ്നി
(സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ)

പി. ജയചന്ദ്രൻ (സ്റ്റേറ്റ് റിസോഴ്സ് ടീം)
ഷീനബീബി എ (സ്റ്റേറ്റ് റിസോഴ്സ് ടീം)
പി.കെ. ഷിംജിത്ത് (സ്റ്റേറ്റ് റിസോഴ്സ് ടീം)
അജിത ഷാജി (സ്റ്റേറ്റ് റിസോഴ്സ് ടീം)


# താളുകളിലൂടെ


3 കുടുംബശ്രീ ബാലസഭാംഗങ്ങൾ നാളെയുടെ പ്രതീക്ഷകൾ — ശ്രീ. എം.ബി രാജേഷ്

6 മുഖമൊഴി — ശ്രീ. ജാഫർ മാലിക് IAS



7 അഭിമുഖം — ശ്രീ. മധുപാലുമായി ബാല പത്രാധിപസമിതി ടീം



15 ശിലാ സന്തോഷുമായുള്ള അഭിമുഖം. — അക്ഷയ് കുമാർ.എസ്,



19 THE BLOOMING NATURE AND THE SHOWING RAIN



57 ലഹരിരഹിത ജീവിതം നിത്യഹരിത ജീവിതം

24 കാല് കൊണ്ട് ഇതിഹാസം തീർത്ത് അനജേട്ടൻ



9 കവിത — അമ്മ — അനുഗ്രഹ ഗിരീഷ്

12 സ്ത്രീ(യാണ്) ധനം — മുഹ്സിന



21 വർണ്ണ വിസ്മയം — ലിജിത. ജി

21 പൂവ് — ശ്രീശരത്ത്



27 ഭീതി



32 അതിജീവനം



33 സ്നേഹവാരിധി



33 പോരാളി

50 പെയ്തൊഴിയാതെ



40 മഹത്തായ പാഠങ്ങൾ



54 വേർപാട്



58 കരയാത്തപെണ്ണ്

64 പ്രത്യാശ

കുടുംബശ്രീ ബാലസഭ
അറിവൂഞ്ഞാൽ
2022 നവംബർ

# മുഖമൊഴി



**ജാഫർ മാലിക് IAS**
**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കുടുംബശ്രീ**

കുടുംബശ്രീയുടെ ചരിത്രത്തിൽ ആദ്യമായാണ് കുട്ടികൾക്ക് വേണ്ടി ബാലസഭാംഗങ്ങൾ രചിച്ച് അവർ തന്നെ ചിത്രം വരച്ച് എഡിറ്റ് ചെയ്ത് അവരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഒരു പുസ്തകം.

കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുള്ള ബാലസഭാംഗങ്ങളുടെ പ്രാതിനിധ്യം ഈ പുസ്തകത്തിലുണ്ട് എന്നത് അറിവൂഞ്ഞാലിന്റെ മാറ്റുകൂട്ടുന്നു. പ്രാതിനിധ്യം മാത്രമല്ല അവരുടെ രചനകളെല്ലാം മികവുറ്റതാണ്. ബാലസഭാംഗങ്ങളുടെ സർഗാത്മകശേഷി കണ്ടെത്തുന്നതിനും വളർത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും അറിവൂഞ്ഞാൽ പോലുള്ള സർഗാത്മക പ്രവർത്തനങ്ങൾക്ക് സാധിക്കും എന്ന് തിരിച്ചറിയുന്നു.

ബാലസഭയിലെ കൊച്ചുകുട്ടുകാരടങ്ങുന്ന കുട്ടികളാണ് നാളെ സമൂഹത്തെ മുന്നോട്ടുകൊണ്ടുപോകേണ്ടത്. കൃത്യമായ രാഷ്ട്രീയ ബോധമുള്ള സാമൂഹ്യബോധമുള്ള കുട്ടികളാണ് ബാലസഭാംഗങ്ങൾ എന്ന് തെളിയിക്കുന്നു ഇതിലെ അഭിമുഖങ്ങളും ചർച്ചകളും മറ്റു രചനകളും. തീർച്ചയായും ഇത് കുടുംബശ്രീയുടെ അഭിമാന നിമിഷമാണ്.

അറിവൂഞ്ഞാലിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.



# അഭിമുഖം

**കുടുംബശ്രീ സംസ്ഥാനമിഷന്റെ ബാലസഭ അറിവൂഞ്ഞാൽ ശിശുദിന പതിപ്പിനുവേണ്ടി പ്രശസ്ത സംവിധായകനും, എഴുത്തുകാരനും, നടനും, സാംസ്കാരിക പ്രവർത്തകനുമായ ശ്രീ. മധുപാലുമായി നടത്തിയ അഭിമുഖത്തിൽ നിന്ന് :**

**അഭിമുഖം നടത്തിയത് ബാല പത്രാധിപസമിതി ടീം**

### 1. സാറിനെ സിനിമയുടെ വെള്ളി വെളിച്ചത്തിലേക്ക് നയിച്ച സാഹചര്യം എന്തായിരുന്നു ?

മധുപാൽ : എന്റെ അച്ഛന് തിരൂരിൽ സിനിമാ തിയേറ്റർ ഉണ്ടായിരുന്നു. അതിനാൽ തന്നെ കുഞ്ഞുനാൾ തൊട്ടേ ധാരാളം സിനിമ കാണാറുണ്ടായിരുന്നു. ഒരു സിനിമ തന്നെ പലതവണ കണ്ടിട്ടുണ്ട്. സിനിമ കാണുക എന്ന ശീലം തന്നെയാണ് എന്നെ സിനിമയിലേക്ക് നയിച്ചത്.

### 2. പുതിയകാല സിനിമയെപ്പറ്റിയും പഴയകാല സിനിമയെപ്പറ്റിയും താങ്കളുടെ അഭിപ്രായം എന്താണ് ?

മധുപാൽ : സിനിമയ്ക്ക് പഴയകാലമെന്നോ പുതിയ കാലമെന്നോ ഇല്ല. ടെക്നോളജിയുടെ മാറ്റമനുസരിച്ച് എല്ലാക്കാലത്തും സിനിമാമേഖലയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പണ്ട് സിനിമാ സ്റ്റുഡിയോകളിൽ മാത്രമായി ഒതുങ്ങിയിരുന്ന ഷൂട്ടിംഗുകൾ ഇന്ന് കൂടുതൽ ജനകീയമായിരിക്കുന്നു. തീയറ്ററിൽ പോയി മാത്രം കാണാൻ പറ്റിയിരുന്ന സിനിമകൾ ഇന്ന് O.T.T. പ്ലാറ്റ്ഫോമുകൾ വഴി നമ്മുടെ മുന്നിലെത്തുന്നു. എല്ലാത്തിനും ഇങ്ങനെ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ പണ്ടത്തെ സിനിമയെന്നും പുതിയ സിനിമയെന്നും വേർതിരിക്കാൻ കഴിയില്ല.

### 3. സിനിമാമേഖലയിൽ കുന്നോളം സ്വപ്നങ്ങൾ ഉണ്ടായിട്ടും അതിലെ റിസ്കുകൾ കാരണം അതിലേക്ക് കടന്നുവരാൻ മടിച്ചു നിൽക്കുന്നവരോട് എന്താണ് പറയാനുള്ളത് ?

മധുപാൽ : ലോകത്ത് എല്ലായിടത്തും റിസ്ക് ഉണ്ട്. ജീവിതം തന്നെ ഒരു റിസ്കാണ്. എന്നിട്ടും നമ്മൾ ജീവിക്കാതിരിക്കുന്നില്ലല്ലോ! നമുക്ക് ചുറ്റും എപ്പോഴുമൊരു അപായമണി മുഴങ്ങുന്നുണ്ടാകും. അവയെ ഒക്കെ മറികടക്കേണ്ടത് നമ്മുടെ ആത്മവിശ്വസവും കഴിവുകളും കൊണ്ടാണ്.



**4. സിനിമയുടെ സ്വാധീനത്തിൽ വളർന്നുവരുന്ന കുട്ടികളോട് എന്താണ് പറയാനുള്ളത് ?**

■ വെളിച്ചമുണ്ടെന്ന് നാം തിരിച്ചറിയുന്നത് ഇരുട്ടുള്ളതുകൊണ്ടാണ്. ഇരുട്ടുണ്ടെന്ന് തിരിച്ചറിയുന്നത് വെളിച്ചമില്ലാത്തതുകൊണ്ടാണ്. അതുപോലെ സിനിമ എന്ന മീഡിയത്തിലും നന്മയും തിന്മയും ഉണ്ട്. അതിനെ ഉപേക്ഷിക്കണമെന്നോ സ്വീകരിക്കണമെന്നോ തീരുമാനിക്കേണ്ടത് നമ്മളാണ്.

**5. സിനിമാ മേഖലയും സാഹിത്യ മേഖലയും എങ്ങനെയാണ് ഒരുപോലെ മുന്നോട്ട് കൊണ്ടുപോകുന്നത് ?**

■ ഈ രണ്ടു മേഖലകൾ മാത്രമല്ല മറ്റു പല മേഖലകളിലും ഞാൻ സജീവമാണ്. നമ്മുടെ ഇഷ്ടങ്ങളാണ് നമ്മെ മുന്നോട്ട് നയിക്കുന്നത്. കഥ എഴുതുമ്പോൾ അതിൽ മാത്രമാവും ശ്രദ്ധ. അതുപോലെ തന്നെയാണ് സിനിമയിലും. എന്തു ചെയ്താലും അതിന് കൂടുതൽ ശ്രദ്ധ നൽകാൻ ശ്രദ്ധിക്കാറുണ്ട്. ഒരിക്കലും സാഹിത്യവും സിനിമയും രണ്ടായിട്ടല്ല കണ്ടത്. രണ്ടും ഒന്നായാണ് കണുന്നത്.

**6. സിനിമാ മേഖലയിൽ ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവം ?**

■ അങ്ങനെ മറക്കാൻ പറ്റാത്ത അനുഭവം എന്നൊന്നില്ല. ജീവിതത്തിലെ ഓരോ നിമിഷവും ഓർത്തിരിക്കുന്ന ആളാണ് ഞാൻ. ഏറ്റവും കൂടുതൽ ഓർക്കുന്നത് എന്റെ അച്ഛനേയും അമ്മയേയും എന്നെ പഠിപ്പിച്ച അദ്ധ്യാപകരേയുമാണ്. എന്റെ ജീവിതത്തിൽ എന്നെ കൂടുതൽ സ്വാധീനിച്ചത് എന്റെ കുട്ടിക്കാലം തന്നെയായിരുന്നു. ക്ലാസ് ഒഴിവാക്കി സിനിമ കാണാൻ അച്ഛന്റെ തിയേറ്ററിൽ പോയിരുന്നുവെങ്കിലും എന്റച്ഛൻ അതിനെ ഒരിക്കലും എതിർത്തിരുന്നില്ല. പിന്നെ ആകെയുള്ള ഒരു സങ്കടം സാഹിത്യം പഠിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. വീട്ടുകാരുടെ നിർബന്ധപ്രകാരം കൊമേഴ്സ് ആണ് പഠിച്ചത്. ബാങ്കിലെ ജോലി ഉപേക്ഷിച്ചിട്ടാണ് ഞാൻ സിനിമയിലേക്ക് എത്തുന്നത്. എന്റെ കുടുംബം ഒരിക്കലും എന്റെ സിനിമാ ജീവിതത്തെ എതിർത്തിരുന്നില്ല. അതിനാൽ തന്നെ എന്റെ ജീവിതത്തിലെ ഓരോ നിമിഷവും എനിക്ക് അമൂല്യമാണ്.

**7.കേരളത്തിലെ ഇന്നത്തെ സാമൂഹിക പ്രശ്നങ്ങളെ പറ്റി താങ്കളുടെ അഭിപ്രായം എന്താണ് ?**

■ നമുക്ക് ചെയ്യാൻ കഴിയും എന്ന നമ്മുടെ ആത്മവിശ്വാസത്തെയാണ് നാം വിശ്വസിക്കേണ്ടത്. ആ വിശ്വാസവും നമ്മുടെ പ്രയത്നവുമാണ് എന്തും നേടിയെടുക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. ആത്മവിശ്വാസമില്ലാതാകുമ്പോഴാണ് അന്ധവിശ്വാസങ്ങളിലേക്ക് നാം പോകുന്നത്. ജാതിക്കും മതത്തിനും വിശ്വാസങ്ങൾക്കുമപ്പുറം മനുഷ്യത്വം എന്ന ഒന്നുണ്ട്. അതിനെ നാം കൂടെ കൂട്ടണം. നമ്മുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ഒന്നിനേയും ഭയപ്പെടാതെ മുന്നോട്ട് നീങ്ങുന്നതിന് നമുക്ക് കഴിയണം.

**8. അവാർഡുകൾ കിട്ടുന്നതിനോടുള്ള താങ്കളുടെ മനോഭാവം എന്താണ് ?**

■ എനിക്ക് ലഭിച്ച പുരസ്കാരങ്ങളിൽ അഹങ്കരിക്കുന്ന ഒരാളല്ല ഞാൻ. ഒരു അവാർഡ് എനിക്ക് കിട്ടുമ്പോൾ ആ ദിവസം മാത്രമേ എല്ലാവരും അത് ഓർക്കുന്നുള്ളു. അടുത്ത ദിവസം മുതൽ ഏല്ലാവരും അതിനെ മറന്നു തുടങ്ങുന്നു. ഓരോ പുരസ്കാരവും ഒരു അംഗീകാരമാണ് എനിക്ക് നൽകുന്നത്. അത് നമുക്ക് കൂടുതൽ ഉത്തരവാദിത്വം നൽകുന്നു.

**9. എഴുത്തുകാരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യം ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഇതിനെപ്പറ്റി എന്താണ് താങ്കളുടെ അഭിപ്രായം ?**

■ നമ്മൾ എഴുതിയ ഒരു രചനയെ ഒരാൾ എതിർക്കുന്നുണ്ടെങ്കിൽ അല്ലെങ്കിൽ അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നുണ്ടെങ്കിൽ അയാൾക്ക് തീർച്ചയായും ഒരു ഉദ്ദേശ്യലക്ഷ്യം ഉണ്ടായിരിക്കും. നമ്മളതിൽ പറയുന്ന സത്യത്തെ ഭയക്കുന്നവരാകും അവർ. നമ്മളെപ്പോഴും നമ്മുടെ സത്യത്തിൽ ഉറച്ചു നിൽക്കണം. നമ്മുടെ സത്യത്തിൽ നമുക്ക് ഉറച്ചു നിൽക്കാൻ കഴിയുന്നുണ്ടെങ്കിൽ എന്തിനേയും നേരിടാൻ നമുക്കാവും.

**10. വളർന്നുവരുന്ന തലമുറയ്ക്ക് കൊടുക്കാനുള്ള സന്ദേശം ?**

■ നിങ്ങൾക്ക് ആദ്യസന്ദേശമെന്നു പറയുന്നത് പഠിക്കണം എന്നതാണ്. നമ്മളെ മുന്നോട്ട് നയിക്കുന്നതിനു വേണ്ടിയുള്ളത് പഠനമാണ്. അത് നമ്മെ ഉയരങ്ങളിൽ എത്തിക്കും. നമ്മുടെ ജീവിതത്തിൽ എപ്പോഴും നമുക്ക് പോസിറ്റീവായ ലക്ഷ്യങ്ങൾ ഉണ്ടാവണം. എല്ലാവരോടും നമ്മൾ സത്യസന്ധമായി പെരുമാറണം. അത് തിരിച്ച് ഇരട്ടിയായി നമുക്ക് തിരികെ ലഭിക്കും. ഒരിക്കലും നമ്മൾ കള്ളം പറയരുത്. ഓരോ കള്ളവും നമ്മെ വീണ്ടും കള്ളങ്ങളിലേക്ക് നയിക്കുന്നു. അതിനാൽ എപ്പോഴും സത്യത്തെ മുറുകെ പിടിച്ച് വേണം നാം ജീവിക്കാൻ.

തയ്യാറാക്കിയത് : ഗൗരിനന്ദ(തൃശ്ശൂർ)
ഗായത്രി(കൊല്ലം)
ദേവിക-കൊല്ലം, ആഷ്‌ലിൻ(തൃശ്ശൂർ),
സാനിയ(വയനാട്)



കഥ

# അമ്മ

അമ്മയാണെൻ താങ്ങ്
അമ്മയില്ലേൽ ഇന്ന് ഞാനുമില്ല
നല്ലകാര്യങ്ങൾ ചൊല്ലിത്തന്ന്
തെറ്റുകളിൽ നിന്നകറ്റുമമ്മ
തെറ്റിലേക്കൊന്ന് തെന്നിവീണാൽ
കൈ തന്നുയർത്തുമെൻ അമ്മ
കാലേ ഉണർന്നെഴുന്നേൽക്കും-
മുതൽ കൂടെയുണ്ടെന്നുമെൻ അമ്മ
ഞാനൊന്ന് വീണുകരഞ്ഞാൽ
ഉള്ളിൽ വിതുമ്പുമെൻ അമ്മ
സ്നേഹിച്ച് ലാളിച്ച് ഉമ്മതന്ന്
പോറ്റി വളർത്തുന്നു എന്നെയമ്മ
അമ്മയാണെൻ താങ്ങ്
അമ്മയില്ലേൽ ഇന്ന് ഞാനുമില്ല



**അനുഗ്രഹ ഗിരീഷ്**
**ആമ്പൽ ബാലസഭ**
**കൊരട്ടി സി.ഡി.എസ്**



**സിയ അൽഫോൺസാ ബിജു**
**നമ്മ ബാലസഭ**
**എറണാകുളം**

കവിത

# സുഹൃത്ത്

പണ്ട് ഒരു ഗ്രാമത്തിൽ ഒരു കൊച്ചു വീട്ടിൽ അരവിന്ദ് എന്ന മിടുക്കനായ കുട്ടിയുണ്ടായിരുന്നു. വലുതാവുമ്പോൾ വലിയ ഒരാളായി മാറണം എന്നാണ് അവന്റെ ആഗ്രഹം. അവന്റെ കുടുംബത്തിലെ മൂന്നാമത്തെ കുട്ടിയാണവൻ. അവൻ പഠനത്തിൽ പിന്നോട്ടായിരുന്നു.
എന്നാലും ജീവിതത്തിൽ ഒരു പ്രാവശ്യം വിജയിച്ചുകാണണമെന്ന് അവന് ആഗ്രഹമുണ്ട്. കഷ്ടപ്പെട്ട് അവൻ പഠിച്ചു. പത്താം ക്ലാസ്സിൽ വിജയിക്കുകയും ചെയ്തു. അവന്റെ വീടിന്റെ വരുമാനം അനുസരിച്ച് അവന്റെ ആഗ്രഹത്തെ പ്രാപ്തമാക്കുവാൻ കഴിഞ്ഞില്ല. ഇനി എന്തുചെയ്യും? ഹോട്ടലുകളിൽ പണിയെടുക്കുകയും രാത്രിയും പകലും ഉറക്കമിളച്ചു പഠിക്കുകയും ചെയ്തു. എന്നിട്ടും അവന്റെ ആഗ്രഹത്തെ നേടുവാൻ കഴിഞ്ഞില്ല. ഉള്ള കാശുകൊണ്ട് ഒരു ട്രെയിനിൽ കയറി അവൻ നാടുവിട്ടു. ബുക്കുമെടുത്ത് അവൻ എഴുതുവാൻ തുടങ്ങി. അതിൽ ഇങ്ങനെയായിരുന്നു. കാറ്റിൽ പൂക്കളുടെ സുഗന്ധം പരക്കുന്നു. ട്രെയിനിന്റെ കൂവിവിളിക്കുന്ന ഒച്ച. മനോഹരമായ നീലനിറത്തിലുള്ള ആകാശം. കത്തിജ്വലിക്കുന്ന സൂര്യന്റെ രശ്മികൾ കണ്ണിലേക്കു പതിക്കുന്നു. ചിത്രശലഭങ്ങൾ ആകാശത്തിൽ പറക്കുന്നു. പക്ഷികൾ, മൃഗങ്ങൾ പച്ചപ്പ് എത്ര സുന്ദരമാണ് ഇവിടം. മനസ്സിന്റെ നൊമ്പരങ്ങൾ ഈ കാഴ്ചയിലൂടെ മാഞ്ഞുപോകുന്നു. തീരാ ദുഃഖത്തിലേക്കു വഴുതിവീഴുമ്പോൾ ഒരു സുഹൃത്ത് അടുത്തുണ്ടായിരുന്നെങ്കിൽ. ട്രെയിൻ തമിഴ്നാട്ടിലെ മൂസൂരിയിൽ എത്തി. അവൻ ട്രെയിനിൽ നിന്നിറങ്ങി. അവിടെ എന്തെങ്കിലും ജോലി ചെയ്യാമെന്ന് വിചാരിച്ചു നടന്നു. പെട്ടെന്ന്

പിന്നിൽ നിന്നും വിളിവന്നു. ഒരു ചെറുപ്പക്കാരൻ – അരവിന്ദൻ എന്നു എന്റെ പേര് വിളിക്കുന്നു. മെലിഞ്ഞ ശരീരം. കറുത്ത നിറം. മനോഹരമായ മുടി. മനോഹരമായ വസ്ത്രധാരണം. രമണീയമായ കണ്ണുകൾ. അവൻ ഓടി അരവിന്ദന്റെ അരികിൽ എത്തി ചോദിച്ചു. "അരവിന്ദനല്ലേ? ഇത് നിങ്ങളുടെ ബുക്കാണ്. നിങ്ങൾ ഇത് ട്രെയിനിൽ വച്ചു മറന്നു". ബുക്ക് തിരിച്ചു തന്നതിന് അരവിന്ദൻ നന്ദി പറഞ്ഞതിന്റെ ഒപ്പം അദ്ദേഹത്തിന്റെ പേരും ചോദിച്ചു. പേര് മൈക്കിൾ, വീട് കോട്ടയത്താണ്. അവർ സംഭാഷണം തുടങ്ങി. മൈക്കിൾ ജോലി തേടി വന്നതാണ്. ഒറ്റയ്ക്കാണ്. ഒരു അപകടത്തിൽ കുടുംബത്തെ നഷ്ടമായി. ഇവിടുത്തെ ഒരു ബാങ്കിൽ ജോലി കിട്ടി. അതിനുവേണ്ടിയാണ് ഇവിടെ വന്നത്. അരവിന്ദൻ അവന്റെ കാര്യങ്ങൾ പറഞ്ഞു. അരവിന്ദന്റെ സങ്കടങ്ങൾ മനസ്സിലാക്കിയ മൈക്കിൾ തന്റെ ഒപ്പം താമസിച്ചോളൂ എന്നു പറഞ്ഞു. നിറഞ്ഞ മനസ്സോടെ അരവിന്ദൻ സമ്മതം മൂളി. അവർ അവിടുത്തെ ഒരു ഹോട്ടലിൽ റൂമെടുത്ത് താമസിക്കുവാൻ തുടങ്ങി.

ഒരു പുലർച്ചയിൽ മൈക്കിൾ അരവിന്ദനോട് പറഞ്ഞു. "നിനക്ക് നല്ല വിദ്യാഭ്യാസമുണ്ട്. കിട്ടാതെപോയ ആഗ്രഹത്തെ കീഴടക്കാൻ ശ്രമിച്ചാല്ലോ. അരവിന്ദന്റെ കണ്ണു നിറഞ്ഞു. അവൻ ഓടിച്ചെന്ന് മൈക്കിളിനെ കെട്ടിപ്പിടിച്ചു. ജീവിതത്തിൽ ഒരാളുപോലും തന്നോടു ഇങ്ങനെ പറഞ്ഞിട്ടില്ല. ഒരു കൊച്ചു കുട്ടിയെപ്പോലെ അവൻ ഉറക്കെ കരഞ്ഞു. പിറ്റേ ദിവസം മുതൽ അവൻ പഠിക്കുവാൻ തുടങ്ങി. മൈക്കിളിന്റെ സഹായത്തോടെ. മൈക്കിളിന്റെ പണം കൊണ്ടാണല്ലോ ഇപ്പോ പഠിക്കുന്നത്. ഇനിയും പണം ആവശ്യമായതുകൊണ്ട് അവിടുത്തെ കുട്ടികൾക്ക് ട്യൂഷൻ നൽകി. അവസാനം അവനൊരു IRS കാരനായി. കത്ത് വന്നപ്പോൾ തന്നെ അരവിന്ദൻ ഓടിച്ചെന്ന് മൈക്കിളിനെ കെട്ടിപ്പിടിച്ച് സന്തോഷപൂർവ്വം വിവരമറിയിക്കുയും ചെയ്തു. പിന്നീട് അരവിന്ദൻ ജോലിയിൽ കയറി. കുറച്ചു വർഷം കഴിഞ്ഞപ്പോൾ അരവിന്ദന് മൈക്കിൾ കത്ത് അയച്ചു. അതിൽ തനിക്കു ഒരു ആക്സിഡന്റ് ഉണ്ടായി. നിന്നെ കാണുവാൻ ആഗ്രഹമുണ്ട്. വേഗം വരണേ എന്നായിരുന്നു. അരവിന്ദൻ കത്ത് ലഭിച്ചപ്പോൾ തന്നെ മൈക്കിളിനെ കാണുവാൻ ഓടിച്ചെന്നു. അപ്പോഴേക്കും മൈക്കിൾ മരിച്ചു കഴിഞ്ഞു. മൈക്കിളിന്റെ മൃത ശരീരത്തിൽ കെട്ടിപ്പിടിച്ചുകൊണ്ട് അരവിന്ദൻ വാവിട്ടു കരഞ്ഞു. അന്ന് മൈക്കിളിനെക്കുറിച്ച് അരവിന്ദൻ ഡയറിയിൽ എഴുതി.

"പ്രിയ സുഹൃത്തേ. ആയിരം പ്രകാശങ്ങളുണ്ടായിട്ടും അതിൽ ഒന്നുമാത്രമാണ് എന്റെ അന്ധകാരത്തെ നീക്കിയതും എന്റെ ഇരുളടഞ്ഞ ജീവിതം പ്രകാശ പൂരിതമാക്കിയതും. എന്റെ മനസ്സിൽ നിന്റെ ഓർമ്മ നിറയുന്നു. വീണ്ടും ഞാൻ തീരാദുഃഖത്തിലേക്ക് വഴുതി വീഴുന്നു. ആരാണ് ഇനി എന്നെ സമാധാനിപ്പിക്കുന്നത്. നിന്റെ സ്വരം ഇപ്പോഴും എന്റെ കാതിൽ മുഴങ്ങുന്നു".

അരവിന്ദന്റെ ജീവിതത്തിനു ആവശ്യമായ സുഹൃത്തിനെയാണ് അവന് ലഭിച്ചത്. ശരിയായ സുഹൃത്ത് ശരിയായ പാതയിൽ നയിക്കും. ഇപ്പോൾ അരവിന്ദൻ അവന്റെ സ്ഥലത്തുള്ള കുട്ടികൾക്കു ട്യൂഷൻ നൽകുകയാണ്. മൈക്കിളിന്റെ ആ വാക്കുകൾ ഇപ്പോഴും അവന്റെ മനസ്സിലുണ്ട്.





യാത്രാവിവരണം

# ഒരു അനന്തപുരി യാത്ര




**ഹൃദ്യ ഹരി**
കളിവീട് ബാലസഭ
**KNR/KNP/XI/B05**
കണ്ണപുരം സി ഡി എസ്
കണ്ണൂർ ജില്ല


ഒരിക്കലും മറക്കാൻ കഴിയാത്തതും തിരിച്ചു കിട്ടാത്തതുമായ വലിയൊരു അനുഭവം തന്നിട്ടാണ് ഈ ഓണക്കാലം കടന്നുപോയത്. ഒട്ടും പ്രതീക്ഷിക്കാതെ വന്നെത്തിയ അനുഭവമായിരുന്നു അത്. കുടുംബശ്രീ ബാലസഭയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് വച്ച് നടന്ന സംസ്ഥാന ബാല പാർലമെന്റിൽ കേരളത്തിൽ നിന്ന് തിരഞ്ഞെടുത്ത 140 കുട്ടികളിൽ ഒരാളാകാൻ എനിക്ക് സാധിച്ചു. സെപ്റ്റംബർ രണ്ടിന് വൈകുന്നേരം ആണ് ഞങ്ങൾ 10 കുട്ടികളും 3 മുതിർന്നവരും കൂടി കണ്ണൂരിൽ നിന്ന് യാത്ര തുടങ്ങിയത്. അപ്രതീക്ഷിതമായ



യാത്രയായതുകൊണ്ടു തന്നെ മുന്നൊരുക്കങ്ങൾ വളരെ വേഗത്തിൽ ചെയ്തുതീർത്തു. വൈകുന്നേരം അഞ്ചു മണിയോടെ ഞങ്ങൾ ട്രാവലറിൽ യാത്രയായി. ഇതിനു മുമ്പ് എല്ലാവരും ഒരു പ്രാവശ്യം മാത്രം കണ്ടതിനാൽ, ആദ്യം പര സ്പരം പരിചയപ്പെടുകയാണുണ്ടായത്. എന്നാൽ യാത്ര ആരംഭിച്ച ശേഷം വളരെ പെട്ടെന്ന് തന്നെ എല്ലാവരും അടുത്ത കൂട്ടുകാരായി,ഒരു കുടുംബമായി മാറി. ആടിയും പാടിയും ഞങ്ങൾ പിറ്റേന്ന് രാവിലെ തിരുവനന്തപുരത്ത് എത്തി. പിന്നെ, സമയം കുറവായതുകൊണ്ട് ഞങ്ങൾ പെട്ടെന്ന് തന്നെ ഒരുങ്ങി നിയമസഭാ മന്ദിരത്തിൽ എത്തിച്ചേർന്നു. ആദ്യം ഞങ്ങൾക്ക് സഭാനടപടികളെ കുറിച്ച് ഒരു ക്ലാസ് ആയിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം ആണ് ഈ യാത്രയിൽ എന്നെ ഏറെ ആകർഷിച്ച സംഭവം നടന്നത്. ഞങ്ങൾക്ക് സഭയ്ക്കുള്ളിൽ കയറാൻ സാധിച്ചു. സ്വപ്നത്തിൽ ആണോ എന്ന് ഞാൻ ഒരു നിമിഷം സംശയിച്ചു പോയി. ഞങ്ങൾ അതിനുള്ളിൽ ഇരുന്നുകൊണ്ടുതന്നെ ഈ സഭയുടെ ചരിത്രവും നിർമ്മാണവും മറ്റും രസകരമായ രീതിയിൽ ഒരു ഉദ്യോഗസ്ഥൻ ക്ലാസ്സ് തന്നു. അന്ന് ഏറെ സന്തോഷിച്ച ഒരു ദിവസം ആയിരുന്നു.

രണ്ടാമത്തെ ദിവസം ഞങ്ങൾ താമസിച്ച മൺവിള എ.സി.എസ്.ടി.ഐയിൽ ആയിരുന്നു പരിശീലനക്ലാസ്സ്. വ്യത്യസ്ത രീതിയിലായിരുന്നു അത് നടന്നത്. അവസാനം തിരഞ്ഞെടുക്കപ്പെട്ട

കവിത

# സ്ത്രീയാണ് ധനം

ലോഹത്തിളക്കങ്ങൾ ഏറിടുമ്പോൾ
രോദനം ബാക്കിയായി മാറിടുമ്പോൾ
സ്നേഹവും സത്യവും മാഞ്ഞിടുമ്പോൾ
സ്ത്രീധന സങ്കല്പമെത്തിടുമ്പോൾ
പെൺമക്കൾ വീടിൻ പടിയിറങ്ങിടവേ
വീടും പറമ്പും പണയമായിടവേ
സ്നേഹത്തിൻ ഭാരം ചുമലിലേറ്റി
ചിരിയോടെ അവളെ പറഞ്ഞയക്കേ
പൂവിൻ സൗരഭ്യം ആസ്വദിക്കാൻ
പൂമരം വെട്ടി തറയിലിട്ടാൽ
പൂവിനെ സ്നേഹിച്ചു എന്നതിൽ എന്തർത്ഥം
പാപിയായി മാറും നീ മാനസത്തിൽ.



**മുഹ്സിന**
കുട്ടിക്കൂട്ടം ബാലസഭ
കുമ്പഡാജെ സി ഡി എസ്
കാസറഗോഡ് ജില്ല



കുട്ടികളിൽ ഒരാളാകാൻ എനിക്ക് സാധിച്ചു. ഞങ്ങൾക്ക് അന്ന് രാത്രി വരെപരിശീല നമുണ്ടായിരുന്നു. ഇതിന്റെ എല്ലാം ശരിയായ പരിപാടി മൂന്നാം ദിവസമാണ് നടന്നത്. ഞങ്ങളെല്ലാവരും അന്ന് രാവിലെ തന്നെ പഴയ നിയമസഭ മന്ദിരത്തിൽ എത്തി. ഞങ്ങൾ എല്ലാവരും അവിടെ കുട്ടി എംപി മാരായിരുന്നു. ഞങ്ങളിൽനിന്ന് തിരഞ്ഞെടുത്തവർ അവിടെ മന്ത്രിമാരായും പ്രതിപക്ഷ നേതാക്കളായും ഇരുന്നു. അവിടെ കുട്ടികൾ തന്നെയാണ് സഭാനടപടികൾ നിയന്ത്രിച്ചത്. ഓരോരുത്തരും അവരവർക്ക് ലഭിച്ച ഇരിപ്പിടത്തിൽ ഇരുന്നു. എനിക്ക് മുൻ മന്ത്രി ശ്രീമതി കെ. ആർ ഗൗരിയമ്മയുടെ ഇരിപ്പിടം ആയിരുന്നു ലഭിച്ചത്. ഏറെ അഭിമാനം തോന്നിയ നിമിഷങ്ങളായിരുന്നു അത്. കൂടാതെ ആദരണീയനായ നമ്മുടെ മുൻ മുഖ്യമന്ത്രി ഇ.കെ നായനാരുടെ ഇരിപ്പിടത്തിൽ ഇരിക്കാനുള്ള ഭാഗ്യവും ലഭിച്ചു. എനിക്കവിടെ കുറച്ച് ചുമതലകൾ ലഭിച്ചിരുന്നു. എല്ലാം കഴിഞ്ഞു ഒരുമിച്ച് ഓണസദ്യ കഴിച്ച ശേഷം പിന്നെ സങ്കടപ്പെടുത്തിയ നിമിഷങ്ങളായിരുന്നു. അവിടെ ഞങ്ങൾ ഓരോരുത്തരും അടുത്ത കൂട്ടുകാരായിരുന്നു. ഉച്ച കഴിഞ്ഞ് ഓരോ ജില്ലക്കാരും മടക്കയാത്രയ്ക്ക് തയ്യാറായി. എനിക്ക് ഏറ്റവുമധികം കൂട്ടുകാർ ഉണ്ടായത് ആലപ്പുഴ ജില്ലയിൽ നിന്നായിരുന്നു. എല്ലാവരോടും സംസാരിച്ച്, യാത്രയാക്കി അവസാനമാണ് ഞങ്ങൾ പുറപ്പെട്ടത്. പിന്നീടുള്ള സമയം തിരുവനന്തപുരം മുഴുവനും കറങ്ങി. ശേഷം റൂമിലെത്തി എല്ലാം പാക്ക് ചെയ്ത് നാട്ടിലേക്ക് തിരിച്ചു. വളരെയധികം സങ്കടമായിരുന്നു അപ്പോൾ. ഇനി അവരെയൊക്കെ കാണുമോ എന്ന് ഒരു ഉറപ്പുമില്ല. പിന്നീട് ഞങ്ങൾ കണ്ണൂരിലേക്ക് യാത്ര തിരിച്ചപ്പോൾ ആദ്യ യാത്രയിൽ അനുഭവപ്പെട്ട പകുതി ദൂരം പോലും തിരിച്ചുവരുമ്പോൾ തോന്നിയില്ല. അവസാനം സ്വന്തം നാട്ടിൽ എത്തിയപ്പോഴേക്കും എല്ലാവരുടെയും മനസ്സ് നിറയാൻ തുടങ്ങി. വിഷമങ്ങൾ അടക്കിപ്പിടിച്ച് ഞാൻ എല്ലാവരോടും യാത്ര പറഞ്ഞ് അച്ഛന്റെ കൂടെ മടങ്ങി. ഒരിക്കലും വിലമതിക്കാനാകാത്ത ഒരുപാട് നല്ല ഓർമ്മകളും സൗഹൃദങ്ങളും ആണ് ഈ യാത്ര എനിക്ക് സമ്മാനിച്ചത്. ഒട്ടും വിചാരിക്കാതെ കൂടപ്പിറപ്പായി മാറിയ അനേകം കൂട്ടുകാരെ ഒരുവട്ടംകൂടി നേരിൽ കാണണമെന്ന ആഗ്രഹമാണ് ഇനിയുള്ളത്...



**അനന്യ പി.**
മലർവാടി ബാലസഭ
കണ്ണൂർ ജില്ല

# പെണ്ണറിവ്

ഇരുട്ട് ഭയമാണ്. ദുരനുഭവങ്ങൾ  ഓരോ രാത്രിയെയും ഭയത്തോടെയല്ലാതെ അഭി മുഖീകരിക്കാനാവില്ല. രാത്രിയിലെ വർക്ക് ഷിഫ്റ്റിനോട്  റൂബിക്ക് പുച്ഛമാണ്. ഇന്ത്യ ഇത്രയേറെ വികസിച്ചിട്ടും ഒരായിരം നക്ഷ ത്രങ്ങളുടെ കൂടെ ഭൂമിയിൽ ഏകയായി നടക്കാൻ സ്ത്രീകൾക്ക് സാധ്യമല്ല എന്നത് ഏറെ പരിതാപകരവും.

രാവേറെ ആയിട്ടും ഓഫീസിലെ ജോലി കഴിയാത്തതിനാൽ അവൾ ആകുലപ്പെട്ടു. ഇനി വൈകിയാൽ ബസ് സർവീസ് ഉണ്ടാകില്ല. രാത്രി വൈകി ഇരിക്കുന്നതിനേക്കാൾ  ഒരു പെണ്ണെന്ന നിലയിൽ തനിക്ക് നല്ലത് പുലർകാലത്ത് വന്നു ജോലികൾ ചെയ്തു തീർക്കുന്നതാണെന്നു  ഉറപ്പിച്ച് കൊണ്ട് റൂബി ഓഫീസിന്റെ പടികളിറങ്ങി.

ഹൊത്തോക് സിറ്റിയിലെ പ്രസിദ്ധമായ കഫേയായ 'ലൈഫ് കഫേ' റൂബി നോക്കുമ്പോൾ അടഞ്ഞുകിടക്കുകയാണ്. രാത്രിയിലെ അവളുടെ കൂട്ട് ലൈഫ് കഫേയിലെ ജീവനക്കാരി മാധുരിയാണ്. റൂബിയ്ക്ക് നൈറ്റ് ഷിഫ്റ്റുള്ള രാത്രികളിൽ മാധുരി വീട്ടിൽ ഏകനായുള്ള മകനെ മറന്നു കണ്ണിമ വെട്ടാതെ അവൾക്കായി കാത്തിരിക്കാറുണ്ട്. രണ്ടുപേരും തമ്മിൽ തിരിച്ചറിയാനാവാത്ത ആത്മബന്ധം ഉണ്ടെന്നത് ആരുടെയൊക്കെയോ മനസ്സിൽ ഉദിക്കുന്ന സംശയമാണ്.

ഇന്നെന്തായാലും മാധുരി ഇല്ല. ഇന്നലെയും കണ്ടില്ല

കുറച്ച്  ദിവസങ്ങൾക്ക് മുൻപ് റൂബിയുടെ ഓഫീസിനടുത്ത ബസ് സ്റ്റോപ്പിൽ ഒരു സ്ത്രീ അക്രമിക്കപെട്ടതായി അവൾ അറിഞ്ഞിരുന്നു. പൊന്നും പണവും കവർന്ന അക്രമികൾ രക്ഷപ്പെട്ടു. അത് മാധുരിയാണെന്ന് ഓഫീസിലെ അടക്കം പറച്ചിൽ അവളുടെ മനസ്സിൽ ഒരു നോവായി മാറി

ഇനി ആലോചിച്ച് നിന്നിട്ട് കാര്യമില്ല. അവൾ വിജനമായ തെരുവിലേക്കിറങ്ങി.

സ്വന്തം കണ്ണിനെ പോലും വിശ്വസിക്കരുത്, ഓരോ മരങ്ങൾക്കിടയിലും ഓരോ



വാഹനങ്ങൾക്ക് പിറകിലും രാക്ഷസ തുല്യമായ കണ്ണുകൾ ഒളിഞ്ഞിരിക്കുന്നുണ്ട്.

എന്ത് വന്നാലും താൻ  ഭയക്കുകയില്ല. നേരിടും. ധൈര്യത്തോടെ നേരിടുമെന്ന് ഒരാവർത്തി കൂടി ചൊല്ലി സ്ട്രീറ്റ് ലൈറ്റിന്റെ അരണ്ട വെളിച്ചത്തിൽ അവൾ നടന്നു.  ആകാശത്ത് നക്ഷത്രങ്ങൾ തന്റെ ഭയ സങ്കോചങ്ങൾ കണ്ടു പരിഹസിക്കുന്നതു പോലെ റൂബിക്ക് തോന്നി. പല സ്ത്രീകളും ആക്രമിക്കപ്പെട്ട രാത്രിനാളിൽ ഈ നക്ഷത്രങ്ങൾ തന്നെയല്ലേ സാക്ഷിയാവേണ്ടി വന്നത് . എത്ര മാത്രം ദുഃഖകരം ....... !

വേഗം നടന്നാൽ ബസ് കിട്ടും. ബസ് സ്റ്റാൻഡിൽ എത്തിയപ്പോഴേക്കും അവസാന ബസ് പുറപ്പെടുവാൻ തുടങ്ങുകയായിരുന്നു.

താൻ ബസ്സിൽ ഓടിക്കയറിയപ്പോഴും കൊത്തി വലിക്കുന്ന നൂറു കണ്ണുകൾ റൂബിക്ക് ചുറ്റും .... അവഗണിച്ചു.

ഹാ ... വീടെത്താറായി. അല്ല എന്താണ് 'ജസ്റ്റ' ഒരൊറ്റ ലൈറ്റുപോലുമിടാതെ ഇരിക്കുന്നത്. കറണ്ടു പോയോ ? ഉള്ളിൽ ഒരായിരം സംശയങ്ങളോടെ റൂബി വാതിൽ തുറന്നു.

അയ്യോ.... ! മോളെ  ............... ജസ്റ്റ....

## യാത്ര വിവരണം

# മൂന്നാറിന്റെ മടിയിൽ



**അമേയ രമേശൻ**
മുകുളം ബാലസഭ
പിലിക്കോട് സി ഡി എസ്
കാസറഗോഡ് ജില്ല

2022 ജൂലായിൽ ഒരു ചെറു മഴയുള്ള രാത്രിയിൽ ഞങ്ങൾ, ഞങ്ങൾ എന്നു പറഞ്ഞാൽ 10 കുടുംബങ്ങൾ ഡെൽറ്റ എന്ന ടൂറിസ്റ്റ് ബസ്സിൽ മൂന്നാറിലേക്ക് യാത്ര തിരിച്ചു. രാത്രി യാത്രയിൽ കുടുംബാംഗങ്ങൾ തമ്മിൽ പരിചയപ്പെട്ടു ആടിയും പാടിയും യാത്ര തുടർന്നു. ഇടയ്ക്കെപ്പോഴോ എല്ലാവരും നല്ല ഉറക്കം രാവിലെ മൂന്നാറിൽ എത്തി. ഒരു ഹോട്ടലിൽ റൂമെടുത്ത് എല്ലാവരും ഫ്രഷ് ആയി. 9 30 ഓടുകൂടി ഞങ്ങൾ കാഴ്ചകൾ കാണാൻ ഇറങ്ങി. നല്ല തണുപ്പും മഴയും ഞങ്ങളുടെ യാത്രയിൽ ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും ഞങ്ങൾ അതൊക്കെ ആസ്വദിച്ചു. തേയില തോട്ടങ്ങൾക്കിടയിലൂടെ വളഞ്ഞ് പുളഞ്ഞ് പോകുന്ന റോഡുകൾ. തേയില തോട്ടം പച്ചപ്പുതപ്പിട്ട് നിൽക്കുന്നതും മലമുകളിലൂടെ ഒഴുകുന്ന വെള്ളച്ചാട്ടങ്ങൾ കരിങ്കൽ പാറകളിൽ തട്ടി ചിതറി തെറിക്കുന്നത് കാണാൻ നല്ല രസം തോന്നി. പിന്നെ ഇരവികുളം നാഷണൽ പാർക്കിലേക്കുള്ള ബസ് യാത്രയ്ക്കിടയിൽ വരയാടുകളെ കണ്ടു. അവിടെ നിന്നും ഉച്ചയോടെ യാത്ര തിരിച്ച് രാമക്കൽ പാറയിൽ എത്തി. അവിടെക്കുള്ള ജീപ്പ് യാത്ര സാഹസികമായിരുന്നു. അവിടെനിന്നും കാറ്റാടി പാടത്തിൽ ഗതി നിയന്ത്രിക്കുന്ന വലിയ കാറ്റാടി യന്ത്രങ്ങൾ ഇതൊക്കെ പുതിയ അനുഭവങ്ങളാണ്. അവിടെ സഞ്ചാരികളുടെ തിരക്കായിരുന്നു. പിന്നെ തേയില ഫാക്ടറിയിലും മുന്തിരി പാടത്തും പോയിരുന്നു. പിറ്റേദിവസം രാവിലെ ഗുരുവായൂരിൽ എത്തി. ഗുരുവായൂരപ്പനെ കണ്ണു നിറയെ കണ്ടു തൊഴുതു. ബസ് യാത്രയിൽ ഞങ്ങൾ ആടിപ്പാടി തിമിർത്തു. മൂന്നാം നാൾ ഞങ്ങൾ കോഴിക്കോട് എത്തി ആദ്യം ബീച്ചിലേക്ക് ആയിരുന്നു കുറച്ചുനേരം അവിടെ ചിലവഴിച്ചു. ആകാശവാണി നിലയം കണ്ടു. ബീച്ചിലെ കാഴ്ചകളിൽ എന്നെ വല്ലാതെ നൊമ്പരപ്പെടുത്തിയ ഒരു സംഭവം ഉണ്ടായി. ബലൂൺ വിൽപ്പനക്കാരി ഒരു സ്ത്രീ തന്റെ കുഞ്ഞിനെയും മാറോട് ചേർത്ത് ബലൂൺ വിൽക്കുന്നു. ആ കുഞ്ഞ് വല്ലാതെ കരയുന്നുണ്ടായിരുന്നു. ഞാൻ അച്ഛനോട് പറഞ്ഞു കുറച്ച് പലഹാരങ്ങൾ വാങ്ങി ആ അമ്മയ്ക്കും കുഞ്ഞിനും കൊടുത്തു. അപ്പോൾ അവരുടെ മുഖത്തെ സന്തോഷം എന്റെ മനസ്സിൽ എന്തെന്നില്ലാത്ത ആനന്ദങ്ങൾ നൽകി.പിന്നെ രാത്രിയിൽ തന്നെ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു. ബസ്സിലെ പാട്ടിന്റെ ഈണത്തിൽ ഞാൻ എപ്പോഴോ ഉറങ്ങി. നാട്ടിലെത്തിയപ്പോൾ അമ്മ എന്നെ വിളിച്ചുണർത്തി. നമ്മുടെ നാടിന്റെ ഗന്ധം ഞാൻ തിരിച്ചറിഞ്ഞു.



# ഗവേഷകനും, പരിസ്ഥിതി പ്രവർത്തകനും, ശിലാ മ്യൂസിയം സ്ഥാപകനുമായ ശിലാ  സന്തോഷുമായുള്ള അഭിമുഖം.



**അഭിമുഖം നടത്തുന്നത്**
**അക്ഷയ് കുമാർ.എസ്, കുഞ്ഞാറ്റ ബാലസഭ**
**കടമ്പനാട് സി.ഡി.എസ്**

■ **താങ്കളുടെ പേര് ശിലാ സന്തോഷ് എന്നാണല്ലോ. ശില എന്ന വാക്ക് പേരിനൊപ്പം ചേർക്കാൻ എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ?**

● സന്തോഷ് എന്നാണ് എന്റെ പേര്. ശില എന്ന പേരുണ്ടായത് ശില ഡിസൈൻ വർക്ക്സ് എന്ന പേരിൽ വർഷങ്ങൾക്ക് മുൻപ് പാറപോലെ തോന്നുന്ന സിമന്റിലുള്ള വർക്ക് ചെയ്യുന്നുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ ശില എന്ന പേരിലാണ് ഡിസൈൻ വർക്കുകൾ അറിയപ്പെട്ടിരുന്നത്. കുറെയധികം ആളുകൾ നമ്മുടെ കൂടെ തന്നെ വർക്ക് ചെയ്യുന്നുണ്ടായിരുന്നു. ആ ഒരു പേരാണ് ശില മ്യൂസിയം എന്നും, ശില ഡിസൈൻ വർക്ക്സ് എന്നും, ശില സന്തോഷ് എന്നും അറിയപ്പെടുന്നത്.

■ **താങ്കൾ സ്വന്തം വീട് തന്നെ മ്യൂസിയം ആക്കിയ ഒരു പ്രതിഭയാണല്ലോ. ഇങ്ങനെ ഒരു രീതി താങ്കൾ സ്വീകരിക്കുവാൻ എന്താണ് കാരണം.?**

● നമ്മൾ പുറത്തുപോയി ആഹാരം കഴിക്കുന്നതും, വീട്ടിൽ പാകം ചെയ്തു കഴിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. രണ്ടുപേർ കൂടി അധികം വന്നാൽ വീട്ടിലുള്ള ഭക്ഷണം കൊടുക്കാൻ സാധിക്കും. ചിലവ് കുറഞ്ഞിരിക്കും. അമ്മയും അച്ഛനും ഭാര്യയും മക്കളും ചേർന്ന് പ്രതിഫലം വാങ്ങാതെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. ഫീസ് വാങ്ങാതെ മ്യൂസിയം മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ വളരെയധികം കഷ്ടപ്പെടണം. പുറത്തുനിന്ന് ഒരാളെ വിളിച്ചാൽ നമുക്ക് അവർക്ക് പേയ്മെന്റ് കൊടുക്കേണ്ടതായി വരും. വീടാകുമ്പോൾ നമുക്ക് പ്രത്യേകമായി ഓഫീസ് വേണ്ട, വേറെ ബിൽഡിംഗ് വേണ്ട, ഓഫീസിന് പ്രത്യേകമായി കറണ്ട് ചാർജ് വേണ്ട, ഒരു സ്ഥലം വേണ്ട. വീട്ടിലാകുമ്പോൾ നമുക്ക് നോക്കാനുള്ള സാധ്യത കൂടുതൽ ലഭിക്കും. അതുകൊണ്ടാണ് വീട് തന്നെ മ്യൂസിയം ആക്കിയത്.

■ **പുരാവസ്തുക്കളുടെ ഒരു വൻ ശേഖരം തന്നെ താങ്കളുടെ പക്കൽ ഉണ്ടല്ലോ. ഇത്തരത്തിൽ പുരാവസ്തുക്കൾ ശേഖരിച്ച് സംരക്ഷിക്കുവാനുള്ള താല്പര്യം എങ്ങനെയാണ് ഉണ്ടായത്. അതേപ്പറ്റി ഒന്നു വിശദമാക്കാമോ?**

● നമ്മുടെ എല്ലാവരുടെയും ഉള്ളിൽ പഴമയുണ്ട്. പഴമയോടുള്ള ഇഷ്ടങ്ങൾ കൂടുന്നത് ഈ പഴയ സാധനങ്ങൾ കാണുമ്പോഴാണ്. അതിൽ രണ്ടു കാര്യങ്ങൾ ഉണ്ട്.

ഒന്ന് പഴമയുള്ള സാധനങ്ങൾ കാണുമ്പോൾ കിട്ടുന്ന ഒരു സുഖം പഴമയെ സ്നേഹിക്കുന്നവർക്കുണ്ടാകും. രണ്ടാമത്തെ കാര്യം ഒരു പഠനമാണ്. ഗാന്ധിജി മരിച്ച വാർത്തയുള്ള ഒരു പത്രം ലഭിച്ചപ്പോൾ അതിൽ നിന്ന് ഗാന്ധിജിയെ കുറിച്ചുള്ള ഒരു ചരിത്രം തന്നെ ലഭിച്ചു. അതുപോലെ ഹിറ്റ്ലർ മരിച്ചവാർത്ത ലഭിച്ചപ്പോൾ അതിൽ നിന്ന് ഹിറ്റ്ലറിനെ കുറിച്ചുള്ള ചരിത്രം ലഭിച്ചു. പഴയ ഒരു നിലംതല്ലി നമുക്ക് ലഭിച്ചപ്പോൾ നമ്മുടെ കയ്യാല ഇടിക്കാനുള്ള ഒരു സാധനം ആണെന്ന് നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞു. അതേക്കുറിച്ച് ഒരു പഠനം ഉണ്ടായി. വാളുകൾ പഴയ കത്തികൾ അങ്ങനെ പല സാധനങ്ങളും നമുക്ക് ലഭിച്ചു. ഇതൊക്കെ നമുക്ക് ഒരു പഠനവും കൗതുകവുമാണ്. പഴമയിലേക്ക് തിരിച്ചു പോകാൻ പറ്റുന്ന സുഖം. അതാണ് എന്നെ ഈ പഴമയിലേക്ക് എത്തിച്ചത്.

■ **പഴയകാല പത്രങ്ങളുടെയും, കാർട്ടൂണുകളുടെയും ഒരു വൻ ശേഖരം തന്നെ താങ്കളുടെ കൈവശമുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. ഇതൊക്കെ ശേഖരിക്കുവാനും കണ്ടെത്തുവാനും താങ്കൾക്ക് എങ്ങനെയാണ് കഴിഞ്ഞിട്ടുള്ളത്. ഇത്തരത്തിൽ കളക്ഷൻ ആഗ്രഹിക്കുന്നവർക്കായി അതേപ്പറ്റി ഒന്നു വിശദീകരിക്കാമോ?**

● തീർച്ചയായും പറഞ്ഞുകൊടുക്കാം. പുതിയ തലമുറയിലുള്ള കുട്ടികൾ എല്ലാം ഇങ്ങനെ ശേഖരിക്കാൻ ശ്രമിക്കണം. കാരണം നമ്മുടെ ഒരു നാണയം ആയാലും, സ്റ്റാമ്പ് ആയാലും, പത്രങ്ങൾ ആയാലും, കാർട്ടൂണുകൾ ആയാലും, പുരാവസ്തുക്കൾ ആയാലും വലിയ അറിവുകൾ ആണ്. ഇവ ശേഖരിക്കാൻ താല്പര്യമുള്ള കുട്ടികൾ ഉണ്ടെങ്കിൽ തീർച്ചയായും എന്നെ വിളിക്കാം. ഇത് ശേഖരിക്കാനുള്ള ക്ലബ്ബുകൾ കേരളത്തിലും കേരളത്തിനു പുറത്തും ഉണ്ട്. അവിടെ നിന്ന് തന്നെ ഇത് ശേഖരിക്കുവാൻ കഴിയും.

■ പച്ചമരുന്നുകളോട് താങ്കൾക്ക് ഏറെ ഇഷ്ടമാണെന്ന് കേട്ടിട്ടുണ്ട്. കേട്ട് കേൾവി മാത്രമുള്ള അമൂല്യങ്ങളായ ഔഷധങ്ങളുടെ ഒരു കലവറ കൂടിയാണല്ലോ താങ്കളുടെ വീട്. ഇതൊക്കെ കണ്ടെത്തി ശേഖരിച്ചു വരുന്നതിന്റെ ലക്ഷ്യം എന്താണ്?

● ശരിക്കും പുതിയ തലമുറയിൽ ഉള്ളതും പഴയ തലമുറയിൽ ഉള്ളതും ആയവർക്ക് ഈ ചെടികളെ കുറിച്ച് അറിയില്ല. നമുക്ക് ഒരു തലവേദന വന്നാൽ എന്ത് ചെയ്യണം, ഒരു വയറുവേദന വന്നാൽ എന്തു ചെയ്യണം, ഒരു പഴുതാര കടിച്ചാൽ എന്ത് ചെയ്യണം, ഒരു ചെറിയ കടന്നൽ കുത്തിയാൽ എന്ത് ചെയ്യണം എന്ന് അറിയില്ല. ഇങ്ങനെയുള്ള ചെടികൾ നട്ടുവളർത്തിയാൽ വീട്ടിൽ നല്ല ഓക്സിജൻ ലഭിക്കും. പുതിയ തലമുറയ്ക്ക് ഇതിന്റെ ഗുണങ്ങളെ കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. അതൊക്കെ പറഞ്ഞ് മനസ്സിലാക്കാൻ വേണ്ടിയാണ് ശിലാമ്യൂസിയത്തിൽ ഇങ്ങനെ അപൂർവങ്ങളിൽ അപൂർവ്വങ്ങളായ 1300 ൽ കൂടുതൽ പച്ചമരുന്നായിട്ടുള്ള ചെടികൾ വച്ച് പിടിപ്പിച്ചിട്ടുള്ളത്.

■ **മൃണ്മയം എന്ന പേരിൽ ലോകത്ത് ആദ്യമായി തന്നെ ഒരു മരുന്ന് വീട് ഉണ്ടാക്കിയ വ്യക്തിയാണല്ലോ താങ്കൾ. എന്താണ് ഇത്തരത്തിൽ ഒരു നവീന ആശയത്തിലേക്ക് താങ്കളെ നയിച്ചത്. അതിനുള്ള പ്രചോദനം എന്തായിരുന്നു.?**

● പ്രകൃതിക്ക് ദോഷമില്ലാത്തതും, കുറെ വർഷം ഈട് നിൽക്കുകയും ചെയ്യുന്ന മൺവീടുകൾ പഴയകാലത്ത് ഉണ്ടായിരുന്നു. സൂര്യപ്രകാശം അടിച്ചാൽ തിരിച്ച് ഇരട്ടിയായിട്ട് അതിനു ചൂട് വർധിക്കില്ല. മൺവീടുകളിൽ കിടന്നാൽ എനർജി ഉണ്ടാകും. മരുന്നു കൂടി ചേർത്ത് ചെയ്യുമ്പോൾ നല്ല ഗന്ധവും എനർജിയും കിട്ടും. AC-യും, ഫാനും ഇല്ലാതെ തന്നെ ജീവിക്കാൻ സാധിക്കും. ശരീരത്തിലെ ഊർജത്തെ വലിച്ചെടുക്കുന്നില്ല. ഇത്തരത്തിലുള്ള വീട്ടിൽ താമസിക്കുമ്പോൾ നമ്മൾക്ക് പകുതി അസുഖങ്ങൾ കുറയും. അതാണ് ഈ വീടിന്റെ ഏറ്റവും വലിയ ലക്ഷ്യം. എട്ടോളം മരുന്നു വീടുകൾ പല സ്ഥലങ്ങളിലായി ചെയ്തു. ഇപ്പോൾ ലാലേട്ടന് ( മോഹൻലാൽ ) മരുന്ന് വീട് ചെയ്തുകൊണ്ടിരിക്കുന്നു. ദുബായിലും, തായ്‌ലാൻഡിലും ഇതുപോലെ രണ്ടു വീട് പണിഞ്ഞു കൊടുത്തു. അതൊരു വലിയ സന്തോഷമാണ്. ഈ ആശയം വിജയത്തിലേക്ക് തന്നെ മുന്നോട്ടു പോകുന്നു.

# തക്കാളിയും കാന്താരിയും

**വൈഗ സൂരേഷ്**
സൗഭാഗ്യ ബാലസഭ
ഏഴംകുളം
പത്തനംതിട്ട ജില്ല



"നിന്നെയാണോ അതോ എന്നെയാണോ എല്ലാവർക്കും ഇഷ്ടം?"
ഒരു ദിവസം തൊടിയിലെ കാന്താരി തക്കാളിയോട് ചോദിച്ചു.


"സംശയമെന്താ എന്നെതന്നെ തക്കാളി ഗമയിൽ പറഞ്ഞു."

അല്ല എന്നെയാണ്. കറിയിൽ എരിവിന് ഞാൻ വേണം".

തക്കാളി പറഞ്ഞത് ഇഷ്ടമാകാതെ കാന്താരി.
"നിന്റെ കടുപ്പം കുറയ്ക്കാനും കറികൾക്ക് രുചി കൂട്ടാനും

മറ്റും ഞാൻ വേണം"

തക്കാളി വിട്ടു കൊടുക്കാൻ തയ്യാറായില്ല.
അങ്ങനെ അവർ തമ്മിൽ മുട്ടൻ വഴക്കായി.
**"ഒന്നു നിർത്തു.... അപ്പോൾ അവിടെ ഉണ്ടായിരുന്ന മുരിങ്ങ പറഞ്ഞു:
ഓരോരുത്തർക്കും ഓരോ ധർമ്മവും കഴിവുമുണ്ട്.
ആരും ആർക്കും മുകളിലല്ല.
തക്കാളി ചീഞ്ഞാൽ അതാരും ഉപയോഗിക്കില്ല.
കാന്താരിയും അതുപോലെ തന്നെ. ഈ ഞാനും
ഒരു സമയം കഴിഞ്ഞാൽ ഉണങ്ങി വീഴും"**
മുരിങ്ങ പറഞ്ഞത് ശരിയാണെന്ന് തക്കാളിയും കാന്താരിയും
തിരിച്ചറിഞ്ഞു. പിന്നീട് ഒരിക്കലും അവർ തമ്മിൽ വഴക്ക് കൂടിയിട്ടില്ല.



■ **ഇതിനെല്ലാം പുറമെ മറ്റെന്തെല്ലാം കാര്യങ്ങളാണ് താങ്കൾ ചെയ്തു വരുന്നത്. ഇനിയും എന്തെല്ലാം പുതിയ കാര്യങ്ങൾ ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്?**

● പുതുതായി ഉള്ള ഏറ്റവും വലിയ ലക്ഷ്യം ശിലാമ്യൂസിയം എന്ന സബ്ജക്ട് വിട്ട് മ്യൂസിയം എന്നു പറയുന്നതിനപ്പുറം നമ്മളുടെ വീട്ടിൽ വരുന്ന ആൾക്കാരെ നമ്മുടെ കൂടെയുള്ള ആൾക്കാർ ആണെന്ന് കരുതണം. പലരും വന്നു ചോദിക്കുന്നു വീട് എന്തിനാണ് ചവിട്ടി തേക്കാൻ കൊടുക്കുന്നത് എന്ന്. അവർ നമ്മുടെ സഹോദരങ്ങൾ ആണെന്ന് വിചാരിച്ചാൽ തീരാവുന്ന കാര്യമേയുള്ളൂ. ചെടികളെ സംരക്ഷിച്ചുകൊണ്ട്, പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള കാര്യം, ഓക്സിജൻ ഉണ്ടാക്കുക,നല്ല പ്രകൃതി ആക്കുക. ഇനി പുതിയതായി ചെയ്യാൻ പോകുന്നത് പത്തേക്കർ സ്ഥലത്ത് രണ്ടായിരത്തിൽ കൂടുതൽ വെറൈറ്റി മരങ്ങളുള്ള നല്ല ഓക്സിജൻ കിട്ടുന്ന ഒരു വനം ആണ്. അതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ലക്ഷ്യം.

■ **താങ്കളുടെ കുടുംബത്തെ കൂടി ഒന്നു പരിചയപ്പെടുത്താമോ?**

- അച്ഛൻ, അമ്മ, ഭാര്യ, രണ്ടു മക്കൾ
- അച്ഛന്റെ പേര് ശശിധരൻ ആചാരി
- അമ്മയുടെ പേര് ഗീത
- ഭാര്യ സന്ധ്യ
- മക്കൾ അതുല്യ സന്തോഷ്, എട്ടാം ക്ലാസ്,
- അർപ്പിത സന്തോഷ് നാലാം ക്ലാസ്

അവരെല്ലാവരും കൂടിയാണ് ഈ മ്യൂസിയം നന്നായി മുന്നോട്ടു കൊണ്ടുപോകുന്നത്. ചെടികൾക്ക് വെള്ളം ഒഴിക്കുന്നതും, മ്യൂസിയം സന്ദർശിക്കാൻ വരുന്ന ആൾക്കാർക്ക് എല്ലാ കാര്യങ്ങളും പരിചയപ്പെടുത്തി കൊടുക്കുന്നതും അവരാണ്. കൂട്ടായ്മയുടെ ഒരു ഫലമാണ് ശിലാ മ്യൂസിയം.

ഇനിയും ജനോപകാരപ്രദമായ അനവധി കാര്യങ്ങൾ ചെയ്യുവാൻ താങ്കൾക്ക് കഴിയട്ടെ. എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

നന്ദി, നമസ്കാരം

കഥ

# സംഗീതമീ ജീവിതം



വിദ്യാലയത്തിൽ പുതുതായി വന്നുചേർന്ന കുട്ടിയാണ് അമൽ ക്ലാസ്സിൽ ദു:ഖിതനായി ഇരിക്കുന്നത് കണ്ടാണ് ടീച്ചർ അവനെ കൂടുതലായി ശ്രദ്ധിച്ചത്. ടീച്ചർ അമലിനെ അരികിലേക്ക് വിളിച്ചു. അവൻ ജീവിതത്തിലെ സങ്കടകെട്ടുകൾ ടീച്ചർക്ക് മുന്നിൽ ഇറക്കിവെച്ചു. ഇല്ലായ്മകൾകൊണ്ട് ഇളം പ്രായത്തിൽ കുടുംബഭാരം പേറേണ്ടിവന്ന കുട്ടി. പുതിയ വിദ്യാലയത്തിലാകട്ടെ അവനെ മനസ്സിലാക്കുന്ന, തുണയാകുന്നതുമായ കൂട്ടുകാരെ കിട്ടിയതുമില്ല. ക്ലാസ്സിന്ശേഷം ടീച്ചർ അമലിനെ സ്റ്റാഫ്റൂമിലേക്ക് കൂട്ടിക്കൊണ്ടുപോയി.

സ്റ്റാഫ്റൂമിൽ ആളനക്കമില്ല. കസേരകളെല്ലാം ഒഴിഞ്ഞുകിടക്കുന്നു. സ്റ്റാഫ്റൂമിന്റെ ഒരു മൂലയിൽ ഒതുക്കിവെച്ചിരുന്ന സംഗീതോപകരണത്തിനടുത്തേക്ക് ടീച്ചർഅവനെ കൊണ്ടുപോയി. അവൻ അതിലെ കറുപ്പും വെളുപ്പും കട്ടകൾ കൗതുകത്തോടെ നോക്കി നിന്നു. സംഗീതം ഇഷ്ടമാണെങ്കിലും ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള അറിവൊന്നും അവനില്ലായിരുന്നു.

അമലിന് ഉപകരണത്തിൽ സ്പർശിക്കാനാഗ്രഹമുണ്ടായി. ഉപകരണത്തിലെ കീ ഉപയോഗിക്കാൻ ടീച്ചൽ അമലിന് അനുവാദം നൽകി. അവൻ അതിന്റെ വെളുത്ത കട്ടയിൽ വിരൽ ഒന്നമർത്തി. ഒരു വലിയ ശബ്ദം പുറത്തേക്ക് വന്നു. കേൾക്കാൻ വലിയ ഇമ്പമൊന്നും അവന് തോന്നിയില്ല. അവൻ വിരലമർത്തി. അപ്പോഴും വന്നത് അപശ്രുതിതന്നെ. വെളുത്തതും കറുത്തതുമായ കട്ടകൾ മാറിമാറി അമർത്താൻ ടീച്ചർ പറഞ്ഞു. അവനത് പരീക്ഷിച്ചു. കേൾക്കാനിമ്പമുള്ള സംഗീതം ഒഴുകിവന്നു. അവനത് തുടർന്നുകൊണ്ടിരുന്നു.

സ്വരങ്ങൾ സംഗീതമായി പിറവിയെടുത്തു. കൂടുതൽ മനോഹരമായ ഈണങ്ങൾ അന്തരീക്ഷത്തിലുയർന്നു. അവന്റെ മുഖത്ത് ആത്മവിശ്വാസം പടർന്നു. സന്തോഷം ചുണ്ടുകളിൽ വിരിഞ്ഞു. മോനേ, കറുപ്പും വെള്ളയും പോലെ നല്ലതും ചീത്തയുമായ അനുഭവങ്ങൾ ജീവിതത്തിലുണ്ടാകും. ഇവ ചേരുമ്പോഴാണ് ജീവിതം പൂർണ്ണമാകുന്നത്. നാമത് ആത്മവിശ്വാസത്തോടെ നേരിടുമ്പോൾ ജീവിതം സന്തോഷം നിറഞ്ഞതാകും. കേൾക്കാൻ കൊതിക്കുന്ന നല്ല സംഗീതംപോലെ. അമൽ സന്തോഷത്തോടെ ക്ലാസ്സിലേക്ക് നടന്നു.



# THE BLOOMING NATURE AND THE SHOWING RAIN

**Anitta P. Sijo**
Bala Saba – Pumbatta
Eranakulam District

The nature is my best Friend
Enjoying the rain is my trend.
Nature talks to the rain
and I stand like a rain
when its rainy
The natures beauty gets shiny

When I looks to the sky and opens my mouth,
The rain fall like a hail.
When it falls to my eye, suddenly I wail
at once the rain disappeared slowly and slowly
and I sat in the damp sand slowly and lonely.

I raise my eyes to the sky
I thak its time to say to the rain, bye !
all of a sudden, something fail
into my eye.

I feel it as jell and I see it as tall
Mealy, the rain showers on me
And the droplets of rain lay down
on the lefage of shrubs
and on the lefage of shrubs.

I look eagesly to the leaves, hanging droplets of rain
When I grain the leaves, I thought will they rain
and I sploshad the droplet, to my face.

When I splash to my face.  My mind get peace.
And when the harsh thunder occur,
the calm wind concur.
I was whipped by the calm wind of nature
and I was talking to the nature.
I saw the face of the nature,
blooming like a flower

When the droplets of rain showers
On me, like the nature my face was glowing
If there is no trees
there is no breeze

And if there is no rain
there is not nature.
If there is no nature…..
there is no earth.



## അനുഭവകുറിപ്പ്



**നിവേദിത വിനോദ്**
ബാലസഭ : ചെഞ്ജീര
സി ഡി എസ് : ചിറ്റാരിപ്പറമ്പ
കണ്ണൂർ ജില്ല

# പെണ്ണ്

ഒരു ദിവസം സ്കൂൾ കഴിഞ്ഞു ഞങ്ങൾ എല്ലാവരും നടന്നു വരികയായിരുന്നു. നടന്നു നടന്നു ഞങ്ങൾ ഒരു ഇടവഴിയിലെത്തി. ഇടവഴിയിൽ ഒരു മാവ്, കാറ്റത്താടിക്കളി ക്കുന്ന മൂവാണ്ടൻ മാങ്ങകൾ.. മാങ്ങ കണ്ടതും ബഷീറിന്റെ വായിൽ വെള്ളമൂറി. നബീസയും നസീമയും ഇത് കണ്ട് ചിരിച്ചു. ഞാൻ ഒരു കല്ലെടുത്തു മാങ്ങക്ക് ഒറ്റ എറ്. പഴുത്ത മൂവാണ്ടൻ മാങ്ങകൾ വീണതെ കണ്ടുള്ളു. പഞ്ചസാര കണ്ട ഉറുമ്പിൻകൂട്ടത്തെ പോലെ പൊതിഞ്ഞിരുന്നു അവർ. മാനത്തു കാർമേഘം ഇരുണ്ടു, ആരും അത് ശ്രദ്ധിച്ചില്ല മാങ്ങകൾ എല്ലാരും എറിഞ്ഞു വീഴ്ത്തി ആർത്തിയോടെ കഴിക്കുന്ന തിരക്കിലായിരുന്നു. കൈകളിൽ അതിന്റെ നീര് ഒലിച്ചിറങ്ങുമ്പോൾ സുബൈദ് അത് നക്കി.. ഇലകൾക്കിടയിലൂടെ ഒരു മഴതുള്ളി നസീമയുടെ തട്ടത്തിലേക്കുറ്റി.

''അള്ളാ മഴ ഉമ്മ അന്നെ കൊല്ലും'' നസീമ ചീറി പാഞ്ഞു ഒപ്പം നബീസുവും.. അബദ്ധത്തിൽ ബാഗ് എടുക്കാൻ നബീസു മറന്നു.'

''ഇന്നവക്ക് ഉപ്പാന്റെ കയ്യിന്നു തല്ലുറപ്പാ''സമീർ പറഞ്ഞു. ''ബാഗ് കൊണ്ടാടുത്താലോ''

''ഡാ മാങ്ങാ തിന്നിട്ട് പോക''. ''ഉയ്യെന്റെ ദൈവമേ ബാഗ് കൊണ്ടോടുക്കാണ്ട് എങ്ങനാ പോകുവാ'' 'ശശി പറഞ്ഞു. വാഴയിലയും പറിച്ചവർ ഓടി. ബഷീർ മാങ്ങാ വിട്ടില്ല.. ''എന്നാ തീറ്റപണ്ടാരാ മാങ്ങാ വിട്ടില്ലേ''. ശശി അവിടെ നിന്നു. ''ഇഞ്ഞിയെന്നാടാ ആടെ നിന്നിനി മഴ കാണുന്നില്ലേ നിന്റടുക്കെയാ ബാഗ്'' ''സാരില്ല നിങ്ങൾ പൊയ്ക്കോ ബാഗ് ഞാൻ നനക്കാണ്ട് കൊണ്ടോടുത്തോളാ..'' മഴ നനയാൻ എന്നാ രസം, പനി പിടിച്ചു കിടക്കുമ്പോ രസം കുടിച്ച് നീ രസം മാറ്റിക്കോ.. ''ഇങ്ങൾ പൊക്കോ മഴയെ പ്രണയിക്കണം അതനുഭവിക്കണം എന്നാലേ



ജീവിക്കാൻ രസള്ളു'' . വാ എന്നാ മഴ കൊള്ളാം ചമ്മിയ ഭാവത്തിൽ ബഷീർ പറഞ്ഞു.

''പനി വരൂലേ മോന്'' ചിരിച്ചു കൊണ്ട് ഭാനു പറഞ്ഞു.. ചിരിച്ചു കളിച് 7 മണിയായി, എടാ 7 മണിയായി പോകണ്ടേ, പിന്നെ പോകണ്ടേ വാ..നബീസയുടെ വീടിന്റെ വേലിക്കരിക എത്തീതും ഒരു ശബ്ദം കേട്ടു.. നീ ഒരു പെണ്ണല്ലേ നബീസ, നിന്റെ ലോകം ഈ വീടായാൽ മതി.. ' ഉമ്മാ ഞമ്മക്കും....... ' എന്ന് പറയുമ്പോഴേക്കും ഉപ്പ കുറെ തല്ലി. ആ രാത്രി അവൾ എന്തൊക്കെയോ മനസ്സിലുറപ്പിച്ചു കരഞ്ഞു തളർന്നുറങ്ങിയിട്ടുണ്ടാകും....... ഒരു മാറ്റത്തിന്റെ വെളിച്ചം നമ്മടെ സമൂഹത്തിലും എത്തുമെന്ന പ്രതീക്ഷയോടെ.......

# വർണ്ണ വിസ്മയം

പൂക്കൾക്കിടയിൽ പാറി നടക്കും
ചിത്രശലഭം നീ.....
പൂന്തോട്ടമെങ്ങും പകർന്നുതരുന്നു.
വർണ്ണ പകിട്ട് നീ...
പൂവുകൾതോറും തേൻ കുടിക്കാൻ
പാറി നടക്കും നീ....
വഴികൾ മുഴുവൻ വർണ്ണം പകർത്തി
എങ്ങു പോകുന്നു നീ..
ആദ്യം നിന്നെ കാണും നാളിൽ
പുഴുവായി കൂട്ടിലുറങ്ങീ നീ..
പിന്നീടൊരുനാൾ കാണും നേരം
വർണ്ണവിസ്മയമായീ  നീ..
പൂന്തോട്ടമെങ്ങും പാറി പറക്കും
ചിത്രശലഭമായി വരവായി...



**ലിജിത. ജി**
ബാലസഭ
ഗോൾഡൻസ്റ്റാർസ്
സി.ഡി.എസ്സ്  :
കൊഴിഞ്ഞാമ്പാറ





**ശ്രീശരത്ത്**
**നിലാവ് ബാലസഭ**
**ചെമ്മനാട്സി ഡി എസ്**
**കാസറഗോഡ് ജില്ല**

# പൂവ്

പച്ചിലക്കാടിൻ നടുക്കതായി
വ്യത്യസ്തനായ നീ നിന്നിരുന്നു.
ഇതളാകെയങ്ങ് ജലകണങ്ങളാൽ
വൈരം കണക്കാവേ മിന്നി നിന്നു
മാറിലെ ചന്ദന പൊട്ടതാണേൽ
മാടി വിളിപ്പതാ വണ്ടുകളെ
ഇളംകാറ്റിൻ കൈകളാലെ
പച്ചില തൊട്ടു തലോടി നിന്നു.
രാവിലെ മാനത്തുദിച്ച മാരൻ
ഒട്ടൊന്നസൂയയോടെത്തി നോക്കി.
രാവിന്റെ തോഴനാം പൊന്നമ്പിളി
പുലരാൻ വരെയും പ്രഭ ചൊരിഞ്ഞു.





**സോന എം.**
ഓലഞ്ഞാലി ബാലസഭ
ചെമ്മനാട്സി ഡി എസ്
കാസറഗോഡ് ജില്ല

കഥ

# ആകാശ ചില്ല തേടി

തകർന്ന കൂടിന് മുകളിലൂടെ കറുക വാലനും കരിനീലിയും ഒരു വട്ടം കൂടി പറന്നു. പച്ച മരത്തിന്റെ ചുവന്ന ഇലകളിൽ തിളങ്ങുന്ന കണ്ണുനീർ തുള്ളികൾ പോലെ ഞെട്ടറ്റു കിടക്കുന്ന കറുമ്പനും, ചെമ്പനും, കാകത്തിയും.

'വയ്യ എനിക്ക് ഇനിയും ആ കാഴ്ച കാണാൻ. എത്ര നാളത്തെ കത്തിരിപ്പിനൊടുവിലാണ് കറുക വാലന് അവൻ പിറന്നത്'. കരച്ചിലടക്കികൊണ്ട് കരിനീലി പറഞ്ഞു.

' ഇനി എവിടെയാണ് കൂട് വെക്കുക. ആകാശത്തിന്റെ ചില്ലയിലോ' കറുക വാലന് ഉത്തരമില്ലായിരുന്നു. കാട് നമ്മുടേതല്ലാതായിരിക്കുന്നു. മരങ്ങൾ നമ്മുടേതല്ലാതായിരിക്കുന്നു. എന്തിന് ചില്ലകൾ പോലും നമ്മുടേതല്ല. എങ്ങനെയാണ് ഞാനിവളെ ആശ്വസിപ്പിക്കേണ്ടത്? ആ മരത്തിൽ കൂട് വെക്കുമ്പോൾ ആരുടേയും കയ്യെത്താത്ത ദൂരത്താണെന്നു അവൻ അഭിമാനിച്ചിരുന്നു. കമ്പുകളും ഇലകളും തുന്നിചേർത്ത മനോഹരമായ കൂടിനെ കുയിലമ്മ അസൂയയോടെ നോക്കുന്നത് അവർ കണ്ടിരുന്നു. കുറുമ്പനോട് കുയിലമ്മയ്ക്ക് ഒരു പ്രത്യേക സ്നേഹമുണ്ടായിരുന്നു. കൂട്ടത്തിൽ അവനായിരുന്നല്ലോ വികൃതിക്കാരൻ. തങ്ങൾ തീറ്റ തേടിയെത്തുന്നത് വരെ അവൻ ശബ്ദമുണ്ടാക്കി കൊണ്ടിരിക്കും. 'കരയാതിരിക്കു കരിനീലി' കുറുമ്പന്റെ ശബ്ദംപോലേ മധുരമായൊരു ശബ്ദം. കരിനീലി ഉറക്കത്തിൽ നിന്നെന്നപോലെ ഞെട്ടി എഴുന്നേറ്റു. മുന്നിലേഷണിക്കാരി കുയിലമ്മ. അവൾക്ക് ദേഷ്യം ഇരച്ചു കയറുന്നതു പോലേ തോന്നി. കറുകവാലൻ ആകാശത്തെ ചില്ല ലക്ഷ്യമാക്കി പറന്നു. താഴെ വിസ്തൃതമായ റോഡിലൂടെ വാഹനങ്ങൾ ചീറി പാഞ്ഞു. അവിടെ മരത്തിന് ഇടമുണ്ടായിരുന്നില്ല. കിളികൾക്ക് ഇടമുണ്ടായിരുന്നില്ല.

'ആകാശത്തിന്റെ ചില്ല തേടി ഇനിയും ഏറെ ദൂരം പറക്കണോ കറുകവാല'

കരിനീലി തളർന്ന കണ്ണുകളുമായി അവനെ അനുഗമിച്ചു. മണ്ണുമാന്തി യന്ത്രത്തിന്റെ വിടർന്ന ചില്ലയിൽ തളർന്നു മയങ്ങുന്ന മൂന്നു ജീവനുകൾ മാത്രമേ അവൾക്ക് കാണാനായിട്ടുള്ളു. കാടും മരങ്ങളും ഇലകളും പച്ചപ്പും കിളികളും ഉള്ള ലോകത്തേക്ക് അവൾ പിന്നെയും ഏറെ ദൂരം പറന്നു. പക്ഷെ എത്ര പറന്നിട്ടും കറുക വാലാന് ഒപ്പമെത്താൻ കരി നീലിക്കായില്ല.





**V S കൃഷ്ണ**
വേനൽത്തുമ്പികൾ
പാലമേൽ CDS
ആലപ്പുഴ

## യാത്രാവിവരണം

# സ്വപ്നസഞ്ചാരം

ഞങ്ങൾ മൂന്നു പേരും ഒരു യാത്ര പോകുകയാണ്. ലോക്ഡൗൺ കാലമല്ലേ. മാമന്റെ വീട്ടിലാണ് പോകുന്നത്. വാഹനങ്ങളൊന്നുമില്ല. ഒരു വയൽ കടന്നാണ് പോകുന്നത്. ലോക് ഡൗൺ കാലത്തിനു മുമ്പേ അതിലെ പോകാൻ പറ്റില്ലായിരുന്നു. മാലിന്യങ്ങളുടെ കൂമ്പാരം തന്നെ അവിടെ ഉണ്ടായിരുന്നു. അവിടെമാകെ ദുർഗന്ധം ആയിരുന്നു. പക്ഷെ ഇപ്പോൾ ഒന്നും തന്നെ ഇല്ല. സുന്ദരമായ പ്രകൃതി. വയലിലെ വെള്ളം കണ്ണീർ പോലെ തെളിഞ്ഞു കിടക്കുന്നു.വയലിനടുത്താണ് മഹാദേവന്റെയും മഹാവിഷ്ണുവിന്റെയും ക്ഷേത്രം. (തിരുമണിമംഗലം ശ്രീ മഹാദേവ ക്ഷേത്രം) അമ്പലവും, അമ്പലക്കുളവും, കുളത്തിൽ വിരിഞ്ഞു നിൽക്കുന്ന താമരയും, തോട്ടിൽ തുള്ളിക്കളിക്കുന്ന മീനുകളും, പള്ളിയും എല്ലാം മനോഹരം തന്നെ. മാലിന്യങ്ങളൊന്നും കളയാൻ പറ്റാത്തതിലാണ് ഈ മാന്ത്രികം.

ഞാനും അനുജനും അമ്മയോട് ഓരോ സംശയങ്ങളും ചോദിച്ച് നടക്കുമ്പോഴാണ് വയലിൽ വിളഞ്ഞ് തലകുത്തിക്കിടക്കുന്ന നെൽക്കതിർ കണ്ടത്. കുറേ ആളുകൾ കരയ്ക്കടുത്തുനിന്ന് കൊയ്യുന്നു.വയലിന്റെ നടുക്ക് മെഷീനാണ് കൊയ്യുന്നത്.അനുജൻ അമ്മയോടു ചോദിച്ചു നടുക്ക് മെഷീനാണോ കൊയ്യുന്നത്. അതെന്താ? അമ്മ പറഞ്ഞു, ഇപ്പോൾ കൊയ്യാൻ ആളുകളൊന്നുമില്ല. പണ്ടൊക്കെ ആളുകളാണ് കൊയ്യുന്നത്. കാലം മാറിയില്ലേ. മെഷീൻ വെച്ച് കരയിൽ കൊയ്യാൻ പറ്റില്ല. അതിനാൽ ആളുകൾ കൊയ്യുന്നു.അതു മാത്രമല്ല വേഗം പണി ചെയ്തു തീർക്കാം. അങ്ങനെ നടന്നപ്പോൾ ഫൈബർ വള്ളത്തിൽ മീൻ പിടിക്കാൻ വന്നവർ വലയെറിയുന്നു. കുറേ കുട്ടികൾ വെള്ളത്തിൽ നീന്തി കളിക്കുന്നു. എനിക്കും നീന്താൻ കൊതി തോന്നി. വെള്ളാമ്പലുകൾ വിരിഞ്ഞു നിൽക്കുന്നതു കാണാൻ നല്ല ഭംഗിയായിരുന്നു.വയലിൽ നിന്ന് നോക്കിയാൽ എന്റെ വീടു കാണാം.

അങ്ങനെ വയൽ കഴിഞ്ഞു. പിന്നെ കണ്ട കാഴ്ച കുറേ കുട്ടികൾ മാവിൽ കല്ലെറിയുന്നതാണ്.മാവു നിറയെ പച്ച മാങ്ങയും പഴുത്ത മാങ്ങയും നിറഞ്ഞു നിന്നിരുന്നു. കുറേ മാമൻമാർ പണ്ടുകാലത്തെ ചുമടുതാങ്ങിയിലിരുന്ന് എന്തൊക്കെ പറയുന്നു.അമ്മ പറഞ്ഞു, പണ്ട് കാലത്തെ ഒരു അവശേഷിപ്പാണിത്.നടന്ന് നടന്ന് തളർന്നു. അങ്ങനെ നടക്കുമ്പോൾ അമ്മയ്ക്ക് പരിചയമുള്ള ഒരു ചേച്ചിഞങ്ങളെ വീട്ടിലേക്ക് ക്ഷണിച്ച് വിശേഷങ്ങൾ തിരക്കി. സിമൻറ് മെഴുകിയ തിണ്ണയിൽ ഇരുന്നു. ഞങ്ങൾക്ക് കിണറ്റിലെ ശുദ്ധ വെള്ളവും പച്ച മാങ്ങയും ഉപ്പും കാന്താരിയും തന്നു.അമ്മ കാന്താരി കഴിച്ചു. ഞങ്ങൾ രണ്ടു പേരും തൊട്ടു നോക്കിയതുപോലുമില്ല. ക്ഷീണം മാറി. യാത്ര തുടർന്നു.പിന്നെ കണ്ടത് ഒരു വീട്ടുമുറ്റത്തിന്റെ അരികിൽ നിന്ന മാവിൽ ഊഞ്ഞാൽ കെട്ടി ആടുന്ന രണ്ട് പെൺകുട്ടികളെയാണ്.

ഓണക്കാലത്താണല്ലോ ഊഞ്ഞാൽ കെട്ടുന്നത്. ഇപ്പോൾ ലോക് ഡൗൺ കാലത്തും കെട്ടുമോ? നേരത്തെ പോകുന്നത് വണ്ടിയിലായിരുന്നു. വണ്ടിയിൽ പോയപ്പോൾ ഈ മനോഹരമായ കാഴ്ചകൾ ആസ്വദിക്കാൻ കഴിഞ്ഞില്ല. എന്റെ നാട് ഇത്ര സുന്ദരമെന്നറിഞ്ഞത് ഇപ്പോഴാണ്. ആശ്വാസമായി മാമന്റെ വീടെത്താൻ ഇനി കുറച്ചു നടന്നാൽ മതി.പെട്ടന്ന് ഞാനൊരു ശബ്ദം കേട്ട് ഞെട്ടിയുണർന്ന് ചുറ്റും നോക്കി. എഴുന്നേറ്റ് ചെന്നപ്പോഴാണ് അമ്മയുടെ കൈയിൽ നിന്നും പാത്രം തറ യിൽ വീണതാണെന്നറിഞ്ഞത് . അമ്മ പറഞ്ഞു, ആ എഴുന്നേറ്റോ? ●






അഭിമുഖം

# കാല് കൊണ്ട് ഇതിഹാസം തീർത്ത് അനജേട്ടൻ




**കാൽ കൊണ്ട് മരപ്പൊടിയിൽ ചിത്രങ്ങൾ ഒരുക്കി ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്, അമേരിക്കൻ ബുക്ക് ഓഫ് റെക്കോർഡ് , വജ്ര റെക്കോർഡ് എന്നീ റെക്കോർഡുകളും അനവധി ചെറുതും വലുതുമായ പുരസ്കാരങ്ങളും നേടിയിട്ടുള്ള ചിത്ര വിസ്മയം അനജ് ഗ്രാമകേളിയെ പരിചയപ്പെടുത്തുകയാണ് കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്ത് സി ഡി എസ്സിലെ മൂന്നാം വാർഡിലെ ഗോകുലം ബാലസഭയിലെ കൂട്ടുകാരായ ധനിക സജീവൻ, തേജ, അനിക, സഹന, നിരഞ്ജന, ഹരിത്ത്, രോഹിത്ത് സുരേഷ് എന്നിവർ. പിന്നിട്ട നാളുകളിൽ നാറാത്ത് ബാലപഞ്ചായത്ത് വൈസ് പ്രസിഡന്റ്, ബാലസഭ, ബാലസമിതി ഭാരവാഹി എന്നിങ്ങനെ ശ്രദ്ധേയമായ ചുമതലകൾ വഹിക്കുകയയും ഇന്നത്തെ ബാലസഭാ കുട്ടികൾക്ക് വ്യത്യസ്തമായ രീതിയിലൂടെ ഒരു പോലെ പ്രചോദനവും വിസ്മയവുമായി മാറുകയാണ് അനജ് ഗ്രാമകേളി.**

### ■ ബാലസഭയുമായുള്ള അനജിനുള്ള ബന്ധം

(നാറാത്ത് സി ഡി എസ്സിലെ സാമൂഹ്യ ഉപസമിതി കൺവീനറായി പ്രവർത്തിച്ച് വരുന്നു.) അതിലൂടെയാണ് ഞാൻ ബാലസഭയിൽ എത്തുന്നത്. ബാലസഭയിൽ ചിത്ര രചന മത്സരങ്ങളിൽ പങ്കെടുത്തിരുന്നു. ഇതിലൂടെ ചിത്ര രചനയിൽ കൂടുതൽ താല്പര്യം ഉണ്ടാവുകയും ചിത്ര രചനയിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനായി ശ്രമിക്കുകയും ചെയ്തു. ബാലസഭയിൽ ഭാരവാഹിത്വം ഉണ്ടായിരുന്നു. വാർഡ് തല ബാലസമിതി ഭാരവാഹിയായും ബാല പഞ്ചായത്തിൽ അംഗമായും പ്രവർത്തിക്കുവാൻ സാധിച്ചു എന്നത് അഭിമാനമായി തോന്നുന്നു.



### ■ ചിത്ര രചനയിലുള്ള പ്രാവീണ്യം, അക്കാദമിക് തലത്തിൽ ഇപ്പോൾ എന്ത് ചെയ്യുന്നു

അഞ്ചാം ക്ലാസ് മുതൽ തന്നെ ചിത്ര രചന പഠനത്തിന് ചേർന്നിരുന്നു. കണ്ണാടി പറമ്പിൽ സ്ഥിതി ചെയ്യുന്ന ഗ്രാമ കേളി കല തീയേറ്ററിലാണ് ചിത്ര രചന അഭ്യസിച്ചത്. ഇപ്പോൾ കണ്ണൂർ ജില്ലയിലെ എസ് എൻ കോളേജിൽ രണ്ടാം വർഷ ബിരുദ കോഴ്സിന് പഠിക്കുന്നു.

### ■ വ്യത്യസ്തമായ രീതിയിൽ ചിത്ര രചന നടത്തുവാനുള്ള കാരണം

പെൻസിൽ ഡ്രോയിങ്ങാണ് ആദ്യം മുതൽ ചെയ്തു കൊണ്ടിരുന്നത്. അങ്ങനെ അതിൽ നിന്നും വ്യത്യസ്തമായി ഒന്ന് ചെയ്യണം എന്ന് വിചാരിച്ചപ്പോൾ വീടിന്റെ അടുത്തുള്ള പ്രബിൽ മരപൊടി ഉപയോഗിച്ച് കൈ കൊണ്ട് തന്റെ ഇഷ്ട താരമായ ജയസൂര്യയെ വരച്ചു. അത് ജയേട്ടൻ കാണുകയും നേരിട്ട് വിളിച്ച് അഭിനന്ദിക്കുകയും ചെയ്തു. പിന്നെയാണ് മരപൊടി കൊണ്ട് കാലു കൊണ്ട് വീട്ടിൽ വരച്ചത്. സിനിമ നടൻ ബിനീഷ് ബാസ്റ്റിൻ ചേട്ടനെയാണ് ആദ്യം വരച്ചത്. അത് സാമൂഹ്യ മാധ്യമങ്ങളിൽ ഷെയർ ചെയ്യപ്പെടുകയും ശ്രദ്ധിക്കപ്പെടുകയുമായിരുന്നു.

### ■ നിലവിൽ ലഭിച്ച അംഗീകാരങ്ങളും അനുമോദനങ്ങളും

നാട്ടുകാരിൽ നിന്നും വിവിധ ക്ലബ്ബുകളിൽ നിന്നും ധാരാളം അനുമോദനങ്ങളും അംഗീകാരങ്ങളും കിട്ടിയിട്ടുണ്ട്. അത് തന്നെയാണ് വരക്കാനുള്ള എന്റെ ഊർജവും. മരപ്പൊടി കൊണ്ട് ലോകാത്ഭുതങ്ങൾ വരച്ചതിനു ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സും അമേരിക്ക ബുക്ക് ഓഫ് റെക്കോർഡ്സും ലഭിച്ചിട്ടുണ്ട്. ഒരുപാട് സിനിമ താരങ്ങൾ നേരിട്ട് വിളിച്ച് അഭിനന്ദങ്ങൾ അറിയിച്ചിട്ടുണ്ട്. ജയസൂര്യ, മോഹൻലാൽ, മഞ്ജു വാര്യർ , ജയറാം, ആസിഫ് അലി തുടങ്ങിയവർ വിളിച്ചിരുന്നു. അത് പോലെ മറക്കാനാവാത്ത അനുഭവമാണ് ഫുട്ബോൾ ഇതിഹാസം റൊണാൾഡോ അദ്ദേഹത്തിന്റെ ചിത്രം വരച്ചത് സോഷ്യൽ മീഡിയയിൽ കണ്ടിട്ട് വിളിച്ചത്.

അനജേട്ടൻ നമുക്കും ഒരു പ്രചോദനമാണ്. വ്യത്യസ്തമായ രീതിയിൽ ചിത്രങ്ങൾ വരച്ച് നമ്മുടെ നാടിനു തന്നെ അഭിമാനമായി. ഇത്രയും നേരം നമ്മുടെ കൂടെ ഇരിക്കുകയും വിശേഷങ്ങൾ പങ്കു വെക്കുകയും ചെയ്ത അനജേട്ടന് നന്ദി.




**പങ്കെടുത്തവർ**
**ധനിക സജീവൻ, തേജ എം, അനിക എൻ വി, സഹന കെ, നിരഞ്ജന ബിജു, ഹരിത്ത്. വി, രോഹിത്ത് സുരേഷ്**
**ഗോകുലം ബാലസഭ, നാറാത്ത് ഗ്രാമപഞ്ചായത്ത് സി ഡി എസ്സ്**
**കണ്ണൂർ**




by


മിനിക്കഥ


# ജീവിതം



അധ്യാപകൻ ക്ലാസ്സിലേക്ക് കയറിവന്നു. എല്ലാവരോടും ഓരോ പേപ്പർ എടുക്കാൻ പറഞ്ഞു. ''ഞാൻ ചെയ്യുന്നതുപോലെ നിങ്ങളുംചെയ്യണം''. അധ്യാപകന്റെ വാക്കുകൾ കേട്ട കുട്ടികൾ വെള്ളക്കടലാസുകൾ കയ്യിലെടുത്തു. പലരും നോട്ടുപുസ്തകത്തിലെ താളുകൾ ധൃതിയിൽ ചീന്തിയെടുക്കുകയായിരുന്നു. അധ്യാപകൻ ഒരു വെള്ളപേപ്പർ കയ്യിലെടുത്ത് ചുരുട്ടിക്കൂട്ടി പന്തുപോലെയാക്കി. ഇതെന്ത് കളി എന്നറിയാതെ കുട്ടികളും പേപ്പർ കയ്യിലെടുത്ത് ചുരുട്ടിയെടുത്തു. ചുരുട്ടിക്കൂട്ടിയ പേപ്പർ കാണിച്ച് അധ്യാപകൻ പറഞ്ഞു. ''ഇത് ചവറ്റുകുട്ടയിൽ കളയാമെന്നാണ് ഞാൻ കരുതിയത്. ഏതായാലും ഇനിയത് വേണ്ട. ഇതുകൊണ്ട് നമുക്ക് എന്തെങ്കിലും വസ്തുക്കൾ ഉണ്ടാക്കാൻ പഠിക്കാം''. കയ്യിലെ പേപ്പർപന്ത് അധ്യാപകൻ ശ്രദ്ധാപൂർവ്വം നിവർത്തി മേശപ്പുറത്ത്‌വെച്ചു. ''ചുളിവുകൾ വീണ് ഭംഗിയൽപം കുറഞ്ഞിട്ടുണ്ട്. എങ്കിലും സാരമില്ല. നമുക്ക് എന്തെങ്കിലുമൊക്കെ നിർമ്മിക്കാം''. അധ്യാപകൻ പൂക്കളുണ്ടാക്കി. വേറെയും കടലാസ്സുകളെടുത്ത് വിമാനവും, തൊപ്പിയും, തോണിയും, മീനും, വിശറിയുമെല്ലാമുണ്ടാക്കി. കുട്ടികളും അതുപോലെ ചെയ്തുനോക്കി. അവരുടെ മുഖത്ത് ആഹ്ലാദം വിടർന്നു. ''പേപ്പർ കളയാത്തത് നന്നായി''. പിൻബെഞ്ചിലിരുന്ന അശോകന്റെ വാക്കുകൾ ഇത്തിരി ഉറക്കെയായിരുന്നു. അധ്യാപകന്റെ മുഖത്തും സന്തോഷം. ''നമ്മുടെ ജീവിതം തെളിഞ്ഞ കടലാസ് പോലെയാണ്. വിവേകരഹിതവും ചിന്താശേഷയില്ലാത്തതുമായ നമ്മുടെ പ്രവൃത്തികളാണ് അതിനെ നശിപ്പിക്കുന്നത്. മദ്യവും മയക്കുമരുന്നുകളുമെല്ലാം ഉപയോഗിക്കുന്ന കുട്ടികൾ അവരുടെ ജീവിതമാണ് നശിപ്പിക്കുന്നത്. അവർക്ക് നഷ്ടമാകുന്നത് ഒരിക്കലും തിരിച്ചുകിട്ടാത്ത സന്തോഷങ്ങളാണ്. കരുതലുണ്ടാകണം''. കടലാസ് താളിൽ നിന്നും ജീവിത പാഠങ്ങളിലേക്കെത്തിയ അധ്യാപകന്റെ വാക്കുകൾ കുട്ടികൾക്ക് ആവേശമായി. ക്ലാസ്സിൽ കരഘോഷമുയർന്നു.

കവിത



ഒരുനാളുദിച്ചുയർന്ന ഭീതി
ലോകമെങ്ങും പകർന്നു പൊങ്ങി
അതിനു നാമൊരു പേരു നൽകി
പകർത്തുവാനൊരിടം നൽകി
പക്ഷേ.. . . നാമറിഞ്ഞതില്ലത്
നമുക്ക് വിധിച്ചത് മരണമാണെന്ന്
ലക്ഷത്തിനന്ത്യം വിധിച്ചൊരീ ഭീതി
കൊന്നൊടുക്കി പാവങ്ങളെ
വാർത്തകൾ കാതിൽ മുഴങ്ങുന്ന നേരം
ഇടനെഞ്ചു പിടയുന്ന ശബ്ദമായ്, കാതിൽ
ഒരുമയായ് പെരുമയായ് നിന്നു നാമിന്നേരം
കൈകോർത്തു നിന്നു നാം ശക്തിയോടെ
പ്രാർത്ഥനയോടെ, കരുതലോടെ
മറികടന്നീടുമീ പ്രതിസന്ധികൾ.



കഥ



**ശ്രീ നന്ദന ടി.പി**
സ്റ്റാർകിഡ്സ് ബാലസഭ
പട്ടാമ്പി മുൻസിപ്പാലിറ്റി
പാലക്കാട്

# Vശിഷ്ടം

അങ്ങ് ദൂരെ മലമുകളിൽ നിന്ന് മഞ്ഞ് ഇതുവരെമാറിയിട്ടില്ല. മഞ്ഞിന്റെ കരിമ്പടം പുതച്ചുറങ്ങുന്ന മരങ്ങളെ അവൻ ഒരിക്കൽകൂടി നോക്കി. ''എന്തേ സൂര്യൻ വരാൻ മടിക്കുന്നു.''അവൻ സ്വയം ചോദിച്ചു. ജനാലയടച്ച് അവൻ മുറിയിൽ നിന്ന് പുറത്തിറങ്ങി. അടുക്കളയിൽ പാത്രങ്ങൾ ചിലമ്പുന്ന ശബ്ദം.''ഈ അമ്മ എപ്പോഴാണീറ്റേ'' ''കണ്ണാ..! ഈ ചെക്കൻ ഇതുവരെ എണീറ്റില്ലേ'' ''ദാവരണൂ'' ഉമ്മറത്തേക്ക് നടക്കുമ്പോൾ അവൻ വിളിച്ചു പറഞ്ഞു. ''താരച്ചേച്ചി ഇതുവരെ എണീറ്റില്ലേ ആവോ!''അപ്പുറത്തെ വീടിന്റെ ജനലിലേക്ക് നോക്കി അവൻ സ്വയംമന്ത്രിച്ചു. ''അമ്മേ! ഉമിക്കരി എവിടെ'' അവൻ വിളിച്ചു ചോദിച്ചു. ''അമ്മീടെ അട്ത്ത്ണ്ടാവും''അമ്മ പറഞ്ഞു പല്ലുതേച്ച് അടുക്കളയിൽ ചെന്നപ്പോൾ അമ്മ നല്ല ചൂടുള്ള കാപ്പി കൊടുത്തു. എന്നിട്ട് ജോലിയിലേക്ക് മടങ്ങി. ഒപ്പം ഒരു ഉപദേശവും ''രാവിലെ തണുപ്പത്ത് നേരത്തെ എണീറ്റ് രണ്ടക്ഷരം വായിച്ചാതലേ നിക്കും പരിക്ഷേ അട്ക്ക്ണേ മറക്കണ്ട. കാപ്പി കുടിച്ച് വേഗം പോയി രണ്ടക്ഷരം ഇരുന്ന് വായിക്ക് ഞാനൊന്ന് കേൾക്കട്ടെ.''

കാപ്പികുടിച്ചു ഗ്ലാസ് കഴുകിവെച്ച് അവൻ പുസ്തകമെടുത്ത് ഉമ്മറത്ത് വന്നിരുന്നു. ''അർജുൻ കെ.പി ഒമ്പത് സി. കണക്ക്'' അവൻ പുസ്തകത്തിന്റെ ചട്ടയിൽ വടിവൊത്ത അക്ഷരത്തിന്റെ എഴുതിയത് വായിച്ചു. പെട്ടന്ന് അവന്റെ ഓർമകൾ രണ്ട് വർഷം പുറകോട്ടോടി. അനിയത്തിയായ അവന്തികയുടെ കൂടെ കളിച്ചിരുന്നതും മറ്റും അവന്റെ ഓർമയിൽ നിന്ന് ഇനിയും മറഞ്ഞിട്ടില്ല ഒരിക്കലും തിരിച്ചു വരാത്തൊരു ലോകത്തേക്ക് അവൾ മാഞ്ഞുപോയി. സ്കൂൾ തുറക്കുന്നതിനു മുമ്പ് പുസ്തകങ്ങൾ പൊതിയുമ്പോൾ പേരെഴുതി തന്നിരുന്ന തന്റെ അനിയത്തിയും അവളുടെ ഉരുണ്ട കയ്യക്ഷരവും അവന്റെ മനസ്സിലേക്ക് ഓടിയെത്തി.

കത്തിജ്ജ്വലിക്കുന്ന സൂര്യൻ ''കണ്ണാ! കുഞ്ഞീ! മതി കളിച്ചത് വെയിലാണ് അകത്ത് കേറ്''. അമ്മയുടെ വിളി അവഗണിച്ച് അവർ കളിതുടർന്നു. ''കണ്ണേട്ടാ ഈ മണ്ണപ്പം നേരാവുന്നില്ല''. അഞ്ചാം ക്ലാസ്സിലെത്തിയ അവന്തികയുടെ പരാതി കേട്ട് അവൻ അവളുടെ മുഖത്തു നോക്കി ''ദിപ്പോ ശരിയാക്കിത്തരാം''ഏട്ടന്റെ വാൽസല്യം''നീ പോയി കുറച്ച് വെള്ളം കൊണ്ടു വാ, എന്നാലേ ശരിയാക്കാൻ കഴിയൂ'' ''ഇപ്പോ കൊണ്ടോരാം'' പാദസരം കിലുക്കി അവൾ ഓടി  ആ കിലുക്കം പിന്നീട്കേട്ടിട്ടേയില്ല.

അന്ന് വെള്ളം കൊണ്ടു വരാൻ ഓടിയ കുഞ്ഞിയെ കുറേ കഴിഞ്ഞിട്ടും കാണാഞ്ഞ് തിരഞ്ഞു ചെന്നപ്പോൾ അവൾ വെള്ളപ്പാത്രവുമായി നിലത്ത് വീണുകിടക്കുന്നതാണ് അവൻ കണ്ടത്. ''കുഞ്ഞീ!കുഞ്ഞിമോളേ...''മുഖത്ത് വെള്ളം തളിച്ച് അവളെ വിളിച്ചപ്പോൾ ഉണർന്നു ''എന്താ കുഞ്ഞി പറ്റീത്?'' അറിയില്ല! തല വേദനിക്കുണൂ'' കുഞ്ഞി ചിണുങ്ങി ''ഉം...വെയിലു കൊണ്ടിട്ടാ നമുക്ക് കളി നിർത്താം. പിന്നെയ് അമ്മേനോട് പറയണ്ടട്ടോ ചീത്ത കേൾക്കും''ഏട്ടന്റെ മുന്നറിയിപ്പ്. അവർ




കളി മതിയാക്കി അകത്തു കയറി. സംഭവിച്ചതൊന്നും ആരോടും പറഞ്ഞില്ല. പിറ്റേന്നാൾ യാതൊരു കുഴപ്പവും ഉണ്ടായില്ല. കളിച്ചും ചിരിച്ചും ആ ദിവസവും പോയി. വീണ്ടും സൂര്യനുദിച്ചു. കണ്ണനും കുഞ്ഞിയും മലകളേയും നോക്കിയിരിക്കുകയായിരുന്നു. മുകളിലെ തെളിഞ്ഞ ആകാശം നോക്കി അവൾ ചോദിച്ചു "ഏട്ടാ! അവിടെ മാലാഖമാരുണ്ടാവില്ലേ? മരിച്ചവർക്കൊപ്പം കളിക്കുന്ന, വെളുത്ത ഉടുപ്പിട്ട, വെള്ളച്ചിറകുള്ള മാലാഖമാർ! ""ഉം... എന്തേ ചോദിക്കാൻ?" "ഒന്നൂല്യ ഏട്ടാ എനിക്കും അവിടെ പോണം അവരുടെ കൂടെ കളിക്കണം". "ഓഹോ! ന്നാല് അടുത്താഴ്ച്ച ട്രെയിനിന് പോകാട്ടോ" കണ്ണൻ അവളെ കളിയാക്കി ചിരിച്ചു. ഒപ്പം കൊച്ചരി പല്ലു കാണിച്ച് അവളും". ആ!ഏട്ടാ ഏട്ടന്റെ പുസ്തകങ്ങളില് ഞാൻ പേരെഴുതിത്തരാട്ടോ!" "ഉം... നിന്റെ കയ്യക്ഷരം എനിക്കും ഇഷ്ടാ ഇപ്പോ തന്നെ എഴുതിക്കോ. ഞാൻ ദേ ഇപ്പോ വരാം മാങ്ങ വീണോന്ന് നോക്കീട്ട്" അത് പറയലും കണ്ണൻ ഓടി. തിരികെവന്നു നോക്കിയപ്പോൾ തന്റെ കണക്കു പുസ്തകത്തിൽ പേരെഴുതി വച്ച് എന്തോ പരിഭവം നടിച്ചിരിക്കുന്ന അനിയത്തിയെയാണ് അവൻ കണ്ടത്. കുനിഞ്ഞിരുന്ന അവളോട് കാര്യം അന്വേഷിച്ചപ്പോൾ അവളുടെ മൂക്കിൽ നിന്ന് രക്തം വരുന്നത് അവൻ കണ്ടു. പനിനീർപുഷ്പങ്ങളാവുന്ന കണ്ണുകളിൽ നിന്ന് കണ്ണുനീർത്തുള്ളികൾ ഇറ്റൂവീഴുന്നു. "കരയണ്ട!എന്താ പറ്റ്യേ? അമ്മേ! ഒന്നിങ്ങു വന്നോക്ക്യേ!" കണ്ണൻ പറഞ്ഞു "എന്താടാ! യ്യോ എന്താടീ പറ്റീത്? നോക്കി നിൽക്കാതെ വേഗം പോയി ഒരു ഓട്ടോ വിളിച്ചിട്ട് വാടാ!" കണ്ണൻ ഓടി ഓട്ടോയുമായി വന്നപ്പോൾ അനിയത്തിയെ കോരിയെടുത്തുകൊണ്ട് അമ്മ കയറി. "നീ ഇവിടെ നിന്നോ ഞാൻ താരയോട് പറഞ്ഞിട്ടുണ്ട്. അവൾടെ അമ്മ കൂടെ വരും താര ഇങ്ങോട്ട് വരും. "ഡ്രൈവറെ വേഗം വണ്ടി ആശുപത്രിക്ക് വീട്" അമ്മ പറഞ്ഞു ഓട്ടോ പോയി. ഞാൻ വീട്ടിൽ തനിച്ചായി. കുറച്ചു കഴിഞ്ഞപ്പേൾ താര ചേച്ചി വന്ന് പറഞ്ഞു. കണ്ണാ!അമ്മ വിളിച്ചിരുന്നു. കുഞ്ഞിനെ ആശുപത്രീല് കൊറച്ചീസം കെടത്തണം-ന്നാത്രെ പറഞ്ഞത്. നീ ഇവിടെ ഒറ്റക്കിരിക്കണ്ട. വാതില് പൂട്ടീട്ട് ന്റെ കൂടെ വാ ഓർമവെച്ച നാൾ മുതൽ ഇന്നേവരെ ഒരു ദിവസം പോലും അവൻ കുഞ്ഞിയെ പരിഞ്ഞിട്ടില്ല. അതും ഓർത്തുകൊണ്ട് അവൻ താര ചേച്ചിയുടെ കൂടെ നടന്നു.

കുറച്ചു ദിവസങ്ങൾക്കു ശേഷം ഒരു ദിവസം ഒരു ഫോൺകോൾവന്നു. ഉടൻ താര ചേച്ചി അവനെ വിളിച്ച് പറഞ്ഞു. "നമ്മുക്കൊന്ന് ആശുപത്രി പോണം. വേഗം റെഡിയാക്" കണ്ണനേയും കൂട്ടി ചേച്ചി വേഗം ആശുപത്രിയിലേക്ക് പാഞ്ഞു. ചേച്ചിയുടെ കണ്ണുകൾ നിറയുന്നത് അവൻ വണ്ടിയിൽ വെച്ചാണ് കണ്ടത്. ആശുപത്രിയിൽ എത്തിയപ്പോൾ അവൻ കണ്ടത് അലറിക്കരയുന്ന അമ്മയേയും വെള്ള പുതച്ച കുഞ്ഞിനേയുമാണ്. അവന് വിശ്വസിക്കാനായില്ല. എവിടെ നിന്നോ പാഞ്ഞു വന്ന കാറ്റ് കുഞ്ഞിയുടെ കവിളിൽ ഉമ്മ വെച്ച് പാഞ്ഞു പോയി. അടുത്തു നിന്ന ചേച്ചിയും കരയാൻ തുടങ്ങി. കുഞ്ഞിക്ക് എന്താണ് സംഭവിച്ചത് എന്ന് മനസ്സിലായില്ലെങ്കിലും ഒരു കാര്യം മനസ്സിലായി. തന്റെ കുഞ്ഞി ഇനി തന്നോടൊപ്പം കളിക്കാൻ വരില്ല. അവന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർത്തുള്ളികൾ ഒഴുകാൻ തുടങ്ങി. കുഞ്ഞിയെ വണ്ടിയിൽ കയറ്റി. മറ്റൊരു വണ്ടിയിൽ അവനും താര ചേച്ചിയും അമ്മയും വീട്ടുമുറ്റത്ത് കുഞ്ഞിയെ കിടത്തി. മണ്ണപ്പം ചുട്ടുകളിച്ചിരുന്ന മണ്ണിൽ അവൾ വിശ്രമിക്കുന്നു. മാലാഖമാരോടൊപ്പം കളിക്കാൻ അവൾ പോയി. അവളുടെ സ്വപ്നലോകത്തേക്ക്. എന്താടാ! ഒച്ചയൊന്നും കേൾക്കാനില്ലല്ലോ ഒറങ്ങ്യോ പഠിക്കാൻ പറഞ്ഞാ തൊടങ്ങും തൂങ്ങാൻ. ഞാനങ്ങോട്ട്വരണോ." അമ്മയുടെ സ്വരം കേട്ടപ്പോഴാണ് അവൻ ചിന്തയിൽ നിന്നുണർന്നത്. "വൃത്തത്തിന്റെ പരപ്പളവ് സമം രണ്ട് പൈ ആർ" അവൻ വായന തുടർന്നു.



അനുഭവക്കുറിപ്പ്

# മായാത്ത സൗഹൃദങ്ങൾ



അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. ഞാൻ സ്കൂളിൽ കൂട്ടുകാരുടെ കൂടെയിരുന്ന് ഭക്ഷണം കഴിക്കുകയായിരുന്നു. ടീച്ചർ അടുത്തു വന്ന് പറഞ്ഞു, സനുഷ കഴിച്ചു കഴിഞ്ഞാൽ കൈകഴുകി എന്റെ അടുത്തേക്ക് വരണം. നിന്റെ അമ്മ വിളിച്ചിരുന്നു. ഞാൻ ടീച്ചർ പറഞ്ഞതുപോലെ തന്നെ കഴിച്ച് കഴിഞ്ഞ് ഓഫീസിലേക്ക് പോയി. ടീച്ചർ മൊബൈലിൽ അമ്മയെ വിളിച്ച് എനിക്കു തന്നു. ഞാൻ അമ്മയോട് കാര്യം തിരക്കി. അപ്പോൾ അമ്മ പറഞ്ഞു കുടുംബശ്രീയിലെ ഓഫീസർമാർ വിളിച്ചിരുന്നു. മലപ്പുറത്ത് വെച്ച് ഒരു ക്യാമ്പ് നടത്തുന്നുണ്ട്. അതിൽ പങ്കെടുക്കാൻ താൽപര്യമുണ്ടോ എന്ന് ചോദിച്ചു. അമ്മ എന്നോട് ചോദിച്ചിട്ട് പറയാം എന്ന് പറഞ്ഞ് ഫോൺ കട്ട് ചെയ്തത്രേ. ഞാൻ ആദ്യം ഒന്ന് മടിച്ചു. കാരണം അമ്മ പ്രത്യേകം പറഞ്ഞു, രണ്ട് ദിവസത്തെ ക്യാമ്പ് ആണെന്നും ആരും കൂടെ പോരില്ല എന്നും, അതുപോലെ ഒരു പഞ്ചായത്തിൽ നിന്ന് നല്ല സ്മാർട്ട് ആയ ഒരു കുട്ടിയെ കാണൂ എന്നും. ചുരുക്കം പറഞ്ഞാൽ അറിയാത്ത പത്ത് എൺപതുപേരുടെ കൂടെ ഒറ്റയ്ക്ക് രണ്ട് ദിവസം ക്യാമ്പ് ഉണ്ടായിരിക്കും എന്ന്. അതും കൂടാതെ പോകാൻ മടിയുണ്ടാക്കിയ മറ്റൊരു സാഹചര്യം എന്തെന്നാൽ പരീക്ഷച്ചൂടായി വരുകയായിരുന്നു. ക്ലാസ്സുകളെല്ലാം മുടക്കാൻ പറ്റാത്തതായിരുന്നു. പക്ഷേ ടീച്ചർമാരും, മാഷുമാരും, അമ്മയും നിർബന്ധിച്ചപ്പോൾ ഞാൻ ക്യാമ്പിനു പോകാൻ സമ്മതം മൂളി. സത്യത്തിൽ അതിൽ ഞാനിപ്പോൾ തികച്ചും സംതൃപ്തയാണ്. അടക്കാനാവാത്ത ആവേശവും അതിലുപരി ആഹ്ലാദവും ഒരിത്തിരി പേടിയോടും കൂടി ഞാൻ ക്യാമ്പിനു പോകാൻ പിറ്റേ ദിവസം രാവിലെ തന്നെ തയ്യാറായി. കുടുംബശ്രീയുടെ ഉദ്യോഗസ്ഥയായ മൈമുന താത്തയുടെ കൂടെയാണ് ഞാൻ ക്യാമ്പിനു പോയത്. ക്യാമ്പ് നടക്കുന്നത് മലപ്പുറത്ത് വെച്ചാണ്. ഞാനും താത്തയും നീണ്ട യാത്രക്കൊടുവിൽ മലപ്പുറത്ത് എത്തി. അവിടെ എന്നെപ്പോലെ ആകാംക്ഷയിലും സന്തോഷത്തിലും പേടിയിലും സങ്കടത്തിലും നിൽക്കുന്ന കുറേ പേർ. സമയം എട്ടര ആയപ്പോഴേക്കും എല്ലാ കുട്ടികളും അവിടെ എത്തിച്ചേർന്നിരുന്നു. ഞാൻ അവിടെയുള്ള ഒരു സാറിനോട് ചോദിച്ചു, സാർ ഇനി നമ്മൾ എങ്ങോട്ടാണ് പോകുന്നത്. അതിന് അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടെ മറുപടി നൽകി. മലയിൽ ഫാം ഹൗസ് എന്ന്.



ഞങ്ങൾ ട്രാവലറുകളിൽ കയറി ഇരുന്നു. എന്നിട്ട് മലയിൽ ഫാം ഹൗസിലേക്ക് യാത്ര തുടങ്ങി. നിരവധി അനുഭവങ്ങൾ ആ യാത്ര സമ്മാനിച്ചു. അതോടൊപ്പം കൂടെയുണ്ടായിരുന്ന-വരിൽ ചിലരെ അവിടെ ആ യാത്രയിൽ വച്ച്തന്നെ പരിചയപ്പെട്ടു. ഞങ്ങൾ ലക്ഷ്യ ത്തിലെത്തി. വിചാരിച്ചതിലും മനോഹരമായിരുന്നു അവിടം. ഒരു ചായയെല്ലാം കുടിച്ച് ഞങ്ങൾ അവിടെ മുഴുവൻ ചുറ്റി കണ്ടു. ടെന്റുകളും, ഹട്ടുകളും, ക്യാമ്പ് ഫയറും, പാർക്കും, ടവറും, കുളങ്ങളും എല്ലാംകൊണ്ട് അതിമനോഹരമാണവിടം. ഞങ്ങൾ എല്ലാവരേയും മീറ്റിംഗ് നടത്തുന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. അവിടെ വളരെ മനോഹരമായിരുന്നു. തുറന്നിട്ട ഒരു ഹാളായിരുന്നു അത്. അതിന്റെ കേന്ദ്രത്തിൽ ആയി സ്റ്റേജും ചുറ്റിനും ആളുകൾക്കിരിക്കാൻ സ്റ്റെപ്പിന്റെ ആകൃതിയിൽ ഇരിപ്പിടങ്ങളും. ആദ്യം ജാഫർ സാർ ഞങ്ങൾക്ക് ക്ലാസ്സെടുത്തുതന്നു. പിന്നെ സരസു സർ, ദീപ്തി മിസ്, ഖയൂബ് സർ അങ്ങനെ എല്ലാവരും. ശേഷം അബ്ദു റഹീം സാറും. അദ്ദേഹത്തിന്റെ ക്ലാസ്സ് തികച്ചും മികച്ചതായിരുന്നു. ഞങ്ങളെ വിവിധ കളികളിലൂടെയും പരസ്പരം പരിചയപ്പെടുത്തി.

അങ്ങനെ ഞാൻ കുറച്ചു പേരെ കൂടി പരിചയപ്പെട്ടു. പിന്നീട് ഞങ്ങളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും വിവിധ വിഷയങ്ങൾ പ്രസംഗിക്കാൻ നൽകി. എനിക്ക് ഏറ്റവും ഇഷ്ടമുള്ളതും അതുതന്നെ. പ്രസംഗം എല്ലാം കഴിഞ്ഞശേഷം സാർ പറഞ്ഞു, നിങ്ങളിൽ നിന്ന് പത്തുപേരെ തിരഞ്ഞെടുക്കുക കൂടി വേണം. രണ്ട് ദിവസത്തിനുള്ളിൽ അവരെയായിരിക്കും തിരുവനന്തപുരത്തു വെച്ച് നടത്തുന്ന ക്യാമ്പിൽ പങ്കെടുപ്പിക്കുക എന്ന്. ഞാൻ ആ പത്തുപേരിൽ ഒരാളാവാനും മറ്റുള്ളവരെ പരിചയപ്പെട്ട് കൂട്ടുകൂടാനും ഒരു പോലെ ശ്രമം നടത്തി. അവിടുത്തെ പ്രധാന വിഷയം എന്തെന്നാൽ ബാല പാർലമെന്റ് എന്നതാണ്. ഞാൻ ബാലസഭയിലെ ഒരംഗം ആയതിനാൽ കൂടിയാണ് എനിക്ക് ഈ അവസരം ലഭിച്ചത്. പാർലമെന്റ് ആവുമ്പോൾ മന്ത്രിമാരും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമെല്ലാം വേണമല്ലോ. അതിനാൽ തന്നെ അവിടെ വോട്ടിംഗ് നടന്നു. ഞാൻ ആരോഗ്യമന്ത്രിയായി. പാർലമെന്റിൽ പ്രതിപക്ഷം ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഞാൻ എന്റെ വാക്കാകുന്ന വാൾ കൊണ്ട് ഉത്തരം നൽകി. ഒന്നാം ദിവസം വൈകുന്നേരമായപ്പോഴേക്കും ഏകദേശം എല്ലാവരേയും ഞാൻ പരിചയപ്പെട്ടു. വൈകുന്നേരം ഞങ്ങൾ അവിടെ അടിച്ചു പൊളിച്ചു. അവിടുത്തെ ഭക്ഷണം ഒരിക്കലും മറക്കാത്ത രുചി സമ്മാനിച്ച ഒന്നായിരുന്നു. എന്റെ പേടി മാറി, ആശങ്ക മാറി, ആവേശം കൂടി, സന്തോഷം ഇരട്ടിയായി. മറ്റെല്ലാം മറന്ന് ഞാൻ മലയിൽ ഫാം ഹൗസിൽ ഇതിനുമുമ്പ് പരിചയമില്ലാത്ത കുറച്ചു പേരുടെ കൂടെ ആടിയും പാടിയും സമയം കടത്തിവിട്ടു. അങ്ങനെ രണ്ടാം ദിവസത്തെ ക്യാമ്പിന് തുടക്കം കുറിക്കാൻ സമയമായി എന്ന് ഫോണിലെ അലാറം എന്നോട് പറഞ്ഞു. ഞങ്ങൾ ടവറിനു മുകളിൽ കയറി. രാവിലെ മഞ്ഞുമൂടിയ അവിടം കാണാൻ നിലാവിൽ പാൽക്കുടം മറിച്ചതുപോലെയുണ്ടായിരുന്നു. കുളിയും ഭക്ഷണവുമെല്ലാം കഴിഞ്ഞ് ഞങ്ങൾ ഫാമിനോട് വിടപറയാൻ നിർബന്ധിതരായി. കാരണം ഇനി ഞങ്ങൾക്ക് മലപ്പുറത്ത് വെച്ചാണ് ക്ലാസ്സ് ഉള്ളത്. ഞങ്ങൾ ആദ്യം വന്ന സ്ഥലത്തേക്ക് തന്നെ തിരിച്ച് എത്തി. അവിടെ നിന്നും ഫാമിലേക്കു പോകുമ്പോൾ ഒറ്റയ്ക്കായിരുന്നെങ്കിൽ ഇപ്പോൾ എല്ലാവരും ഒറ്റക്കെട്ടായിട്ടാണ് ആ മണ്ണിൽ കാലു കുത്തിയത്. ഞങ്ങളോട് സാർ പറഞ്ഞു, നമ്മൾ ഇന്നലെ ചെയ്തുവച്ച പാർലമെന്റിന്റെ ഘട്ടങ്ങൾ ഇന്ന് നാം എല്ലാവരും ചേർന്ന് അവസാനമായി ഒന്നുകൂടി ചെയ്യണമെന്ന്. അതിൽ നിന്നായിരിക്കും ആ പത്തുപേരെ തിരഞ്ഞെടുക്കുക. ബാലപാർലമെന്റ് അടിപൊളിയായി നടന്നു. പ്രതിപക്ഷവും ഭരണപക്ഷവും ആളിക്കത്തി. അതിലെ ഒരു തീപ്പൊരി മാത്രമായിരുന്നു ഞാൻ എന്നെനിക്ക്



തോന്നിയെങ്കിലും സെലക്ട് ചെയ്യപ്പെട്ട പത്ത് പേരുകളിൽ ഒന്ന് എന്റേതായതോടെ ഞാൻ തീപ്പൊരി ആയിരുന്നു ആളികത്തുന്ന ഒരു നാളമായിരുന്നു എന്നെനിക്ക് മനസ്സിലായി. അങ്ങനെ ഉച്ചയ്ക്ക് എല്ലാവരും ഭക്ഷണം കഴിച്ചു. എല്ലാവർക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്ത് ബാല പാർലമെന്റ് പിരിഞ്ഞു. എല്ലാവരും തമ്മിൽ സെൽഫിയെടുക്കലും, യാത്ര പറയലും, കെട്ടിപ്പിടിത്തവും. എന്റെ കണ്ണുകളും അറിയാതെ നിറയുന്നു. എനിക്കറിയില്ല രണ്ടു ദിവസം കൊണ്ട് വേർപിരിയാനാവാത്ത വിധം ഞങ്ങൾ അറുപത്തിയേഴുപേരും എങ്ങനെ അടുത്തുവെന്ന്. അവിടെ ആൺ - പെൺ, ജാതി - മത വ്യത്യാസങ്ങളൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ എനിക്ക് സന്തോഷം നൽകിയ കാര്യം എന്തെന്നാൽ എന്റെ ആഗ്രഹം പോലെ തന്നെ പത്തുപേരിൽ ഒരാളാകാനും എല്ലാവരേയും പരിചയപ്പെടാനും സാധിച്ചു. അവയിൽ ഇന്നും നിലനിൽക്കുന്ന പല ബന്ധങ്ങളും ഉണ്ട്. അങ്ങനെ ഇനി വീണ്ടും കാണുമോ, കാണില്ലേ എന്നുപോലും അറിയാതെ ഞങ്ങൾ എല്ലാവരും ബൈ പറഞ്ഞു പിരിഞ്ഞു. ഈ ഒരു ബാലപാർലമെന്റ് ക്യാമ്പ് ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്ന അല്ലെങ്കിൽ മറക്കാൻ സാധിക്കാത്ത ഒരു സംഭവമാണ്, അവിടുന്നു കിട്ടിയ സൗഹൃദങ്ങളും

കഥ

# നിഴൽ



ഒരു അനാഥ മന്ദിരത്തിലാണ് ലൂയിസ് വളർന്നുവന്നത്. ഒരു ദിവസം അവന്റെ കൂട്ടുകാരൻ അവനോടൊരു ചോദ്യംചോദിച്ചു. ''നീ ഈ ലോകത്ത് ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് ആരെയാണ്''? ''എന്റെ നിഴലിനെ''. കൂടുതൽ ആലോചനയ്ക്കൊന്നും സമയം ചെലവഴിക്കാതെ ലൂയിസ് മറുപടി നൽകി. സുഹൃത്തിന്റെ മുഖത്ത് അന്ധാളിപ്പ് പടർന്നു. ലൂയിസ് തന്നെ കളിയാക്കുകയാണോ? കൂട്ടുകാരൻ സംശയം മാറാതെ ലൂയിസിന്റെ കണ്ണുകളിലേക്ക് നോക്കി. ''അച്ഛനും അമ്മയും ഇല്ലാത്ത ഞാൻ..ആരെന്ന് പോലും അറിയാത്ത ഞാൻ...എന്റെ നിഴലിനെയല്ലാതെ മറ്റാരെ ഏറ്റവും സ്നേഹിക്കണം''?. ലൂയിസ് മറുപടി നൽകി. ''ജനനം മുതൽ എന്നോടൊപ്പം ഉണ്ടായിരുന്നത് എന്റെ നിഴൽ മാത്രമാണ്. പരാതികളില്ലാതെ, പരിഭവങ്ങളില്ലാതെ, നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റാൻ അഭിനയങ്ങളില്ലാതെ ഇതുവരേക്കും കൂടെനിന്നു. മരണത്തിലും ഒപ്പമുണ്ടാകും. എന്നും എന്നോടൊപ്പമുള്ള നിഴലിനെ ഞാനേറ്റവും ഇഷ്ടപ്പെടുന്നതെന്തുകൊണ്ടെന്ന് ഇനിയെങ്കിലും നീ തിരിച്ചറിയണം''.ലൂയിസിന്റെവിശദീകരണം കൂട്ടുകാരന്റെ കാതുകളിൽ മുഴക്കങ്ങളായിമാറി.

കവിത

# അതിജീവനം

മഴവിൽ ബാലസഭ
C/oസൂര്യപ്രഭ കുടുംബശ്രീ,
വൈത്തിരി, വയനാട്



**പാ**തിരാ വെളിച്ചമായ്
വർണത്തിൽ പ്രഭയായ്
തളരാതെ മൊഴിഞ്ഞിടാം
വീരധീരസോദരർ തീർത്തൊരു
അതിജീവനത്തിന്റെ
ആവേശമുണർത്തും കഥകളായിരം
കൊടുംവേനൽ താണ്ടിയനാം
മഹാപ്രളയങ്ങളും നീന്തിക്കടന്നു
നിപയെ ചെറുത്തു പ്രതിരോധമൊരുക്കി
കോവിഡും നേരിട്ടു നാടിൻ കരുത്തിനാൽ
ആരോഗ്യ രക്ഷാപ്രവർത്തകർ
നിതാന്ത ജാഗ്രത തീർത്തു നമുക്കായി
ഭരണകർത്താക്കളുണർന്നു പ്രവർത്തിച്ചു
താങ്ങായ് തണലായി കരുതൽ വളർന്നു
കൊറോണയെന്ന മഹാവ്യാധിയിൽ
പൊലിഞ്ഞു മനുഷ്യജീവനെങ്കിലും
ഭയമല്ല കരുതലാണായുധമെന്നറിവിൽ
രചിക്കാം അതിജീവനത്തിൻ പുതുചരിതം



കവിത

# സ്നേഹവാരിധി

**ഇ**ന്നെനിക്കാവുന്നു നിങ്ങൾ പണിതൊരു
ജാതിമത ചിന്തകളുടെ വേലിയിൽ തളച്ചൊരു
ചങ്ങലക്കൂടും മുറിച്ചുമാറ്റാൻ
ആരോതീർത്ത പേടിച്ചരടിൽ
വീണിട്ടിന്നു നീയൊരുതൊട്ടാവാടിയായി
ഭയക്കുന്നു നീ പുറത്തിറങ്ങീടാൻ
ദുഷ്ക്കർമ്മങ്ങൾ തൻ നിഴലാട്ടം കണ്ട്
ഓടിയൊളിക്കുന്നു നീ ഇരുളിൻ മാളത്തിൽ
ക്രൂരനായിരുന്നില്ല ഞാൻ ദുഷ്ചിന്തയാൽ
എങ്കിലും കല്പിച്ചു ദൈവത്തിൻപേരിൽ
വേലികൾ മതിലുകൾ പണിതുയർത്തീടാൻ
കാരുണ്യവാഹിനി ഒഴുകേണ്ട വഴികളിൽ
വിദ്വേഷവിഷത്തിൻ ഉന്മാദം പടർത്തി
പരസ്പരം കുരുതിക്കായി ഉറഞ്ഞുതുള്ളി
കരൾപിളരും കണ്ണുനീർ പ്രളയംതീർത്തു.
കൊടിയ പകയാൽ വിവേകം കൈവിട്ട്
അറുത്തുമാറ്റി അവർ ഹൃദയബന്ധങ്ങൾ
അറുതികുറിക്കണം മാനവക്കുരുതികൾ
അറിയണം, മാനവസ്നേഹപാഠങ്ങൾ
കൊന്നുതള്ളാൻ കല്പിക്കുന്നത് ദൈവങ്ങളല്ല
കരുണയറ്റ കാളകൂടങ്ങളാണ്
മാറണം മാറ്റണം നിർഭയമീ ലോകത്തെ
പാപക്കറകൾ കഴുകിക്കളഞ്ഞിടാൻ
വളരണം മാനവചിന്തകൾ നെടുനീളെ
സത്കർമ്മങ്ങൾക്ക് വഴികാട്ടിയാകാൻ-
സ്നേഹവാരിധിയായ് ഭാരതം മാറാൻ
പണിയാം നമുക്ക് ഒരുമതൻ കൊട്ടാരം

കവിത

# പോരാളി

**നി**ലത്ത് കൊക്കി ചിക്കി ചികഞ്ഞു നടക്കും
തള്ളപ്പിടയുടെ ചുറ്റും തുള്ളി തുള്ളി പിച്ച വച്ചു തുടങ്ങും
കോഴിക്കുഞ്ഞു മക്കളിലൊന്നിനെ ലക്ഷ്യം വച്ച്
വാനിൽ പാറും എറിയൻ കൊതിയനെ കണ്ട പൂവൻ
നീട്ടി കൂവി സൂചന നൽകുന്നേരം
കുഞ്ഞുമക്കളൊന്നായ് തള്ളപ്പിടയുടെ ചിറകിന്നടിയിൽ
ചെന്നൊളിച്ച് സുരക്ഷിതരായതു കണ്ടിളിഭ്യനായി
എറിയൻ കൊതിയൻ പാറിയകന്നു പിറു പിറുത്തു
'അമ്മയോളം പോന്നൊരു പോരാളി ഉലകിതിൽ ഇല്ല തടി തപ്പാം'

Afsal Subair
Nakshathrakkoottam
Balasabha Thodupuzha



# തിളക്കം ബാലസഭാ പ്രവർത്തന റിപ്പോർട്ട്

തിളക്കം ബാലസഭാ
പൂളക്കൽകാട്
ആറാപ്പുഴ ശ്രീ(എ.ഡി.എസ്)
കാവശ്ശേരി(സി.ഡി.എസ്സ്)
ബാലസഭാഅംഗങ്ങൾ –27

കാവശ്ശേരി ഗ്രാമപഞ്ചായത്ത് 7-ാം വാർഡ് ആറാപ്പുഴ (എ.ഡി.എസ്) പൂളയ്ക്കൽ കാട് തിളക്കം ബാലസഭ . കുട്ടികൾ ആഗസ്റ്റ് 13 ശനിയാഴ്ച്ച സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ബാസലസഭ അംഗത്തിന്റെ വീട്ടിൽ വെച്ച് ആഘോഷിച്ചു. മുഖ്യ അതിഥിയായി മുത്താനോട് അംഗൻവാടി ടീച്ചർ ഷെബീനയും, ബാലസഭ അംഗങ്ങളായ 27 പേരും, കുടുംബശ്രീ അംഗങ്ങളും അമ്മമാരും പങ്കെടുത്തു.

രാവിലെ 8 മണിക്ക് തന്നെ ബാലസഭാ അംഗങ്ങളും രക്ഷിതാക്കളും എത്തി പതാക ഉയർത്താൻ വേണ്ടിയുള്ള മുന്നൊരുക്കങ്ങളും അലങ്കാരങ്ങളും ചെയ്തു. കുട്ടികൾക്ക് എല്ലാവർക്കും സ്വാതന്ത്ര്യ ദിനത്തിന്റെ ബാഡ്ജും കൊടിയും വിതരണം ചെയ്തു. പിന്നെ ഗാന്ധിജിയുടെ വേഷത്തിൽ ബാലസഭ അംഗമായ റിസ്വാനും, റൈഹാനും എത്തി. ബാലസഭാ അംഗങ്ങൾ പ്രാർത്ഥന ചൊല്ലിയ ശേഷം അംഗനവാടി ടീച്ചർ ശ്രീമതി. ഷെബീന പതാക ഉയർത്തി. ശേഷം എല്ലാവരും ചേർന്ന് ദേശീയ ഗാനം ചൊല്ലി. പങ്കെടുത്ത എല്ലാവർക്കും മിഠായി വിതരണവും നടത്തി. മുഹമ്മദ് ഇഷാൻ ദേശഭക്തി ഗാനവും ആലപിച്ചു. ബാലസഭാ കുട്ടികൾക്ക് വൈകീട്ട് സ്വാതന്ത്ര്യ ദിനത്തിന്റെ ക്വിസ് മത്സരം നടത്തി എൽ.പിവിഭാഗത്തിൽ 10 ചോദ്യങ്ങളും യു.പി, എച്ച്എസ് ഒന്നിച്ച് 15 ചോദ്യങ്ങളും നൽകി.

എൽ.പി വിഭാഗത്തിൽ 8 എണ്ണം ശരിയാക്കി മിസ്മിയ ഒന്നാം സ്ഥാനവും 7 എണ്ണം ശരിയാക്കി സിനാൻ രണ്ടാം സ്ഥാനവും 5 എണ്ണം ശരിയാക്കി ഹസീന മൂന്നാം സ്ഥാനവും നേടി. എൽ.പി, എച്ച്എസ് വിഭാഗത്തിൽ 12 എണ്ണം ശരിയാക്കി റിഷാദ് ഒന്നാം സ്ഥാനവും 9 എണ്ണം ശരിയാക്കി ഫഹദ് രണ്ടാം സ്ഥാനവും 8 എണ്ണം ശരിയാക്കി ഹാദിയ മൂന്നാം സ്ഥാനവും നേടി. സ്കെച്ച്, ക്രയോൺ എന്നിവ സമ്മാനമായി നൽകി. പരിപാടിക്ക് അൽഷിഫാ കുടുംബശ്രീയും, സഫ കുടുംബശ്രീയും, ആരാധനാ കുടുംബശ്രീയും സ്പോൺസർമാരായി. 03/08/2022 ശനിയാഴ്ച്ച ബാലസഭ കുട്ടികൾക്ക് വേണ്ടി ഓണാഘോഷ പരിപാടി നടത്തി. ഓണത്തോടനുബന്ധിച്ച് ബാലസഭ കുട്ടികൾ ചേർന്ന് പൂക്കളമൊരുക്കി. ബാലസഭ അംഗങ്ങൾക്കും ഇതിൽ പങ്കെടുത്ത നാട്ടുകാർക്കും പായസം വിതരണം ചെയ്തു. ശേഷം കുട്ടികളുടെ പുളിങ്കുരു പെറുക്കൽ , തവളച്ചാട്ടം, ബിസ്ക്കറ്റ് കടി, ലെമൺ സ്പൂൺ, ബലൂൺ പൊട്ടിക്കൽ, മ്യൂസിക്ക് ചെയർ, കുപ്പിയിൽ വെള്ളം നിറക്കൽ, എന്നീ മത്സരങ്ങളും നടത്തി. പങ്കെടുത്ത എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനവും നൽകി.







കഥ

**ശരൺ ബേബി**
പൊൻപുലരി ബാലസഭ, ഇടുക്കി

# അപ്പുവിന്റെ ഓണം

**ഓ**ണം ആയിട്ട് അപ്പു മുഴുവൻ സമയവും മൊബൈലിൽ തന്നെ ആയിരുന്നു ചെലവഴിച്ചത് 'അമ്മയും അച്ഛനും പറഞ്ഞത് ഒന്നും കേൾക്കാതെ കുഴി മടിയനായി ഫോണിൽ കുത്തി സമയം കളഞ്ഞുകൊണ്ടേയിരുന്നു. ബന്ധു ജനങ്ങൾ ഒക്കെ വീട്ടിൽ വന്നു പോയിട്ടും ആരോടും കാര്യമായി സംസാരിക്കാതെ ഫോണിൽ കളിച്ചും വീഡിയോ കണ്ടും സമയം കളഞ്ഞു. അടുക്കളയിൽ തിരക്കായ അമ്മയ്ക്കും പറമ്പിലെ പണികളിൽ തിരക്കായ അച്ഛനും അപ്പുവിനെ എപ്പോഴും ശ്രദ്ധിക്കാൻ സമയം കിട്ടുന്നുണ്ടായിരുന്നില്ല. ഇത് അപ്പു മുതലാക്കുക ആയിരുന്നു. എന്നാൽ തുടർച്ചയായി ഫോൺ ഉപയോഗിച്ചത് മൂലം അപ്പുവിന് കലശലായ കണ്ണ് വേദനയും കഴുത്ത് വേദനയും ഉണ്ടായി. വേദന സഹിക്കാൻ പറ്റാത്ത അവസ്ഥ ആയപ്പോൾ അപ്പു കരഞ്ഞു കൊണ്ട് അമ്മയുടെ അടുത്തേക്ക് ഓടി. അമ്മ അവനെ കണക്കറ്റ് ശകാരിച്ചു

അച്ഛനോടൊപ്പംഅടുത്തുള്ള ക്ലിനിക്കിൽ പോയി ഡോക്ടറെ കണ്ട്  മരുന്നു വാങ്ങി വന്നു. അച്ഛനും അമ്മയും പറഞ്ഞത് കേൾക്കാതെ അമിതമായി ഫോൺ ഉപയോഗിച്ചത് കൊണ്ട് തനിക്കുണ്ടായ അസുഖമാണ് അതെന്ന് അവന് മനസ്സിലായി. മാതാപിതാക്കളെ അനുസരിക്കാത്തതിൽ അവന് കുറ്റബോധം തോന്നി. തൻെറ ഓണം താൻ വെറുതെ നശിപ്പിച്ചതായി അവന് തോന്നി. സങ്കടം സഹിക്കാനാവാതെ കട്ടിലിൽ കിടന്ന അപ്പു ഉറങ്ങിപ്പോയി. ഉറക്കത്തിൽ അവൻ മാവേലി തമ്പുരാനെ സ്വപ്നം കണ്ടു. മാവേലി തമ്പുരാൻ അപ്പുവിനെ വിളിക്കുകയും നഷ്ടപ്പെട്ട ഓണത്തെ കുറിച്ച് ഓർത്ത് സങ്കടപ്പെടേണ്ടെന്ന് പറയുകയും ചെയ്തു. ഓണം ഇനിയും നഷ്ടപ്പെട്ടിട്ടില്ലെന്നുപറഞ്ഞ് മാവേലിത്തമ്പുരാൻ അപ്പുവിനെ വീടിനു വെളിയിലേക്ക് കൂട്ടിക്കൊണ്ടുപോയി അവിടെ തന്റെ അയൽപക്കത്തെ കൂട്ടുകാർ പാടത്ത് കളിക്കുന്നതും തുമ്പികൾ പാറി നടക്കുന്നതും പൂക്കൾ വിടർന്നു നിൽക്കുന്നതും എല്ലാം അപ്പു കണ്ടു. വളരെ മനോഹരമായ കാഴ്ചകൾ ആയിരുന്നു അത്. മാവേലി തമ്പുരാനും അപ്പുവും കൂട്ടുകാരോടെല്ലാം കുശലാന്വേഷണം നടത്തി. അവർ പിന്നീട് അപ്പുവിന്റെ ക്ലാസിൽ പഠിക്കുന്ന ജിത്തുവിന്റെ വീട്ടിൽ ചെന്നു . ഒരു വീഴ്ചയിൽ കാലൊടിഞ്ഞു കിടക്കുന്ന ജിത്തുവിനെ അപ്പു കണ്ടു. അപ്പുവിന് സങ്കടം സഹിക്കാനായില്ല ജിത്തുവിന്റെ അടുത്ത് ചെന്ന് വിശേഷങ്ങൾ അന്വേഷിച്ചപ്പോഴാണ് അറിയുന്നത് ജിത്തുവിന് ഓണം ആഘോഷിക്കാൻ സാധിച്ചിട്ടില്ല എന്ന്. ജിത്തുവിന്റെ അച്ഛന് രോഗം മൂലം പണിക്കു പോകാൻ സാധിച്ചിട്ടില്ല.  രോഗം മൂലം കഷ്ടപ്പെടുന്ന അച്ഛനെയും ജിത്തുവിനെയും അമ്മ നോക്കണം. അതിനാൽ അവർ ആകെ കഷ്ടതയിലാണ് ഇതറിഞ്ഞ അപ്പുവിന് വളരെയധികം സങ്കടം തോന്നി. മാവേലി തമ്പുരാനും അപ്പുവും ജിത്തുവിനോട് തമാശയൊക്കെ പറഞ്ഞ് പോന്നെങ്കിലും അപ്പുവിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ഉറക്കത്തിൽ നിന്ന് എഴുന്നേറ്റപ്പോഴും ആ സങ്കടം അപ്പുവിൽ നിലനിന്നു. അപ്പു ജിത്തുവിനെ കാണാനായി ഓടി. അമ്മയോട് പറഞ്ഞു സദ്യയും പായസവും സഞ്ചിയിൽ ആക്കി എടുത്ത് ആണ് അപ്പു പോയത്. മനോഹരമായ പാടവും പൂക്കൾ വിടർന്നു നിൽക്കുന്ന വഴികളും പിന്നിട്ട് അപ്പു ജിത്തുവിന്റെ വീട്ടിൽ ചെന്നു സ്വപ്നത്തിൽ കണ്ട അതേ അവസ്ഥ ആയിരുന്നു ജിത്തുവിന്റെ വീട്ടിൽ. അപ്പു ജിത്തുവിന്റെ അമ്മയുടെ കയ്യിൽ താൻ കൊണ്ട് വന്ന ഓണ സദ്യയും പായസവും നൽകി അവരോടൊപ്പം ഇരുന്നു ഓണമുണ്ടു. ജിത്തുവിന്റെ കൂടെ കളിചിരികൾ പറഞ്ഞിരുന്നശേഷം അപ്പു വീട്ടിലേക്ക് മടങ്ങി. നല്ലൊരു ഓണം സമ്മാനിച്ചതിന് മാവേലിത്തമ്പുരാന് നന്ദി പറഞ്ഞു കൊണ്ട് രാത്രി അപ്പു ഉറങ്ങാൻ കിടന്നു.





ആദിഷ പി എ
ശ്രേയസ് ബാലസഭ
കൊടുങ്ങല്ലൂർ സി.ഡി.എസ് 1



# എന്റെ യാത്രാനുഭവങ്ങൾ ....

തീർത്ഥ വി. കെ.
ചൈത്രംബലസഭ
വരികുഴിതാഴം
കൊടുവള്ളി

പപ്പ ഗൾഫിൽ നിന്നും വന്നത് മെയ് 25-നാണ്. ജൂൺ ആദ്യം സ്കൂൾ തുറക്കുകയാണല്ലോ എന്നോർത്തപ്പോൾ, പപ്പ കുറച്ചു കൂടി നേരത്തെ വരണമായിരുന്നു എന്ന് തോന്നി കാരണം മറ്റൊന്നുമല്ല പപ്പയോടൊപ്പം കറങ്ങാൻ പോകാൻ അധിക ദിവസം ഇല്ലല്ലോ എന്നോർത്താണ്. എന്നാൽ പപ്പ വന്നതിന്റെ നാലാംദിവസം അമ്മയുടെ ഡാൻസ് ടീം എല്ലാവരും കൂടി പറശിനിക്കടവിലേക്ക് ഒരു യാത്ര പോയി കൂടെ പപ്പയും ഞാനും അനിയത്തി മാളുവും ഉണ്ടായിരുന്നു. ആയാത്ര ഓർക്കുമ്പോൾ തന്നെഎന്തൊരു സന്തോഷമാണെന്നോ....

അമ്മയും കൂട്ടുകാരികളും വണ്ടിയിൽ പാട്ടിനനുസരിച്ച് ഡാൻസ് ചെയ്യുമ്പോൾ പപ്പാ അതിനെ കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നുണ്ടായിരുന്നു അനിയത്തിയും അവർക്കൊപ്പം കൂടി ചാടികളിക്കുന്നുണ്ടായിരുന്നു. എന്നാൽ എനിക്ക് ഒന്നിനും കൂടാൻ കഴിയാതെ ഞാൻ മടിച്ചിരുന്നു. എന്തേ എനിക്ക് മാത്രം തുള്ളിക്കളിക്കാൻ പറ്റാതിരുന്നത് എന്ന് ഞാൻ ഒരുപാട് ആലോചിച്ചു.

ജൂൺ ഒന്നാം തീയതി ഞങ്ങൾ കൊട്ടിയൂർ പോയി. അവിടേക്ക് പോകും വഴി ഞങ്ങൾക്ക് ഇഷ്ടപ്പെട്ട ഹോട്ടലിൽ നിന്നു രുചിയൂറുന്ന ഭക്ഷണം വാങ്ങിതരാൻ പപ്പ ശ്രദ്ധിച്ചു. ഏതു കാര്യത്തിലും അമ്മയുടെ അഭിപ്രായം പപ്പയും പപ്പയുടെ അഭിപ്രായം അമ്മയും ചോദിക്കുന്നത് എന്നെ പലപ്പോഴും അതിശയിപ്പിക്കാറുണ്ട്.

എൻറെ കൂട്ടുകാർക്കിടയിൽ ഇങ്ങനെയൊരു സ്നേഹം കാണാൻ കഴിയുമോ? ഇന്ന് വാട്സ്ആപ്പും ഫേസ്ബുക്കും ഇൻസ്റ്റാഗ്രാമെല്ലാം നോക്കി ഇരിക്കുന്നവർക്ക് ഇത്തരം സ്നേഹത്തോടു പുച്ഛമായിരിക്കാം എന്നുതോന്നി.

അതിനുശേഷം ഒരാഴ്ചക്കാലം ഞങ്ങൾ തിരുവനന്തപുരത്തായിരുന്നു. അവിടെ ചേച്ചിയുടെ കൂടെയായിരുന്നു. ശ്രീപത്മനാഭന്റെ മണ്ണിൽ ഇറങ്ങിയപ്പോൾ ഒരുപാട് സന്തോഷം തോന്നി. അമ്പലത്തിലെ തിരക്കിനിടയിൽ ശരിയായ രീതിയിൽ വിഷ്ണു ഭഗവാനെ കാണാനായില്ല. പുറത്തിറങ്ങിയ ഞങ്ങളെ വീണ്ടും ചെന്ന് തൊഴാൻ ഒരു പോലീസുകാരൻ അനുവദിച്ചു. അമ്മയും ഞാനും മാളുവും മാത്രം നിന്ന് പത്മനാഭനെ തൊഴുതു. അതിനു ശേഷം ഞങ്ങൾ കന്യാകുമാരിയിൽ എത്തി. സൂര്യാസ്തമയവും സൂര്യോദയവും കണ്ടു. വിവേകാനന്ദ പാറയിൽ പോയി. അമ്മയുടെയും പപ്പയുടെയും മലയാളത്തനിമയിൽ ഉള്ള വേഷം കണ്ടപ്പോൾ പലരും വന്ന് അഭിനന്ദിക്കുന്നുണ്ടായിരുന്നു. അവിടെ നിന്നും വീണ്ടും ഞങ്ങൾ തിരുവനന്തപുരത്ത് എത്തി. അവിടെ നിന്നും രാത്രിയിലെ തീവണ്ടിയിൽ ഞങ്ങൾ കോഴിക്കോട്ട് എത്തി. ഞങ്ങൾ തിരുവനന്തപുരത്തിന് പോകുമ്പോൾ കോഴിക്കോട് വച്ച് കണ്ട ഒരു ഭിക്ഷക്കാരൻ അതേ വേഷത്തിൽ തന്നെ റോഡരികിൽ കിടന്നുറങ്ങുന്നത് കണ്ടു. തിരിച്ചു വരുമ്പോഴും ഒരാഴ്ചയായിട്ടും അതേ വേഷത്തിൽ....... ഞാൻ എൻെറ വേഷമൊന്നു നോക്കി. ഓരോ ദിവസവും മാറിമാറി വേഷം മാറുന്ന നമുക്ക് ഈശ്വരൻ തന്ന എല്ലാ അനുഗ്രഹങ്ങളെയും നമിച്ചുകൊണ്ട്, പപ്പയുടെ കൈയിൽ തൂങ്ങി ഞാൻ നടന്നു. ഉള്ളിൽ ഒരുപാട് ചോദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു.......

അനുഭവക്കുറിപ്പ്



ഗൗരിനന്ദ സി ജെ
പൂത്തുമ്പി ബാലസഭ
പുതുക്കാട് സി.ഡി.എസ്

# ബോംബൈ സ്വപ്നങ്ങൾ

ആയിരമായിരം സ്വപ്നങ്ങളുമായാണ് ഞാൻ ബോംബെയിലേക്ക് ട്രെയിൻ കയറിയത്. അച്ഛനും അമ്മാവനും എന്നെപറ്റി ഒരുപാട് ആഗ്രഹങ്ങളുണ്ട്. എനിക്ക് നല്ലൊരു ജോലി കിട്ടണം, കടങ്ങളെല്ലാം വീട്ടണം, എന്നെ കല്യാണം കഴിപ്പിക്കണം,.. അങ്ങിനെയങ്ങിനെ ധാരാളം. ഇതിനൊക്കെ വേണ്ടിയാണ് ഞാൻ ബോംബെയിലേക്ക് ട്രെയിൻ കയറിയത്. അങ്ങിനെ ഇതുവരെയുള്ള ജീവിതത്തിന്റെ ഓർമ്മകളുടെ മായാലോകത്തിൽപ്പെട്ട് ഇരിന്നിരുന്ന ഞാൻ ആരുടെയോ ചിരികേട്ടാണ് ഉണർന്നത്.

നോക്കിയപ്പോൾ ഒരു പെൺകുട്ടി ഏകദേശം എന്റെ പ്രായം വരും. ആ കുട്ടി അവിടെ വന്നിരുന്നിട്ട് കുറേ നേരമായിട്ടുണ്ടായിരിക്കണം. പക്ഷേ ഞാൻ ചുറ്റുമുള്ള ഒന്നിനെയും ശ്രദ്ധിച്ചിരുന്നില്ല. അവൾ ഒരു പുസ്തകം വായിച്ച് ചിരിക്കുകയായിരുന്നു. പിന്നെ അവളുമായി സംസാരിച്ചു തുടങ്ങി. എങ്ങോട്ടാണ് പോകുന്നത്? എന്ന എന്റെ ചോദ്യത്തിൽ നിന്നായിരുന്നു ആ ദീർഘ സംഭാഷണത്തിന്റെ തുടക്കം. കുറേനേരം സംസാരിച്ചു. അവളുടെ കഥ എന്നോട് പറഞ്ഞു. റയിൽവേ സ്റ്റേഷനിൽ ഇറങ്ങിപോകുന്നതിനു മുൻപ് അവൾ എന്നോട് പറഞ്ഞു. തന്റെ ആഗ്രഹങ്ങളൊക്കെ നടക്കും. പരിശ്രമിക്കടോ, വിധിയുണ്ടെങ്കിൽ എവിടെയെങ്കിലും വച്ച് എന്നെങ്കിലുമൊക്കെ കാണാം. ഞാൻ ഒന്നു പുഞ്ചിരിച്ചു.

അവൾ പോയിക്കഴിഞ്ഞാണ് ഞാൻ ആലോചിച്ചത്. അത്രയേറെ പരിചയപ്പെട്ടിട്ടും ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പേര് ചോദിക്കാൻ മറന്നിരിക്കുന്നു

ഞാൻ ബോംബെയിലെത്തി. 2 വർഷത്തെ തിരക്കുള്ള ബോംബെ ജീവിതത്തിൽ ഞാൻ അവളെപറ്റി ഓർത്തിട്ടുണ്ടായില്ല.

ഇന്നിപ്പോൾ എനിക്ക് വയസ്സ് 22. ഞാൻ നാട്ടിലേക്ക് തിരിച്ചു പോകുകയാണ്. എന്റെ കൂടെ അമ്മയുടെ ഒരു സുഹൃത്തിന്റെ മകളുണ്ട്.. രേവതി. യാത്രയിൽ എനിക്ക് പെട്ടന്നവളെ ഓർമ്മ വന്നു. പേരും നാടുമറിയാത്ത ഒരൊറ്റ ദിവസം കൊണ്ട് അത്രമേൽ പ്രിയപ്പെട്ടവളായി മാറിയവളെ. ആലോചനകളുടെ കുത്തൊഴുക്കിൽപെട്ട് ഞാനിങ്ങനെ ഇരിക്കുമ്പോഴാണ് രേവതിയുടെ ചോദ്യം. ഒരിക്കലും നടക്കില്ലെന്നറിഞ്ഞിട്ടും ഇപ്പോൾ നടക്കണമെന്നാഗ്രഹിക്കുന്ന സ്വപ്നം ഉണ്ടോ ? ഉം. ഇതുപോലൊരു ട്രെയിൻ യാത്രയിൽ വെച്ച് ഞാനൊരാളെ കണ്ടുമുട്ടി. പരിചയപ്പെട്ടു. അവളുടെ പേരോ നാടോ ഒന്നുമെനിക്കറിയില്ല. എവിടെനിന്നോ വന്നിട്ട് എവിടേക്കോ പോയ ആ പെൺകുട്ടി. അവളെ ഒന്നു കൂടി കാണണമെന്നൊരാഗ്രഹം. ഒരിക്കലും നടക്കില്ലെന്നറിഞ്ഞിട്ടും ഇപ്പോഴും നടക്കണമെന്നാഗ്രഹിക്കുന്ന സ്വപ്നം : ഞാൻ പറഞ്ഞു.

എന്നിട്ട് ജനാലയിലൂടെ പുറത്തേക്ക് നോക്കി. ആകാശത്ത് സുവർണ്ണ മേഘങ്ങൾ പ്രകാശിക്കുന്നു. അവ എന്നെ നോക്കി പുഞ്ചിരിക്കുന്നു.

## മിനിക്കഥ

നാജിയ നസ്റിൻ
പൊഴുതന,
വയനാട്

# ആഭരണം

ശങ്കുണ്ണി ആ നാട്ടിലെ ഒരു വേറിട്ട വ്യക്തിത്വമായിരുന്നു. എല്ലാവരോടും സ്നേഹവും ബഹുമാനവും കാണിക്കും. വിമർശിക്കേണ്ടവരെ നിശിതമായി വിമർശിക്കും. പരിഹാസം ചൊരിയേണ്ടുന്ന ഇടങ്ങളിൽ പരിഹാസവും. നല്ലൊരു സഹൃദയനായിരുന്നു ശങ്കുണ്ണി.

ഒരു ദിവസംശങ്കുണ്ണി പൂരം കാണാൻ പോയി. അവിടെ പൂരത്തിന് വരുന്ന സ്ത്രീകളും പുരുഷന്മാരുമെല്ലാം പരമാവധി സ്വർണ്ണാഭരണങ്ങൾ ധരിച്ചുകൊണ്ടാണ് വരാറുണ്ടായിരുന്നത്. തങ്ങളുടെ പ്രതാപം മറ്റുള്ളവരെ അറിയിക്കാനാണ് അവർ അങ്ങനെ ആഭാരണങ്ങൾ അണിഞ്ഞ് വന്നെത്തിയിരുന്നത്.



ശങ്കുണ്ണി കയ്യിലൊരു സഞ്ചിയും തൂക്കിയാണ് പൂരത്തിനെത്തിയത്. ആളുകൾ ശങ്കുണ്ണിയുടെ അടുത്തുകൂടി. സഞ്ചിയിലെന്തെന്നറിയാൻ തിടുക്കം കാണിച്ചു. ‘‘എന്റെ സ്ഥലത്തിന്റെ ആധാരമാണ് ഈ സഞ്ചിയിലുള്ളത്’’. ശങ്കുണ്ണി അവർക്ക് മറുപടി നൽകി. ‘‘ഞങ്ങളാരും പൂരത്തിന് വരുമ്പോൾ ആധാരം കൊണ്ടുവരാറില്ലല്ലോ?’’പൂരപ്പറമ്പിൽ വന്നവർ ശങ്കുണ്ണിയോട് പറഞ്ഞു.‘‘നിങ്ങൾ നിങ്ങളുടെ പ്രൗഢി വിളംബരം ചെയ്യാൻ സർവ്വാഭരണഭൂഷിതരായി വരുന്നു. എനിക്ക് സ്വന്തമായി ആഭരണങ്ങളില്ല. എന്റെ പ്രതാപം നാട്ടുകാരെ അറിയിക്കാൻ എനിക്കാകെയുള്ളത് എന്റെ സ്ഥലത്തിന്റെ ആധാരം മാത്രം’’ ശങ്കുണ്ണിയുടെ മറുപടി അവിടെ കൂടിയിരുന്നവരുടെ കുറിക്കുകൊണ്ടു. അവർ ലജ്ജിച്ച് തല താഴ്ത്തി. പിന്നീടൊരിക്കലും ആളുകൾ ആ നാട്ടിലെ പൂരത്തിന് ആഭരണം ധരിച്ച് പ്രൗഢി കാണിക്കാൻ തയ്യാറായിട്ടില്ല.

കവിത

# മഹത്തായ പാഠങ്ങൾ

**അളകനന്ദ**
കണിയാമ്പറ്റ,
വയനാട്

**ഒ**രു പ്രോട്ടീൻ പാളിക്കുള്ളിൽ നിന്ന് നീ
ലോകയുദ്ധം പ്രഖ്യാപിച്ചപ്പോൾ
തോറ്റുപോകാതിരിക്കാൻകൂടി
ഞങ്ങളെ പഠിപ്പിക്കുകയായിരുന്നു.
ആയിരം യുദ്ധ ചരിത്രങ്ങൾപോലും
പഠിപ്പിക്കാത്ത മഹത്തായ പുസ്തകം
സ്വയം ഞങ്ങളുള്ളിൽ എഴുതിപതിച്ചിരിക്കുന്നു

ഭൂഖണ്ഡങ്ങളും രാജ്യങ്ങളും
വെറുംപേരുകൾ മാത്രമായി
സർവ്വനാശത്തിന്റെആയുധങ്ങൾ
ഇനി ആവശ്യമില്ലാത്തവിധം
അകത്തളങ്ങളിലാണ്ടുപോയി
ആഢംബരത്തിന്റെ അവസാനവാക്കും
നീർക്കുമിളയ്ക്കുപോലും സമമല്ലെന്ന
നിലപാടു തറയിലുറച്ചുപോയി

ഞങ്ങൾ തകർത്തു
മതത്തിൻ വേലിക്കെട്ടുകൾ
കേവലസ്നേഹമെന്ന മതവും ഭാഷയും
സംസ്കാരവും അനാദിയിലെന്നപോൽ
ഇരുൾച്ചിരാതിന്റെ ശാന്തിയായ്
ഞങ്ങളിലാരവമായ് ഉണർന്നു



പൂത്തുമ്പി ബാലസഭ
വാർഡ് 10, പുതുക്കാട്

# കുട്ടിമാഷും കുട്ടികളും

**ചെങ്ങാലൂരിലെ പ്രശസ്തനായ കഥാകാരനും പ്രഭാഷകനുമാണ് സി പി ഗംഗാധരൻ മാസ്റ്റർ. വികസനത്തിനും കൃഷിക്കും പുതു നിർവ്വചനം നൽകി കേരളത്തിന്റെ സംസ്കാരിക മണ്ഡലത്തിൽ ബദൽ ചിന്തയ്ക്ക് തുടക്കമിട്ട വ്യക്തിയാണ് സി.പി ഗംഗാധരൻ മാഷ്. ജാപ്പനീസ് കർഷകനും എഴുത്തുകാരനുമായ മസനോബു ഫുകുവോയുടെ ഒറ്റവൈക്കോൽ വിപ്ലവം മലയാളത്തിലേക്ക് തർജ്ജമ ചെയ്തു.**



ഞങ്ങൾ പൂത്തുമ്പി ബാലസഭയിലെ കൊച്ചുകൂട്ടുകാർ ഗംഗാധരൻ മാസ്റ്ററുമായാണ് അഭിമുഖം നടത്തിയത്.
പങ്കെടുത്തവർ:

- അനാമിക ഷൈൻ • ഗൗരിനന്ദ സി ജെ • ആഷ്ലിൻ ടി അലക്സ്
- ഭദ്ര എം പി • അഷ്മിക സി എ



അഭിമുഖത്തിലെ ഞങ്ങളുടെ ചോദ്യങ്ങളും മാഷ് നൽകിയ മറുപടിയും

➢ **മാഷിന്റെ എഴുത്തിന്റെ ആദ്യ പടികൾ എങ്ങനെയായിരുന്നു. എഴുതാൻ പ്രേരിപ്പിച്ച കാര്യങ്ങൾ ഞങ്ങൾക്കൊന്നു പറഞ്ഞു തരുമോ ?**

വളരെ ചെറുപ്പത്തിൽ തന്നെ പുസ്തകങ്ങൾ വായിച്ചു തുടങ്ങിയിരുന്നു. അവയെല്ലാം മനസ്സിനെ എഴുതാൻ പ്രേരിപ്പിച്ചു. 18-ാം വയസ്സിൽ തന്നെ എഴുത്ത് ആരംഭിച്ചു.

1953- ൽ കൊടകര വായനശാലയിൽ കുമാരനാശാനെ പറ്റി നടത്തിയ പ്രസംഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പിന്നീട് കുമാരനാശാനെ പറ്റിയുള്ള പ്രസംഗ രൂപത്തിലുള്ള പുസ്തകം വിവർത്തനം ചെയ്തു. ഇതെല്ലാമാണ് എഴുത്തിന്റെ ആദ്യ പടികൾ

➢ **മാഷിന്റെ ജോലിയിലേക്കുള്ള വഴി എങ്ങനെയായിരുന്നു ?**

കൊടകര വായനശാലയിൽ നടത്തിയ പ്രസംഗ മത്സരത്തിൽ ഉന്നത വിജയം നേടിയതോടെ അവിടത്തെ ലൈബ്രേറിയൻ സാഹിത്യ വിശാരത്ത് എന്ന പരീക്ഷയെ കുറിച്ച് പറഞ്ഞ് തരികയും പഠിക്കാൻ ആവശ്യമായ പുസ്തകങ്ങളും നൽകി. തുടർന്ന് ആ പരീക്ഷയിൽ ഉന്നത വിജയം നേടുകയും ചെയ്തു. 1955 ജൂൺ 1 ന് മലയാളം അദ്ധ്യാപകനായി വരന്തരപ്പിള്ളി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. ''കുട്ടി മാഷ്'' എന്നായിരുന്നു ആ സ്കൂളിലെ വിളിപ്പേര്. മാട്ടുമല വഴി കാൽനടയായി യാത്ര ചെയ്തിട്ടാണ് പഠിപ്പിക്കാൻ പോയത്.

➢ **ഇതുവരെ മാഷ് എത്ര പുസ്തകങ്ങളാണ് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത് ?**

ഇതുവരെ 15 പുസ്തകങ്ങളാണ് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചത്.

''മനുഷ്യ അവകാശങ്ങൾ'' എന്ന രവീന്ദ്രനാഥ ടാഗോറിന്റെ പുസ്തകമാണ് ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചത്. പിന്നീട് ആരും എഴുതാനായി ആവശ്യപ്പെട്ടിട്ടില്ല.

➢ **മാഷിന് എത്ര അവാർഡുകൾ ലഭിച്ചിട്ടുണ്ട് ?**

ഇതുവരെ 7 അവാർഡുകളാണ് ലഭിച്ചിട്ടുള്ളത്. 2009-ൽ ജി കുമാരപ്പിള്ള പുരസ്കാരം, 2010 ൽ ഇ കെ ദിവാകരൻ പോറ്റി സ്മാരക പുരസ്കാരം തുടങ്ങിയവ ലഭിച്ചു.

➢ **മാഷ് വിവർത്തനം ചെയ്ത പുസ്തകങ്ങളിൽ ഏറ്റവും പ്രിയപ്പെട്ട പുസ്തകം ഏതാണ് ?**

1987 ൽ മസനോവു ഫുക്കുവോക്ക എഴുതിയ ജർമ്മൻ പുസ്തകം മലയാളത്തിലേക്ക് ഒറ്റ വൈക്കോൽ വിപ്ലവം എന്ന പേരിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നു, അത് ഏറെ പ്രിയപ്പെട്ടതാണ്. ഈ പുസ്തകത്തിന് നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഗാന്ധിയുടെ കഥ, എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, വിവേകത്തിലൂടെ ആരോഗ്യം എന്നീ പുസ്തകങ്ങളും വളരെ പ്രിയപ്പെട്ടതാണ്.

➢ **മാഷിന്റെ പ്രധാന വിനോദങ്ങൾ എന്തെല്ലാമായിരുന്നു ?**

എഴുത്തും വായനയും കൂടാതെ പ്രഭാഷണവും വളരെ ഇഷ്ടമുള്ള ഒരു വിനോദമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പ്രഭാഷകൻ എന്ന മത്സരത്തിൽ ഏറ്റവും നല്ല പ്രഭാഷകനായി തെരഞ്ഞെടുത്തു.

➢ **വളർന്ന് വരുന്ന കുട്ടികൾക്ക് എന്ത് സന്ദേശമാണ് മാഷിന് നൽകാനുള്ളത് ?**

വായിക്കുക തിരിച്ചറിയുക

കൊള്ളേണ്ടത് കൊള്ളുകയും

തള്ളേണ്ടത് തള്ളുകയും ചെയ്യുക

**അനുഭവം**

ഞങ്ങളുമായി നടത്തിയ അഭിമുഖത്തിൽ നിന്ന് ഞങ്ങൾക്കൊരു പ്രത്യേക അനുഭവമാണ് ഉണ്ടായത്. ഞങ്ങൾക്ക് വളരെ ആത്മാർത്ഥമായ സ്നേഹവും സന്തോഷവും തോന്നി. മാത്രമല്ല മാഷിന്റെ അനുഭവങ്ങൾ കേട്ടപ്പോൾ ഞങ്ങൾക്കും സാഹിത്യപരമായി എഴുത്ത് ആരംഭിക്കണമെന്നൊരു ചിന്ത ഉടലെടുത്തു.




കഥ

# ആഴമില്ലാത്ത സ്നേഹം



**ഫാത്തിമ നെഹ**
**മദീന ബാലസഭ**
**മലപ്പുറം**



**സൂ**ര്യൻ തലക്കുമീതെ ചുട്ടുപഴുത്തു നിൽക്കുന്നു. മുറ്റത്താകെ ഉണങ്ങി പഴുത്തും ചിന്നം ചിതറി വീണു കിടക്കുന്ന ഇലകൾ. അവക്ക് അടിയിൽ പാതി ജീവനിൽ നിൽക്കുന്ന വിധം ചെറു പുല്ലുകൾ. മുറ്റത്തിൽ ഒത്ത നടുക്കിൽ ഒരു കൊച്ചു വീട്. അമ്മയുടെ സ്നേഹം ഏറ്റു മേടിച്ചു നിൽക്കുന്ന പച്ചപ്പ് നിറഞ്ഞ ഒരു കുഞ്ഞു പൂന്തോപ്പ്. ഈ ചുട്ടുപൊള്ളുന്ന വേനൽ കാലത്തും തലയുയർത്തി നിൽക്കുന്നു അവയെല്ലാം. അമ്മ ചൂടു കാരണം പുറത്തിറങ്ങാതെ വീടിനകത്ത് നിന്ന് അവയെല്ലാം നോക്കി നിൽക്കുന്നു. ഈ കൊടുംചൂട് തന്റെ ദേഹത്ത് പതിഞ്ഞാൽ തന്റെ അവശേഷിച്ചിട്ടുള്ള ജീവനും നഷ്ടമാകുമെന്ന് ചിന്തിച്ചിരിക്കുന്നു.

"'കണ്ണാ... കണ്ണാ... ഒന്നിങ്ങ് വായോ... അമ്മയ്ക്ക് ഒരു കോപ്പ വെള്ളം കൊണ്ടു തരുമോ... " എന്ന് അമ്മ തന്റെ ഏകമകനായ വിശ്വനാഥനോട് പറഞ്ഞു. വളർന്നു വലുതായി കല്യാണം കഴിഞ്ഞ് സ്വന്തം കാലിൽ, തന്റേതായ നിലപാട് എടുക്കുന്നവനായി മാറിയിരിക്കുന്നു. ആദ്യമൊക്കെ വളരെ സ്നേഹമായിരുന്നല്ലോ അവന് എന്റടുത്ത്. പിന്നെ ഇപ്പോൾ അവന് എന്തുപറ്റി. അമ്മ ആരുടേയും അനക്കം കാണാഞ്ഞപ്പോൾ വളരെ ദുഃഖത്താൽ ചിന്തിച്ചിരിക്കുന്നു. അമ്മയെ വല്ലാണ്ട് എന്തൊക്കെയോ തളർത്തുന്നുണ്ടായിരുന്നു. അൽപ്പസമയം കഴിഞ്ഞ് മകൻ വെള്ളവുമായി അമ്മയുടെ അടുക്കൽ വന്നിട്ട് പറഞ്ഞു. "ഇനി നിങ്ങൾക്ക് എന്തെങ്കിലും വേണമെന്നുണ്ടെങ്കിൽ അവിടെ വന്ന് എടുത്തോളണം. അല്ലാതെ എന്നെയോ അവളെയോ വിളിക്കേണ്ടതില്ല". തന്റെ മനസ്സിന്റെ ഉള്ളിൽ എന്തോ ഒന്ന് പറിച്ചു മാറ്റാനാകാത്ത വിധം അടിച്ചമർത്തിയതു പോലെയായിരുന്നു ആ വാക്കുകൾ.

വാർദ്ധക്യത്തിന്റെ കൂടെ വിധവയും കൂടിയായിരുന്നു. അതിന്റേതായ എല്ലാ ദുഃഖങ്ങളും പ്രയാസങ്ങളും അവർ സഹിച്ചിരുന്നു. അങ്ങനെയിരിക്കേ ഒരിക്കൽ ഒരു ദിവസം മകന്റെ ഭാര്യയുടെ വാക്കുകൾ കേട്ട് അമ്മയെ കണ്ണെത്താ ദൂരത്തേക്ക് ഉപേക്ഷിക്കുവാൻ വേണ്ടി ഒരുങ്ങി. "അമ്മേ നിങ്ങൾക്ക് വേണ്ടതൊക്കെ എടുത്ത് കെട്ടി പൊതിഞ്ഞ് ഒരുങ്ങിയിരുന്നോളു. നമുക്ക് ഒരിടം വരെ പോകുവാനുണ്ട്". "അമ്മേ" എന്ന ആ വാക്ക് ഒരുപാടു നാളുകൾക്ക്

ശേഷമായിരുന്നു അമ്മയേ അങ്ങനെ വിളിച്ചിരുന്നത്. ആ ഒരൊറ്റ വാക്കിൽ താൻ ലയിച്ചുപോയി. തന്നെ ഇങ്ങനെ ഒരിക്കൽകൂടി വിളിച്ചിരുന്നെങ്കിൽ എന്നാഗ്രഹം സഫലമായി. സന്തോഷത്തിന്റെയും സങ്കടത്തിന്റെയും കണ്ണുനീർ ഒരേ സമയം ആ ദയനീയമായ മുഖത്ത് പ്രത്യക്ഷപ്പെട്ടു. എല്ലാം പെറുക്കി കെട്ടി പോകുവാൻ വേണ്ടി ഒരുങ്ങി. "അവളോട് യാത്ര പറയട്ടെ അല്ലെങ്കിൽ അവൾക്ക് സങ്കടമാകും". "അതൊന്നും വേണമെന്നില്ല" മകൻ പറഞ്ഞു. "അവൾക്ക് സന്തോഷമായിരിക്കും. ഒരിക്കലും സങ്കടം ഉണ്ടാകില്ലെന്ന്" അദ്ദേഹം മനസ്സിൽ ചിന്തിച്ചു. ഒരു കൊച്ചുകുട്ടിയെപ്പോലെ അവയെല്ലാം കേട്ട് തലകുലുക്കി നടന്നു. ഇത്രയും സമയം കടന്ന് പോയിട്ടും തന്റെ മകന്റെയടുത്ത് തനിക്കുള്ള വിശ്വാസത്താൽ തന്നെ എങ്ങോട്ടേക്കാണ് കൊണ്ടുപോകുന്നത് എന്ന് ചോദിച്ചില്ലായിരുന്നു.

മരങ്ങളും, പാടങ്ങളും, കെട്ടിടങ്ങളും കടന്ന് പോയിരിക്കുന്നു. സൂര്യൻ അസ്തമിക്കാൻ വേണ്ടിയുള്ള തയ്യാറെടുപ്പിലാണ്. പക്ഷികൾ എല്ലാം അവരവരുടെ കുഞ്ഞുങ്ങളെ ഊട്ടാൻ വേണ്ടി ഒക്കെ ശേഖരിച്ച് കൊണ്ടു കൊടുക്കുന്നു.

എത്തിയെത്തി ഒരു ഉൾഗ്രാമത്തിലായിരുന്നു കാർ നിർത്തിയത്. വളരെ പ്രയാസപ്പെട്ട് തലയുയർത്തി പുറത്തേയ്ക്ക് നോക്കുന്നു. എന്നിട്ട് ഉള്ളിൽ ഒന്ന് വിതുമ്പി. "ഇവിടേക്കായിരിക്കും നീ എന്നെ ഇത്രയും സ്നേഹത്തോടെ കൊണ്ടുവന്നിരിക്കുന്നത്" എന്ന് വളരെ ദയനീയതയും വിഷമവും ആയ മുഖം കൊണ്ട് അവനെ നോക്കി. യാതൊരു വിഷമവും മനസാക്ഷിയുമില്ലാതെയുള്ള ഭാവത്തിലാണ് അയാൾ ഇരിക്കുന്നത്. വളരെ പതുക്കെ വിതുമ്പി താൻ കാറിന്റെ ഡോർ തുറന്നു. സങ്കടം കെട്ടി നിൽക്കുന്ന ആ മനസ്സിന്റെ വേദന വളരെ വലുതായിരുന്നു.

അമ്മയെ ആ വൃദ്ധ സദനത്തിൽ ഏൽപ്പിച്ചു മകൻ മടങ്ങി. ഒരു നോക്ക് കാണാൻ പോലും ആഗ്രഹമില്ലായെന്ന മട്ടിലാണ് അവൻ നടന്നു പോകുന്നത്. ഒരിക്കൽ കൂടിയെങ്കിലും തന്നെ തിരിഞ്ഞു നോക്കുമെന്ന് അമ്മ ആഗ്രഹിച്ചുപോയി.

"അമ്മ എവിടെ കണ്ടിട്ടു കുറച്ചു ദിവസമായി" എന്ന് വീടിന്റെ അടുത്തുള്ള വീട്ടിലെ ഒരു മകൻ വന്ന് അന്വേഷിക്കുകയാണ്. അമ്മയെ എല്ലാ ദിവസവും കാണാൻ വേണ്ടി വരുമായിരുന്നു. ഇടയ്ക്ക് എന്തെങ്കിലും ഒരു പൊതിയും കൂടി കരുതിയായിരുന്നു സന്ദർശനം. കയ്യിൽ ഒരു പൊതിയുമായിട്ടായിരുന്നു അന്നും വന്നിരുന്നത്. "അമ്മയ്ക്ക് ഇത് കൊടുത്ത് ഒന്നും രണ്ടും പറഞ്ഞു പോകാമെന്ന് വിചാരിച്ചാണ് ഞാൻ വന്നത്". "ഞാൻ പാലക്കാട്ട് പോയിരുന്നു അവിടുന്നു വേടിച്ചതാണ്". "കുറച്ച് ദിവസമായി ഞാൻ അമ്മയെ കാണാൻ വന്നിട്ട്. അതുകൊണ്ടായിരിക്കും അമ്മ ഉമ്മറത്തു വരാത്തത് അല്ലേ" എന്നയാൾ പറഞ്ഞു. മറുപടി നൽകാനാകാതെ മകൻ സ്തംഭിച്ചു നിന്നു. എന്നിട്ട് കുറച്ചു സമയം കഴിഞ്ഞ് നടന്നതെല്ലാം പറഞ്ഞു. അതെല്ലാം കേട്ട് അദ്ദേഹം വളരെ സങ്കടത്തിലായി.

"എന്തിനാണ് നിങ്ങൾ ആ പാവത്തെ ഉപേക്ഷിച്ചത്. നിങ്ങൾക്ക് വേണ്ടിയിരുന്നില്ലെങ്കിൽ ഒരു വാക്ക് പറയാമായിരുന്നില്ലേ. ഞാൻ കൊണ്ടുപോയി പൊന്നുപോലെ നോക്കുമായിരുന്നു". അയാൾ വളരെ ദുഃഖത്തോടെ ആ മകനെ നോക്കി പറഞ്ഞു. മറുപടിയൊന്നും പറഞ്ഞില്ല. "നിങ്ങളുടെ കുഞ്ഞുങ്ങളെ നിങ്ങൾ നിങ്ങളുടെ ഒരു ഭാഗം ആയിട്ടായിരിക്കണം വളർത്തേണ്ടത്. നിങ്ങൾ അവരെ ജീവനു തുല്യം സ്നേഹിക്കുകയും അവർ നിങ്ങൾക്കു തരുന്നത് സ്വീകരിച്ചുമായിരിക്കണം ജീവിക്കേണ്ടത്. എന്നാൽ മാത്രമാണ് കുഞ്ഞുങ്ങൾ അമ്മയുടെ ഒരു ഭാഗവും അമ്മ കുഞ്ഞിന്റെ ഒരു ഭാഗവും ആവുക" എന്ന് പറഞ്ഞു ഓർമ്മകൾ നിറഞ്ഞ ആ അമ്മയുടെ സ്നേഹത്തെ ഒക്കെയോർത്ത് അദ്ദേഹം ആ വീടിന്റെ പടി മെല്ലെ ഇറങ്ങി.

കയ്യിൽ ഉണ്ടായിരുന്ന പൊതി അടക്കിച്ചേർത്ത് വെച്ചു. മുറ്റത്തേക്ക് നോക്കി വളരെ ദുഃഖത്തോടെ നിൽക്കുന്ന ഒരു കൂട്ടം ചെടികൾ. അവയെയെല്ലാം തലോടി അദ്ദേഹം തിരിച്ചുപോയി.



# മുഖംമൂടി



**ദയ ബൈജു**
അഭയ ബാലസഭ
കുറ്റിച്ചൽ ബാലസഭ





ഒരു വലിയ കാട്ടിനുള്ളിലാണ് ഈ സംഭവം. ഈ കാട്ടിലുള്ളിൽ രണ്ട് ആടുകൾ ജീവിച്ചിരുന്നു ചിമ്മുവും ചിമ്മിയും അവർ നല്ല സുഹൃത്തുക്കളായിരുന്നു. അവർ സന്തോഷത്തോടെ ജീവിതം മുന്നോട്ട് കൊണ്ടുപോയി.

ഒരു ദിവസം അവർ നടന്നുവരുന്ന വഴിയിൽ മൂക്കൻ എന്നൊരു കുറുക്കൻ ഒരു കെണിയിൽപ്പെട്ട് കിടക്കുന്നത് കണ്ടു. അപ്പോൾ ചിമ്മുവും ചിമ്മിയും പേടിച്ചുപോയി. എന്നാൽ മൂക്കൻ പറഞ്ഞു എന്നെ ഒന്ന് രക്ഷിക്കാമോ ഞാൻ നിങ്ങളെ ഒന്നും ചെയ്യില്ല . എന്നാൽ ചിമ്മി അതൊന്നും ശ്രദ്ധിക്കാതെ നടന്നു. പക്ഷെ ചിമ്മുവിന് അത് വിഷമം ഉണ്ടാക്കി. അവൾ അവനെ രക്ഷിക്കാമെന്ന് പറഞ്ഞു. എന്നാൽ ചിമ്മി അത് സമ്മതിച്ചില്ല. ചിമ്മു അത് കേൾക്കാതെ മൂക്കനെ രക്ഷിച്ചു. എന്നാൽ മൂക്കൻ ചിമ്മുവിനോട് പറഞ്ഞു ഇനി നമ്മൾ നല്ല സുഹൃത്തുക്കളായിരിക്കും . അതിന്ശേഷം ചിമ്മുവും മൂക്കനും വളരെ കൂട്ടുകാരായി നടന്നു. എന്നാൽ ഒരിക്കൽ നമ്മുടെ മൂക്കന് ഭക്ഷണം ഒന്നും കിട്ടാത്ത അവസ്ഥ വന്നു വിശന്ന് വലഞ്ഞ മൂക്കൻ പെട്ടെന്ന് ചിമ്മുവിന്റെ കാര്യം ആലോചിച്ചു. എനിക്ക് എന്നും അവളുടെ കൂട്ടുകാരനായി ഇരിക്കാൻ സാധിക്കില്ല അവൾ നല്ലൊരു മുഴുത്ത ആടാണ് അവളെ കൊന്നാൽ ഒരാഴ്ച കുശാലായിരിക്കും. മൂക്കൻ അതും ഉറപ്പിച്ച് അവരുടെ അടുത്തേയ്ക്ക് നടന്നു. ചിമ്മുവിനെ കണ്ടപ്പോൾ മൂക്കന്റെ മനസ്സിൽ സന്തോഷം നിറഞ്ഞു. നാളെ എന്റെ പിറന്നാളാണ് നിങ്ങൾ രണ്ടുപേരും വരണം എന്ന് അവൻ അവരോട് പറഞ്ഞു. പിറ്റേദിവസം ചിമ്മു മൂക്കന്റെ പിറന്നാളിന് പോകാൻ തീരുമാനിച്ചു. അപ്പോൾ ചിമ്മി പറഞ്ഞു നീ പോകരുത് ഒരു കുറക്കന് ഒരിക്കലും നമ്മുടെ കൂട്ടുകാരനാകാൻ കഴിയില്ല പറയുന്നത് കേൾക്ക്. എന്നാൽ ചിമ്മു അത് കേൾക്കാതെ പോയി. ചിമ്മു മൂക്കന്റെ ഗുഹയുടെ മുമ്പിൽ എത്തിയിട്ട് മൂക്കനെ വിളിച്ചു. മൂക്കൻ അവളെ അകത്തേയ്ക്ക് ക്ഷണിച്ചു. ചിമ്മു ഗുഹയിൽ കയറിയ ഉടനെ മൂക്കൻ അവളെ തിന്നു.

തന്റെ കൂട്ടുകാരി പറഞ്ഞത് കേട്ടിരുന്നെങ്കിൽ ചിമ്മുവിന് ഈ ഗതി വരില്ലായിരുന്നു. നമുക്ക് ചേരാത്ത ആരെയും വിശ്വസിക്കരുത്. അവർ ഒരിക്കൽ ചതിക്കുമെന്ന് ആലോചിക്കുക. ഈ കഥയിലൂടെ നിങ്ങൾക്ക് നല്ലൊരു ഗുണപാഠം നൽകുകയാണ്.

അമിതമായി ആരെയും വിശ്വസിക്കരുത്.

യാത്രാവിവരണം

# നാട്ടിടവഴികളിലൂടെ



**വിധു മിത്രൻ**
മാമ്പ്രത്തൊടി
മലപ്പുറം ജില്ല

**ഓ**രോ യാത്രയും ഓരോ പുതിയ അനുഭവങ്ങളാണ് നമുക്ക് സമ്മാനിക്കുന്നത്. ഞാൻ വിധു മിത്രൻ മാമ്പ്രത്തൊടി, മലപ്പുറം ജില്ലയിലെ ഏറ്റവും ചെറിയ ഗ്രാമ പഞ്ചായത്തായ മക്കരപ്പറമ്പിൽ 10-ാം വാർഡിലെ റെയിൻബോ ബാലസഭയിലെ ഒരംഗമാണ്. എനിക്ക് കൂടുതൽ യാത്രകൾ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും 2021-ലെ ശിശുദിനത്തിൽ ജില്ലാ മിഷൻ സംഘടിപ്പിച്ച പോലീസ് സ്റ്റേഷൻ സന്ദർശനം എന്നെപോലെയുള്ള കുട്ടികൾക്ക് പോലീസ് എന്താണെന്നും അവിടത്തെ നടപടിക്രമങ്ങൾ എന്താണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് നല്ല ഒരു അനുഭവം ആയിരുന്നു. ഇതിന് നേതൃത്വം നൽകിയ ജില്ലാമിഷന് ആദ്യമേ നന്ദി അറിയിക്കുന്നു.

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് കുടുംബശ്രീയിൽ 54 ബാലസഭകൾ ഉണ്ടെന്നാണ് എന്റെ അന്വേഷണത്തിൽ കണ്ടെത്തിയത്. ബാലസഭ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്ന ഒരു CDS ആണ് മക്കരപ്പറമ്പ. അതുകൊണ്ട് തന്നെ പോലീസ് സ്റ്റേഷൻ സന്ദർശനം എന്നത് ഒരു പഠനയാത്ര ആയി ആസൂത്രണം ചെയ്താലോ എന്നുള്ള തീരുമാനം CDS എടുക്കുകയും ഓരോ വാർഡിൽ നിന്നും 4 കുട്ടികളെ സംഘടിപ്പിക്കുകയും 50 പേർ അടങ്ങുന്ന സംഘം രാവിലെ 10 മണിക്ക് യാത്രയാവുകയും ചെയ്തു. കുട്ടികളുമായുള്ള എന്റെ ആദ്യയാത്ര വളരെ ആനന്ദകരമാക്കാൻ ബാലസഭ RP-യും CDS ചെയർ പേഴ്സണും, അക്കൗണ്ടന്റ് സമീറ താത്തയും ശ്രമിച്ചു.

ചെറുപ്പകാലം മുതലേ പോലീസിനെ എനിക്ക് പേടിയാ... അതുകൊണ്ടുതന്നെ ഞാൻ ഫോൺ എടുത്ത് കളിക്കുമ്പോൾ പോലീസ് വരും എന്ന് പറയും. ചെറിയമ്മയുടെ ഫോൺ കോളിൽ ഒരു പോലീസിന്റെ ഫോട്ടോ വെച്ചിരുന്നു. ചെറിയമ്മ വിളിക്കുമ്പോൾ പോലീസ് വിളിക്കാണ് എന്ന്പറഞ്ഞ് എന്നെ പേടിപ്പിക്കുമായിരുന്നു.

പക്ഷേ അന്ന് ആ പേടി മാറിക്കിട്ടി. രാവിലെ 11 മണിക്ക് ഞങ്ങൾ മങ്കട പോലീസ് സ്റ്റേഷനിൽ എത്തി. ഞാൻ എല്ലാവർക്കും പിന്നാലെയാണ്



നടന്നിരുന്നത്. വളരെ നല്ല രീതിയിൽ ആയിരുന്നു ഞങ്ങളെ അവർ സ്വീകരിച്ചത്. ആദ്യം പോലീസ് സ്റ്റേഷന്റെ ഉള്ളിൽ കയറാൻ എല്ലാരോടും പറഞ്ഞു. നിയമ നിർവ്വഹണത്തെക്കുറിച്ചും നടപടിക്രമങ്ങളെ കുറിച്ചും മങ്കട എസ്.ഐ. വിവരിച്ചു. കൂടാതെ സ്റ്റേഷനിലെ ബാലസൗഹൃദം എന്താണെന്നും ലോക്കപ്പിനെകുറിച്ചും പറഞ്ഞുതന്നു. ഏതെല്ലാം തരം തോക്കുകളാണ് സ്റ്റേഷനിൽ ഉള്ളതെന്ന് പരിചയപ്പെടുത്തി. വളരെ നല്ല ഒരു അനുഭവമായിരുന്നു അത്. അതോടെ പോലീസ് എന്ന പേടി എനിക്ക് മാറി കിട്ടി. തുടർന്ന് ഞങ്ങൾ പോയത് മങ്കട പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള മങ്കട കോവിലകം കാണാനായിരുന്നു.

സ്റ്റേഷനിൽ നിന്നും എല്ലാവരും കോവിലകത്തേക്ക് നടന്നു. അവിടെയെത്തിയപ്പോൾ കാട് പിടിച്ച് കിടക്കുന്ന ഒരു വലിയ വീടാണ് കാണാൻ കഴിഞ്ഞത്. മങ്കട കോവിലകത്തെ ഒരു ബന്ധുവിനെ അവിടെ കാണാൻ കഴിഞ്ഞു. അവരോട് അനുവാദം വാങ്ങി ഞങ്ങൾ ഉള്ളിലേക്ക് നടന്നു. 300 വർഷം പഴക്കമുണ്ടത്രെ ഈ കോവിലകത്തിന്. അടൂരിന്റെ സിനിമകൾക്ക് ഛായാഗ്രഹണം നൽകിയ മങ്കട രവിവർമ്മയ്ക്ക് ജന്മം നൽകിയ വീടാണ് മങ്കട കോവിലകം. എട്ട് കെട്ട് വീടാണ് അത്. ചരിത്രത്തിൽ വള്ളുവനാട് രാജവംശത്തിന്റെ ആസ്ഥാനം പന്തല്ലൂർ ആയിരുന്നു. പിന്നീട് അത് കടന്നമണ്ണയിലേക്ക് മാറ്റി. രാജവംശത്തിന്റെ കീഴിലുള്ള മറ്റു കോവിലകങ്ങൾ അരിപ്ര കോവിലകവും, ആയിരം നാഴിപടി കോവിലകവും, കുറുവ



കോവിലകവും, കടന്നമണ്ണ കോവിലകവും ആണ്. പക്ഷേ പല കോവിലകങ്ങളും നശിച്ചുപോയി. എന്നാൽ ചരിത്ര ശേഷിപ്പായി ഇത്തരം കോവിലകങ്ങളും ഉണ്ട്. ഒറ്റത്തടിയിൽ തീർത്ത വലിയ തൂണുകളും, കൊത്തുപണികളോടെയുള്ള വാതിലുകളും, മരം കൊണ്ട് നിർമ്മിച്ച ഒരു പല്ലക്കും അവിടെ കണ്ടു. കോവിലകത്തിന് തൊട്ടടുത്ത് ഒരു ഊട്ടുപുര കണ്ടപ്പോൾ ചരിത്രമുറങ്ങുന്ന മണ്ണിലാണല്ലോ ഞാൻ ഇപ്പോൾ നിൽക്കുന്നതെന്ന് തോന്നിപ്പോയി. വള്ളുവനാട് രാജവംശത്തിന്റെ ആസ്ഥാനമാണ് കോവിലകങ്ങൾ, എല്ലാ കോവിലകങ്ങളും കുടിച്ചേർന്നതാണ് വള്ളുവനാട് രാജവംശം. വള്ളുവനാട് രാജവംശത്തിന്റെ രാജാവിനെ വള്ളുവകോണാതിരി എന്നാണ് അറിയപ്പെട്ടിരുന്നത്. വളരെ നല്ലൊരു അനുഭവമായിരുന്നു ഞങ്ങൾക്ക് ഈ ചരിത്രപരമായ കോവിലകം കണ്ടിറങ്ങുമ്പോൾ കിട്ടിയത്. തുടർന്ന് ഞങ്ങളുടെ യാത്ര മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന തുഞ്ചത്തെഴുത്തച്ഛന്റെ ജന്മദേശമായ തുഞ്ചൻ പറമ്പിലേക്കായിരുന്നു.

ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ ജന്മസ്ഥലത്തേക്ക് പുറപ്പെടുമ്പോൾ ഡ്രൈവർ പറയുന്നത് കേട്ടു, 30 കിലോമീറ്റർ ഉണ്ടെന്ന്. അതു കേട്ടപ്പോൾ ഞങ്ങൾക്ക് സന്തോഷമായി. ഡ്രൈവറോട് ബസ്സിൽ പാട്ടിടാൻ പറഞ്ഞു. ഞങ്ങൾ അത് ശരിക്കും മുതലാക്കി. എല്ലാ കുട്ടികളും ഡാൻസ് ചെയ്തു. വളരെ നല്ല അനുഭവമായിരുന്നു അത്. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് അവിടെ എത്തിയത്. വളരെ ശാന്തമായിക്കിടക്കുന്ന ഒരു പ്രദേശമായിരുന്നു. രണ്ട് മണി ആയതുകൊണ്ടു എല്ലാവർക്കും വിശക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ഭക്ഷണം കഴിക്കാൻ ഒരു ആൽത്തറയുടെ സൈഡിൽ ഇരുന്നു. എല്ലാവരും വീട്ടിൽ നിന്നും കൊണ്ടുവന്ന ഭക്ഷണം ആയതുകൊണ്ടുതന്നെ ഒരുപാട് വിഭവങ്ങൾ ഉണ്ടായിരുന്നു. ഉള്ളതെല്ലാം പരസ്പരം കൈമാറി. മീൻ കറിയും ചിക്കൻ കറിയും സാമ്പാറും തോരനും അച്ചാറും എല്ലാം കൂട്ടി ഭക്ഷണം അടിപൊളിയായി. ജീവിതത്തിൽ മറക്കാൻ പറ്റാത്ത നിമിഷങ്ങൾ ആയിരുന്നു. ഭക്ഷണത്തിന് ശേഷം ഞങ്ങൾ എല്ലാവരും അവിടെയെല്ലാം കാണാൻ ഇറങ്ങി. തുഞ്ചൻ പറമ്പിലെ ഒറ്റക്കല്ലിൽ തീർത്ത തൂണുകൾ ഉള്ള കൃഷ്ണലീല മണ്ഡപം കണ്ടപ്പോൾ അത്ഭുതം തോന്നി. തൂണിൽ എഴുത്തച്ഛനുമായി ബന്ധപ്പെട്ട താമര, നിലവിളക്ക്, തത്ത, ജപമാല എന്നിങ്ങനെയുള്ള പ്രതിമകൾ കൊത്തിവെച്ചിട്ടുണ്ട്. തുടർന്ന് ഓരോയിടങ്ങളിലും ഞങ്ങൾ നടന്നു. മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ തിരൂരിലെ തുഞ്ചൻപറമ്പിൽ ജനിച്ചെന്നും ചിറ്റൂർ ഗുരുമഠത്തിൽ മരിച്ചെന്നും വിശ്വസിക്കപ്പെടുന്നു. 16-ാമത്തെ വയസ്സിൽ അദ്ദേഹം തഞ്ചാവൂർ തിരുവാട്ടതുറൈ അദീനത്തിലേക്ക് പഠിക്കാൻ പോയി 24-ാം വയസ്സിൽ തിരിച്ചെത്തുന്നത് തിരൂരിലെ കളരിയിലേക്കായിരുന്നു. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണല്ലോ എഴുത്തച്ഛൻ അതുകൊണ്ട് തന്നെ കിളിയുടെയും എഴുത്താണിയുടെയും ഒരു ശിൽപ്പം അവിടെയുണ്ടായിരുന്നു. തുടർന്ന് സരസ്വതി മണ്ഡപത്തിലേക്ക് പോയി. അവിടെയാണ് കുട്ടികൾ വിദ്യാരംഭം കുറിക്കുന്നത് (എഴുത്തിനിരുത്തൽ). തുടർന്ന് എഴുത്തച്ഛൻ ധ്യാനിച്ചിരുന്ന കാഞ്ഞിരമരത്തിന്റെ ചുവട്ടിലൂടെ നടന്നപ്പോൾ ആ മഹാനെ തൊട്ടറിയാൻ സാധിച്ചു. പിന്നീട് മ്യൂസിയത്തിൽ കയറി ഒരുപാട് കാണാനും അറിയാനും കഴിഞ്ഞു. മ്യൂസിയത്തിന്റെ മുകളിലത്തെ നിലയിൽ ഒരു തീയേറ്റർ ഒരുക്കിയിട്ടുണ്ട്. അവിടെ നിന്ന് തുഞ്ചൻപറമ്പിനെക്കുറിച്ചും അതിന്റെ ഐതീഹ്യങ്ങളെക്കുറിച്ചും ഒരു ഡോക്യുമെന്ററി കാണാൻ ഇടയായി. അത് എല്ലാവർക്കും പുതിയ അറിവുകളായി. മലയാള ഭാഷയുടെ പിതാവ് ഇന്നും ജീവിക്കുന്നതായി തോന്നി. തുടർന്ന് കൂട്ടായി ബീച്ചിലേക്കായിരുന്നു ഞങ്ങളുടെ യാത്ര, വൈകുന്നേരം 5 മണിക്ക് കൂട്ടായി കടപ്പുറം എത്താറായപ്പോൾ എല്ലാവർക്കും വളരെ ആഹ്ലാദം. ബസ്സിന് പാർക്കിംഗ് സൗകര്യം കിട്ടി. എല്ലാവരും ബീച്ചിലേക്ക് നടന്നു. വളരെ സൗന്ദര്യം ഉളവാക്കുന്ന സായാഹ്നം. കാറ്റാടി മരങ്ങളുടെ ഇടയിലൂടെ നടന്ന് കടൽതീരത്തേക്ക് നടന്നടുക്കുമ്പോൾ വല്ലാത്തൊരു അനുഭൂതിയായിരുന്നു. അന്ന് ഒരുപാട് സന്തോഷം നൽകിയ ദിവസം. ഇതിന് അവസരം തന്ന മലപ്പുറം ജില്ലാ മിഷനോടും മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് കുടുംബശ്രീയോടും ഒരുപാട് നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം

**വിധു മിത്രൻ**







മാതൃകാപ്രവർത്തനം

# മൊട്ടൂസ്

**ദേവരാജ്**
മടിക്കൈ സി ഡി എസ്
കാസറഗോഡ് ജില്ല

**കോ**വിഡ് എന്ന മഹാമാരി ലോകത്തെ ആകമാനം കിടുകിട വിറപ്പിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുന്ന ഒരു കൊച്ചു കുട്ടിയായിരുന്നു. ശരീരം കൊണ്ട് അകലം പാലിക്കുവാൻ മനുഷ്യരോട് ആഹ്വാനം ചെയ്ത് ലോകജനതയെ തന്നെ പൂട്ടിലാക്കിക്കൊണ്ട് കോവിഡ് കടന്നുവന്നപ്പോൾ എന്റെ കൊച്ചു മനസ്സും പൂട്ടിലായി പോയി. ലക്ഷക്കണക്കിന് ആളുകൾ രോഗത്തോട് പൊരുതി നിൽക്കുവാൻ ആവാതെ മരണത്തിന് കീഴടങ്ങുമ്പോൾ പ്രതിസന്ധിഘട്ടങ്ങളെ കഴിച്ചുകൂട്ടി ഇരുട്ടുമൂടിയ ഇടങ്ങളിലേക്ക് മാറി താമസിക്കുവാൻ അവരെ തിരിച്ച് ജീവിതത്തിലേക്ക് നടത്തിപ്പിക്കുവാൻ ഞാനും തയ്യാറായി. കൊറോണ സമയത്ത് എല്ലാവരും ഒറ്റയടിക്കുക എന്നത് ഒരു വിനോദമായി ഏർപ്പെട്ടപ്പോൾ എനിക്കും അതിയായ ആഗ്രഹം തോന്നി. പക്ഷേ ആ സമയത്ത് മുടി മുറിക്കുന്ന കടകളൊന്നും തുറന്നില്ല. വീട്ടിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് എന്റെ വല്യച്ഛൻ നല്ലൊരു സുന്ദരൻ മൊട്ട എനിക്ക് ഉണ്ടാക്കി തന്നു. അങ്ങനെ മുട്ട തടവി തടവി അച്ഛൻ ഒരു പേരു കണ്ടു പിടിച്ചു. മൊട്ടൂസ്... കുഞ്ഞു വീഡിയോ ഞാൻ ചെയ്തു. കണ്ടവരൊക്കെ നല്ല അഭിപ്രായം പറഞ്ഞപ്പോൾ വീണ്ടും വീണ്ടും വീഡിയോകൾ ചെയ്യുവാൻ എനിക്ക് പ്രേരണയായി. ഓരോ ദിവസവും വ്യത്യസ്ത തരത്തിലുള്ള കൊറോണക്കെതിരെ ബോധവൽക്കരണമുയർത്തുന്ന വീഡിയോകൾ ചെയ്തു. കൊറോണയെ എങ്ങനെയെങ്കിലും നാട്ടിൽ നിന്ന് ഇല്ലാതാക്കാം എന്നത് മാത്രമായിരുന്നു എന്റെ കുഞ്ഞു മനസ്സിന്റെ ആഗ്രഹം. അതിനായി കുട്ടികളെയും അധ്യാപകരെയും മുതിർന്നവരെയും അങ്ങനെ പല മേഖലയിൽ പെട്ടവരെയും കുഞ്ഞുകുഞ്ഞു വീഡിയോകളിലൂടെ ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. അപ്രതീക്ഷിതമായി പതിനഞ്ചാമത്തെ എപ്പിസോഡ് പൂർത്തിയായ വേളയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി





പിണറായി വിജയന്റെ അഭിനന്ദനങ്ങൾ സന്ദേശമായി എന്നെ തേടിയെത്തി. അത് എനിക്ക് വലിയ സന്തോഷമാണ് നൽകിയത്. അത് മാത്രവുമല്ല വിവിധ രാഷ്ട്രീയ സംസ്കാരിക മേഖലയിലെ പ്രമുഖർ എനിക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും നേരിൽ വന്ന് അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നേരം പുലരുമ്പോൾ എന്റെ മനസ്സിൽ ഒരു ചിന്ത മാത്രമായിരിക്കും; ഇന്ന് എന്ത് വീഡിയോ ആണ് ചെയ്യേണ്ടത്. രാവിലെ അമ്മയോടും അച്ഛനോടും എഴുന്നേറ്റ ഉടനെ എന്റെ ചോദ്യം ഇതായിരുന്നു. അമ്മ സ്വിഫ്റ്റ് റെഡിയാക്കി വെച്ചിട്ടുണ്ടാകും. അച്ഛൻ വീഡിയോ ചെയ്യുവാൻ തയ്യാറായിട്ടുണ്ടാകും. എല്ലാ സഹായത്തിനും എന്റെ ചേച്ചിയും കൂടെയുണ്ടാകും. അങ്ങനെ 91-ാം എപ്പിസോഡ് പൂർത്തിയായ വേളയിൽ ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡിൽ ഇടനെ നേടിക്കൊണ്ട് അഭിമാനകരമായ ഒരു നേട്ടം കൈവരിക്കുവാൻ എനിക്ക് സാധിച്ചു. അങ്ങനെ ഏകദേശം നൂറോളം എപ്പിസോഡുകൾ ഞാൻ പൂർത്തിയാക്കി എല്ലാവരും വീട്ടകങ്ങളിൽ ഒറ്റപ്പെട്ടു പോയപ്പോൾ നല്ല നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് സമൂഹത്തിനുവേണ്ടി എന്നാലാകും വിധം 12 തവണ മൊട്ടയടിച്ച് മൊട്ടൂസായി എല്ലാവർക്കും ഇടയിൽ എത്താൻ കഴിഞ്ഞു എന്നത് ഒരു കൊച്ചു കുട്ടി എന്ന നിലയിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഇനിയും ഇത്തരം നല്ല പ്രവർത്തനങ്ങൾ ചെയ്യാനാണ് എന്റെ ആഗ്രഹം. ■

## കവിത




ഹിദയ കെ.കെ
കളിക്കൂട്ടം
ചൊക്ലി സി ഡി എസ്
കണ്ണൂർ



# പെയ്തൊഴിയാതെ


ചിന്നിച്ചിതറിമണ്ണിൽ
ചേർന്നലിയുമൊരുമഴ
മധുരമായ മന്ത്രസ്വരത്തോടെ
വീണലിയും പുതുമഴ...

മണ്ണിൽ പുതു നാമ്പുകൾ വിടർത്തി
മനസ്സിൽ പുതുചിന്തകൾഉണർത്തി
എങ്ങും പുതു പൂമണം പരത്തി
പുഞ്ചിരിതൂകുമൊരു പുതുമഴ...

ആടിത്തിമിർത്തലയടിച്ചും
തുള്ളിത്തിമിർത്താർത്തലച്ചും
സംഹാര നൃത്ത ചുവടുവച്ചും
പെരുവെള്ള പാച്ചിലായികുതിച്ചെത്തിയും...

മനസ്സിൽതീരാവിരഹമായി
മണ്ണിൽതോരാ നഷ്ടമായി
മായാത്ത സങ്കടക്കടലായ്
ഭീതിയായി ആഴ്ന്നിറങ്ങി
പെയ്തൊഴിയാത്തതെന്തേ ഈ
നൊമ്പരം
പെയ്തൊഴിയാത്തതെന്തേ....





**ചിത്രം വരച്ചത്: അദ്വൈത്**
നവരത്ന ബാലസഭ, പിലിക്കോട് സി ഡി എസ് **കാസറഗോഡ് ജില്ല**

കഥ

# ജലമർമ്മരം

ഗായത്രി.ആർ
പുലരി ബാലസഭ,
ശാസ്താംകോട്ട
വാർഡ്.4

ചതുരപ്പെട്ടിയിലെ മായകാഴ്ചകൾ അവ്യക്തമായ നിഴലുകളായി ചലിച്ചുതുടങ്ങിയപ്പോഴാണ് വൃദ്ധൻ വീടിന് പുറത്ത് പൂമ്പാറ്റകളുടെ കലപിലശബ്ദം കേൾക്കുന്നത്. തിമിരം ബാധിച്ച കണ്ണുകൾ കഴിയാവുന്നവിധം തുറന്ന് വിറയാർന്നകാലുകളുമായി അയാൾ പുറത്തേക്കിറങ്ങി. പൂമുഖത്ത് എത്തുന്നതിന് മുമ്പ് തന്നെ മെലിഞ്ഞ കൈകളിൽ പിടിവീണു.

"മുറിയിൽ നിന്നിറങ്ങരുതെന്ന് നിങ്ങളോട് പറഞ്ഞിട്ടുള്ളതല്ലേ............."
മരുമകളുടെ പരുക്കൻ ശബ്ദം!

"എനിക്ക് പൂമ്പാറ്റകളെ കാണണം..........."

"നോക്ക്, എന്നെ തേടിയാണ് ആ പൂമ്പാറ്റകൾ വന്നിരിക്കുന്നത്..... അവർ എന്നെക്കുറിച്ചാണ് സംസാരിക്കുന്നത്"

"ഈ വയസ്സുകാലത്തല്ലെ നിങ്ങളെക്കാണാൻ പൂമ്പാറ്റ വന്നിരിക്കുന്നത് അവൾ വൃദ്ധന്റെ മെലിഞ്ഞ കൈകളിൽ വലിച്ച് കസേരയിൽകൊണ്ടിരുത്തി.


"ഈ മുറിയിൽ നിന്ന് ഇനി ഇറങ്ങിപ്പോകരുത്..."
മരുമകളുടെ പിടിവലിയിൽ കൈകൾ വേദനിച്ചെങ്കിലും അയാളൊന്നും പറഞ്ഞില്ല. അയാളുടെ മനസ് അപ്പോഴും പൂമ്പാറ്റകൾക്കൊപ്പം ആയിരുന്നു. വിവിധ വർണ്ണങ്ങളിലുള്ളവ, തേൻതേടി വരുന്നവ. താൻ എന്നാണ് അവസാനമായി

പൂമ്പാറ്റകളുടെ ശബ്ദം കേട്ടത്... വൃദ്ധനോർത്തു. മക്കളെല്ലാം വളർന്നപ്പോൾ ഓഹരിയെല്ലാം വീതം വെച്ചു. ഇളയമകന് ലഭിച്ചത് വീടിനോടു ചേർന്നുള്ള നാല്പത് സെന്റ് നിലമായിരുന്നു. ആ നിലം നികത്തി വീടുവെക്കാമെന്ന് ആദ്യം നിർദ്ദേശിച്ചത് മരുമകളായിരുന്നു. ആ വീടിന്റെ മട്ടുപാവിലിരുന്നാൽ നോക്കെത്താദൂരം പരന്നുകിടക്കുന്ന നെൽപ്പാടങ്ങളും അതിന് അരഞ്ഞാണമെന്നപോലെ ഒഴുകുന്ന പുഴയും കാണാം. എത്രകണ്ടാലും മതിവരാത്ത ആ കാഴ്ചയാണ് നഷ്ടമാകുന്നത്! വൃദ്ധൻ എതിർത്തെങ്കിലും ആരും ആ ദുർബലശബ്ദം പരിഗണിച്ചില്ല. ഒടുവിൽ നാല്പ്പത് സെന്റ് സ്ഥലവും അതിലേക്ക് ജലമൊഴുകിവരുന്ന നീരുറവകളും നികത്തി പുതിയൊരു കോൺക്രീറ്റ് സൗധം പണിഞ്ഞപ്പോൾ മകനും മരുമകളും അഭിമാനംകൊണ്ടു. ഇതുപോലൊരു കെട്ടിടം ഈ നാട്ടിലില്ല! വൃദ്ധന് ആ കെട്ടിടം അപമാനമായിട്ടാണ് തോന്നിയത്! ഇന്നലെവരെ തനിക്ക് അന്നം നൽകിയിരുന്ന നെൽപ്പാടമാണ് ഇന്നൊരു കോൺക്രീറ്റ് കാടായി മാറിയിരിക്കുന്നത്. ആ കെട്ടിടം ഉയർന്നതോടെ അയാളെ, അന്നുവരെ വിളിച്ചുണർത്തിയിരുന്ന പക്ഷികളുടെ മധുരശബ്ദവും പൂമ്പാറ്റകളുടെ മൃദുമർമ്മരവും അയാൾക്ക് അന്യമായിപ്പോയി.

വൈകിട്ട് സ്കൂളിൽ നിന്ന് വന്ന കൊച്ചുമക്കളെ കണ്ടപ്പോൾ വൃദ്ധൻ ചോദിച്ചു.

"മോളേ നീ വഴിയിൽ പൂമ്പാറ്റകളെ കണ്ടിരുന്നോ, അവർ എന്നെ തിരക്കിയോ?

"പൂമ്പാറ്റകളോ? അതെന്താ? കൊച്ചുമകളുടെ സ്വരത്തിൽ പരിഹാസമാണോ അത്ഭുതമാണോയെന്ന് വൃദ്ധന് തിരിച്ചറിയാൻ. കഴിഞ്ഞില്ല! "മനോഹരമായ ചിറകുള്ള തേൻ





തേടിവരുന്ന പൂമ്പാറ്റകളെ?''

''പൂമ്പാറ്റയോ. ഞാൻ ഇതുവരെ അങ്ങനെയൊന്നിനെയും കണ്ടിട്ടേയില്ലല്ലോ?''

''മനോഹരമായ ചിറകുള്ള പൂന്തേനുണ്ണാൻ വരുന്ന പൂമ്പാറ്റകളെ?'' വൃദ്ധൻ വീണ്ടും.

''എനിക്കറിയില്ല. എനിക്കീ മുത്തച്ഛന്റെ ഭാഷയൊന്നും മനസ്സിലാകുന്നില്ല.''

വൃദ്ധന്റെ ഭാഷ ആർക്കും മനസിലാകില്ല. ആ ഭാഷ മനസിലാക്കുന്നവർ ഒരിക്കൽ ഇവിടെ ഉണ്ടായിരുന്നു! പുന്നെല്ലിൻ കതിര് അരിയാൻ വന്നിരുന്ന പഞ്ചവർണ്ണക്കിളിയോട് അയാൾ ക്ഷേമം അന്വേഷിച്ചിരുന്നു. പാടത്തിൻ നടുവിലൂടെ ഒഴുകിയിരുന്ന പുഴയിലെ പരൽമീനുകളോട് അയാൾ കിന്നാരം പറയുമായിരുന്നു. പാടവരമ്പത്തിരുന്ന് കരയുന്ന തവളകളും അവയെത്തേടിയെത്തുന്ന നീർക്കോലികളും അയാളുടെ ചങ്ങാതിമാരായിരുന്നു. തേൻ തേടി വന്നിരുന്ന പൂമ്പാറ്റകൾ അയാൾക്ക് മാത്രം കേൾക്കാവുന്നതരത്തിൽ കലപില കൂട്ടിയിരുന്നു.

രാത്രിയിൽ മകൻ വന്നപ്പോൾ മരുമകൾ, വൃദ്ധൻ പൂമ്പാറ്റയെ തേടിപ്പോയ കാര്യം പറഞ്ഞു.

''ഇപ്പോൾ ഭ്രാന്തിന്റെ അസുഖംകൂടി അന്ന് ഉണ്ടെന്നാതോന്നുന്നത്. നിങ്ങളോട് പറഞ്ഞതല്ലേ. ഏതെങ്കിലും വൃദ്ധസദനത്തിലാക്കൂ മാസാമാസം ചെലവിന് കൊടുത്താ മതിയല്ലോ ....''

അയാൾ അതിന് മറുപടിയൊന്നും കൊടുത്തില്ല.

''എന്താണച്ഛാ പൂമ്പാറ്റ? മകളുടെ ചോദ്യം

''അതൊരു ജീവിയാണ് മോളേ, മനോഹരമായ ചിറകുകളുള്ള ജീവി''

മകൻ കടന്നുവരുമ്പോൾ വൃദ്ധൻ മുറിയുടെ മൂലയിൽ ഇരുചെവികൾക്കും മേലെ കൈപ്പടംവച്ച് എന്തിന്റെയോ ശബ്ദം ശ്രവിക്കുകയായിരുന്നു.

''മോനേ നീ പൂമ്പാറ്റകളുടെ ശബ്ദം കേൾക്കുന്നുണ്ടോ? അവര് എന്നെതേടി വന്നതാണ് നമ്മുടെ പാടം മുഴുവൻ കാണിച്ചു കൊടുക്കണം അവർക്ക്. ആവശ്യമുള്ള തേൻ നുകരട്ടേ'' മകൻ മറുപടി പറയാതെ വൃദ്ധനെ സൂക്ഷിച്ചുനോക്കി തിമിരം ബാധിച്ച് നിറം മങ്ങിയ ആ കണ്ണുകളിൽ പീള പറ്റിപ്പിടിച്ചിരിക്കുന്നു. ആ മെലിഞ്ഞ കൈകളിൽ അയാൾ തലോടി ആ കൈകൾ എത്ര മെലിഞ്ഞിരിക്കുന്നു. താൻ എത്രയോ നാളായി അച്ഛന്റെ കാര്യങ്ങൾ ശ്രദ്ധിച്ചിട്ട്.

അതോർത്തപ്പോൾ അയാൾക്ക് കുറ്റബോധംതോന്നി ഈ കൈകളിൽ തൂങ്ങിയല്ലേ ഞാൻ ഈ പാടം മുഴുവൻ ഓടിനടന്നിരുന്നത്, പൂമ്പാറ്റകളോടും തുമ്പികളോടും കുശലം പറഞ്ഞിരുന്നത്, പൂമ്പാറ്റകൾ മരിച്ചുപോയവരുടെ ആത്മാവാണെന്നാണ് അച്ഛൻ പഠിപ്പിച്ചിരുന്നത്. മരിച്ചവർ ഉറ്റവരെകാണാൻ പൂമ്പാറ്റകളുടെ രൂപത്തിൽ വരുന്നതാണ്. അവയെ ഉപദ്രവിക്കരുത്. ഈ പാടവരമ്പിലെ കലംപൊട്ടി പൂക്കളിലും കാക്കാത്തിപ്പൂക്കളിലും ആണ് താൻ വസന്തത്തെ കണ്ടിരുന്നത്. അതെല്ലാം ഇന്നെവിടെ? പാടങ്ങൾ നികന്ന് കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നപ്പോൾ അതെല്ലാം ഓർമ്മകളായി. ഇവിടെ നിലംനികത്തി ആദ്യത്തെ കോൺക്രീറ്റ് കെട്ടിടം പണിതത് താനായിരുന്നല്ലോ! പിന്നെപ്പിന്നെ ചുറ്റുമുള്ളവർ അതാവർത്തിച്ചപ്പോൾ പാടംതന്നെ ഇല്ലാതായി. പൂമ്പാറ്റകളും തവളകളും കാക്കാത്തിപ്പൂവും ഇന്നെവിടെ?

കാററും മഴയും വെയിലുമേൽക്കാതെ ചുരുണ്ട്കൂടാൻ ഉള്ള ഒരിടത്താവളം, ചിരിക്കും ചിന്തയ്ക്കും ഊർജ്ജം നൽകുന്ന ആശ്വാസകേന്ദ്രം, അതായിരുന്നു അച്ഛന്റെ സങ്കല്പത്തിലെ വീട് ആ സ്ഥാനത്താണ് തലമുറകൾക്ക്തന്നെ ശാപം നൽകിയ തന്റെ കോൺക്രീറ്റ് കെട്ടിടം അയാൾ കുറ്റബോധത്തോടെ വൃദ്ധന്റെ കൈകളിൽ മുഖമമർത്തി.

''അച്ഛാ........., നാളെ ഞാൻ അച്ഛനെ പൂമ്പാറ്റകളെ കൊണ്ട് കാണിക്കാം ഒന്നല്ല ഒരായിരം പൂമ്പാറ്റകളെ പലനിറത്തിലുള്ളവർ, പ്രിയപ്പെട്ടവരുടെ ആത്മാക്കളെ.........''

അവിശ്വസനീയമായ എന്തോ ഒന്ന് കേട്ടതുപോലെ വൃദ്ധന്റെ പീളകെട്ടിയ കണ്ണുകൾ വിടർന്നു തിമിരം ബാധിച്ച് നിറം മങ്ങിയ കണ്ണുകളിൽ പുതിയൊരു വെളിച്ചം.

എല്ലാവരും ഉറങ്ങിയിട്ടും വൃദ്ധന് ഉറക്കം വന്നില്ല പുറത്ത് പൂമ്പാറ്റകളുടെ ശബ്ദം ഉയർന്നുയർന്നു വരുന്നു. അവ തന്നെ മാടിവിളിക്കുന്നതുപോലെ അയാൾ ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്ന് വിറയാർന്ന കാലുകളൂന്നി പുറത്തേക്കിറങ്ങി, മുറ്റം നിറയെ പൂമ്പാറ്റകൾ. പലനിറത്തിൽ പലതരത്തിൽ അവ അയാൾക്ക് ചുറ്റും നൃത്തംവച്ചു. മനസ്സിൽ പുതിയൊരു ഉണർവ്വ്. കാലുകൾക്ക് പുതിയൊരു വേഗവും ബലവും. ദൂരെ പുഴക്കരയിൽ പൂമ്പാറ്റകളുടെ ആഹ്ളാദനൃത്തം. അയാൾ കാലുവലിച്ച് നടന്നു കാലടികൾക്ക് തണുപ്പിന്റെ നനുത്ത സ്പർശം. ചുറ്റും നൃത്തമാടുന്ന പൂമ്പാറ്റകളിൽ ഒന്നായിത്തീരാൻ അയാൾ കൊതിച്ചു. അയാളുടെ കാലടികൾ കൂടുതൽ കൂടുതൽ നനവിലേക്ക് ആഴ്ന്നിറങ്ങാൻ തുടങ്ങി. ●




## യാത്രാവിവരണം

# ഓർമ്മയിൽ ഒരു ഓണം അവധിക്കാലം

**ഐശ്വര്യ ഉണ്ണി**
മിന്നാമിന്നി കൂട്ടം ബാലസഭ,
വെള്ളിയാമറ്റം സിഡിഎസ്.
ഇടുക്കി ജില്ല.

**വെ**ള്ളിയാഴ്ച തിരുവോണം കഴിഞ്ഞുള്ള ദിവസം. ഞാൻ ഇന്ന് വളരെ സന്തോഷത്തിലാണ് കാരണം രണ്ടു വർഷത്തിനുശേഷം എൻറെ അമ്മയുടെ വീട്ടിലേക്ക് പോവുകയാണ്. അമ്മയും ഞാനും അനിയത്തിയും അമ്മയുടെ അമ്മയും കൂടിയാണ് പോകുന്നത്. ഞങ്ങൾ ഇതുവരെ ഒറ്റയ്ക്ക് പോയിട്ടില്ല അതുകൊണ്ട് തന്നെ അമ്മമ്മ ഞങ്ങളെ കൊണ്ടുപോകാൻ വന്നതാണ്.

നേരം പുലർന്ന് വരുന്നതേയുള്ളൂ അച്ഛനോടും അച്ഛൻറെ അമ്മയോടും യാത്ര പറഞ്ഞു ഇറങ്ങി. നാലുപേരും കൂടി ബസ്റ്റോപ്പിലേക്ക് നടന്നു. ചെറിയ ചാറ്റൽ മഴ ഉണ്ടായിരുന്നു. ബസ്സിൽ കയറി ഞങ്ങൾ യാത്ര തുടർന്നു. എത്ര മനോഹരമായ കാഴ്ചയായിരുന്നു! കോടമഞ്ഞ് നിറഞ്ഞ മലകളും പച്ചപ്പ് നിറഞ്ഞ തോട്ടങ്ങളും നല്ല തണുത്ത കാറ്റും. ബസ് തൊടുപുഴയിൽ എത്തിയത് പോലും അറിഞ്ഞില്ല. ബസ്സിൽ നിന്നിറങ്ങി ഒരു ഹോട്ടലിൽ കയറി കാപ്പി കുടിച്ചു. ശേഷം എറണാകുളത്തേക്കുള്ള ബസിൽ കയറി. വളരെ പെട്ടെന്ന് തന്നെ ബസ് കിട്ടി. ബസ് നീങ്ങി തുടങ്ങി ഞാൻ മുഖത്ത് വച്ചിരുന്ന മാസ്ക് മാറ്റി. പക്ഷേ അമ്മ അതിന് സമ്മതിച്ചില്ല. കാരണം കൊറോണ നമ്മുടെ ഇടയിൽ നിന്നും പോയിട്ടില്ലായിരുന്നു. ബസ് എറണാകുളം ജില്ലയിലേക്ക് കടന്നു. അതുവരെ കണ്ട കാഴ്ചകൾക്ക് മാറ്റവും വന്നുതുടങ്ങി. വലിയ കെട്ടിടങ്ങളും തിരക്കേറിയ റോഡുകളും ആകെ ബഹളം. ഇനി അടുത്ത ബസ്സിലേക്ക്. ഹോ! മടുത്തു. ഇപ്പോൾ തന്നെ മൂന്നു ബസ് ആയി. ഞങ്ങൾ ആ ബസ്സിൽ നിന്നും പറവൂർ എന്ന സ്ഥലത്ത് ഇറങ്ങി. ഓട്ടോയിൽ കയറി അമ്മയുടെ വീട്ടിലേക്ക്. ഞാനും അനിയത്തിയും കൂടി ഓടി കായലിന്റെ അരികിൽ ചെന്നു. ഹോ എത്ര നാളായി ഈ കാഴ്ച കണ്ടിട്ട്! ആഫ്രിക്കൻ പായൽ പച്ചവിരിച്ച പാടം പോലെ കിടക്കുകയാണ്. ചെറിയ വള്ളങ്ങൾ കടന്നു പോകുന്നു.

ഞങ്ങൾ കുളിച്ചു വന്നപ്പോൾ പുഴമീൻ കൂട്ടി നല്ലൊരു ഊണ് കഴിച്ചു. ഉച്ചകഴിഞ്ഞപ്പോൾ അമ്മയുടെ സഹോദരിമാർ വന്നു. പിറ്റേദിവസം എല്ലാവരും കൂടി ബന്ധുവീടുകളിൽ സന്ദർശനത്തിനായി പോയി.

ഞായറാഴ്ച ദിവസം എല്ലാവരും ചേർന്ന് ഫോർട്ട് കൊച്ചി ബീച്ചിലേക്ക് പോയി. ഓണാവധിക്കാലം ആയതിനാൽ നല്ല തിരക്ക് ഉണ്ടായിരുന്നു. കടലിൽ ഇറങ്ങി, പാർക്കിൽ പോയി. നല്ല രസമുണ്ടായിരുന്നു. സൂര്യൻ കടലിലേക്ക് ആഴ്ന്നിറങ്ങി. ഇരുട്ടു പരന്ന രാത്രിയോടുകൂടി ഞങ്ങൾ തിരിച്ചെത്തി. പിറ്റേന്ന് വീട്ടിലേക്ക് തിരിച്ചു പോവുകയാണ്. അമ്മ ഞങ്ങളെ ബസ്സിൽ കയറ്റി. ആദ്യമായിട്ടാണ് ഞാനും അമ്മയും അനിയത്തിയും ഒറ്റയ്ക്ക് പോരുന്നത്. അമ്മാമ്മയോട് യാത്ര പറഞ്ഞിറങ്ങി. അമ്മമ്മയുടെ കണ്ണുകൾ നിറഞ്ഞു. ഞങ്ങൾക്ക് മൂന്ന് പേർക്കും നല്ല സങ്കടം ഉണ്ടായിരുന്നു. അമ്മമ്മയുടെ കൂടെയുള്ള ഒരു നല്ല ഓണ അവധിക്കാലം മനസ്സിൽ ഓർത്തുകൊണ്ട് ഞാൻ അമ്മയുടെ തോളിലേക്ക് തലചായ്ച്ചു.



കവിത

# വേർപാട്

**ദേവിക പ്രസാദ്**
രുദ്രാജ്യോതി ബാലസഭ
നെടുമ്പന കുടുംബശ്രീ സി.ഡി.എസ്സ്
വാർഡ് 6, ഇളവൂർ

മന്ദമായി ഒഴുകി വരുന്ന നിളാനദിയിൽ
മൗനമായി നോക്കി ഞാൻ നിന്നു,
ഓർമ്മയിലാ പഴയ രൂപം.
കുതിച്ചൊഴുകി പളുങ്കുമണിപോൽ
നിന്നെ കാണാനുതകിയ കാലം.
നിന്നിൽ അലിയാൻ കൊതിയോടെ നിന്ന ബാല്യം.
നിന്റെ കുളിർമയിൽ കാതോർത്ത് ഞാൻ
ആ ശീതളിമയിൽ കുളിർന്നു നിൽക്കവേ
വെൺമയാർന്ന നിൻ മുഖം പുൽകി ഞാൻ
കൂട്ടുകാരൊത്തു നീരാടാൻ ഇറങ്ങവേ,
അമ്മ ഓടിയടുത്തു ശകാരവുമായി
ദീനം പിടിക്കുമെന്നോർത്തു മാതാവപ്പോൾ
ദൈന്യതയോടെ ഞാൻ നിന്നു.
നിൻ അഴകിൽ നിൻ കുളിർമയിൽ
മതിമറന്ന് നിൽക്കവേ,
കൊതിയോടെ നിന്നെനോക്കി നിന്ന കാലം
ഓർമ്മകൾ മറയുന്നു, ഇന്നലകൾ മറയുന്നു.
ഇന്നിതാ കൺമുന്നിൽ തെളിയുന്നു.
ഇരുണ്ട മാലിന്യമാർന്ന നിൻ മുഖം
കണ്ണുനീർ തുള്ളികൾ ധാരയായി പെയ്യവേ
കാഴ്ചകൾ മറയുന്നു മുന്നിൽ
കാതിൽ നിൻ അലതൻ ശബ്ദം മാത്രം,
നീ കരയുന്നു, കൂടെ ഞാനും:
നിന്നെയിന്നാർക്കും വേണ്ടാതായി
ചവറുകൾ വാരിയെറിയുന്ന ജനം,
മാലിന്യക്കൂമ്പാരമായി നിളാ നദി,
എന്നു കാണും നിൻ പഴയ മുഖം
എന്നു കാണും നിൻ പഴയ രൂപം
നിറകണ്ണോടെ ഞാൻ നിന്നെയും നോക്കി,
കാലം മറയുമോ, ഓർമ്മകൾ മായുമോ...
കേഴുവാൻ മാത്രമായി ഞാൻ നിൽപ്പൂ.....



# ലഹരിരഹിത ജീവിതം നിത്യഹരിത ജീവിതം

ദുർഗശ്രീ
നന്ദനം ബാലസഭ
പട്ടിത്തറ



**G.V.H.S.S വട്ടേനാട് 7ാം ക്ലാസ്സ് വിദ്യാർത്ഥിനി ദുർഗ്ഗശ്രീ പിതൃത്താല റേഞ്ച് സിവിൽ എക്സൈസ് ഓഫീസറായ വി.പി മഹേഷുമായി നടത്തിയ അഭിമുഖം.**

■ **കഞ്ചാവിന് ഔഷധ ഗുണമുണ്ടെന്നും അതിന്റെ അല്പമായ ഉപയോഗം പ്രശ്നമല്ല എന്നൊക്കെ പ്രചരിക്കുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?**

നമുക്കറിയാം ചില യുവാക്കൾ കഞ്ചാവുൾപ്പെടെയുള്ള ലഹരി ഉപയോഗിക്കുന്നത് ഇത്തരം പദാർത്ഥങ്ങൾ ഉപയോഗിക്കുമ്പോൾ ചില പ്രത്യേക കഴിവുകൾ ലഭിക്കും എന്ന തെറ്റായ ധാരണയിലാണ് പലരും ഉപയോഗിക്കുന്നത്. ലഹരി ഉപയോഗത്തിലൂടെ ഒരു തരത്തിലുള്ള ഗുണങ്ങളും ഇല്ല എന്നുമാത്രമല്ല ശാരീരികമായും മാനയികമായും എല്ലാ അർത്ഥത്തിലും നശിക്കുക മാത്രമാണ്ചെയ്യുന്നത്.

■ **കുട്ടികൾ കൂടുതലായും ലഹരിക്കടിമപ്പെടുന്നത് കൂട്ടുകാരുടെ സമ്മർദത്തിൽ വഴങ്ങിയാണ് എന്നു പറയുന്നത് ശരിയാണോ?**

കുട്ടികൾ നേരിട്ട് ലഹരി ഉപയോഗിക്കുകയല്ല ചെയ്യുന്നത്. ചെറിയ തോതിൽ തുടങ്ങി മതിയാകാതെ വരുമ്പോൾ ഉന്മാദം കൂടിയ വസ്തുക്കൾ ഉപയോഗിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. ഇതിന്റെ പ്രധാന കാരണം ചീത്ത കൂട്ടുകെട്ട് തന്നെയാണ്.

■ **കുട്ടികൾ ലഹരിക്കടിമപ്പെടുന്നതിൽ മാധ്യമങ്ങളുടെ പങ്കിനെക്കുറിച്ച് എന്താണഭിപ്രായം?**

സിനിമകൾ ഉൾപ്പെടെയുള്ള ചില മാധ്യമങ്ങളിൽ ലഹരി ഉപയോഗത്തെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന ചിത്രീകരണങ്ങൾ തീർച്ചയായും സ്വാധീനം ചെലുത്തുന്നുണ്ട്.

■ **എല്ലാ തരത്തിലുള്ള ലഹരി വസ്തുക്കളും ഇപ്പോൾ സുലഭമാണല്ലോ. അത് തടയാനായിട്ടുള്ള വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?**

ലഹരി വസ്തുക്കൾ സുലഭമായി കിട്ടുന്നുണ്ട്. രാജ്യാർത്ഥികളും സംസ്ഥാനാതിർത്ഥികളും ജില്ലാതിർത്ഥികളും കടന്ന് നമ്മുടെ കൊച്ചു ഗ്രാമങ്ങളിലേക്ക് വരുന്നു എന്ന് പറഞ്ഞാൽ നമ്മുടെ നാട്ടിൽ അതിന്റെ ഉപയോഗം കൂടുന്നു എന്നു തന്നെയാണ്. അതുകൊണ്ട് തന്നെ ഇത്തരം കാര്യങ്ങളിൽ വളരെ ജാഗ്രത പുലർത്തേണ്ട സമയമാണ്. നാമെല്ലാം കാണുകയോ കേൾക്കുകയോ പോലും ചെയ്യാത്ത മാരക ഉൽപ്പന്നങ്ങളാണ് നമ്മുടെ നാട്ടിൽ സുലഭമായിരിക്കുന്നത്.

ഇതിനെതിരായി 2016-ൽ നമ്മുടെ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതിയാണ് വിമുക്തി മിഷൻ. ലഹരി ഉപയോഗം കുറച്ചു കൊണ്ടുവരുകയും അതിനടിമപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ലക്ഷ്യം. സ്കൂൾ തലത്തിൽ വിമുക്തി ക്ലബുകളും കോളേജ് തലത്തിൽ നാർകോട്ടിക്സ് ക്ലബുകളും കോളേജ് ഹോസ്റ്റലുകളിൽ ശ്രദ്ധ ക്ലബുകളും തുടങ്ങി ജാഗ്രത പുലർത്തുന്ന പരിശ്രമങ്ങളാണ് വിമുക്തി മിഷന്റെ പ്രവർത്തനം.

■ **അവസാനമായി ഒരു ചോദ്യം കൂടി സർ.. ലഹരി വിരുദ്ധദിന സന്ദേശമൊന്ന്പറയാമോ?**

2022 ലെ ലഹരി വിരുദ്ധ ദിനത്തിന്റെ മോട്ടോ എന്നു പറയുന്നത് “Share drug facts to save lives എന്നാണ്. ലഹരി മരുന്നുമായി ബന്ധപ്പെട്ട കാര്യങ്ങൾ പങ്ക് വയ്ക്കുകയും ജീവിതം രക്ഷിക്കുകയും ചെയ്യുക. 2021-ൽ Live let to live എന്നതായിരുന്നു. ജീവിക്കൂ ജീവിക്കാൻ അനുവദിക്കൂ എന്ന്.

ഫലപ്രദമായ വിവരങ്ങൾ ഞങ്ങൾക്ക് പങ്കു വെച്ച ശ്രീ. വി.പി മഹേഷ് സാറിന് നന്ദി.

●

**ധ്യാൻകൃഷ്ണ**
5th std
മിന്നാമിന്നി ബാലസഭ
കായക്കൊടി CDS

**കഥ**

# അമ്മയും കുഞ്ഞും

**ചേ**ലേലക്കാവ് എന്ന ഗ്രാമത്തിലായിരുന്നു വിധവയായ ലക്ഷ്മി താമസിച്ചിരുന്നത്. കൂലിപ്പണി ചെയ്ത് ജീവിക്കുന്ന ലക്ഷ്മിയ്ക്ക് പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന മീനു എന്ന മകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചേലേലക്കാവ് ഗ്രാമത്തിലെ സ്‌ക്കൂളിലായിരുന്നു അവൾ പഠിച്ചിരുന്നത്.

എന്നും രാവിലെ മീനുവിനെ സ്‌ക്കൂളിൽ അയക്കേണ്ട പാകത്തിൽ അയലത്തെ വീട്ടിലാക്കിയാണ് ലക്ഷ്മി ജോലിക്കു പോയിരുന്നത്. പതിവുപോലെ ജോലിക്കു പോകാനിറങ്ങിയ ലക്ഷ്മിയ്ക്ക് ഒരു വയ്യായ്ക തോന്നിയെങ്കിലും യാതൊരു മടിയും അവൾ കാണിച്ചില്ല. ജോലി കഴിഞ്ഞെത്തിയ ലക്ഷ്മി അന്ന് പാടേ തളർന്ന് പോയിരുന്നു. നല്ല പനി, നേരം പുലർന്നപ്പോൾ തന്നെ അവൾ ആശുപത്രിയിൽ പോയി. മൂന്ന് ദിവസം കഴിഞ്ഞ് വീണ്ടും വരാൻ പറഞ്ഞ് ഡോക്ടർ രക്തം ടെസ്റ്റ് ചെയ്യാൻ നിർദ്ദേശിക്കുകയും മരുന്ന് കൊടുത്തുവിടുകയും ചെയ്തു. എങ്ങനെയോ മൂന്ന് ദിവസം തള്ളിനീക്കിയ ലക്ഷ്മി വീണ്ടും ആശുപത്രിയിലെത്തി. ഡോക്ടറുടെ സംസാരം കേട്ടതും പാടേ അമ്പരന്നു പോയി. പൊട്ടിക്കരഞ്ഞുകൊണ്ട് മുറിക്കു പുറത്തിറങ്ങിയ ലക്ഷ്മി തലകറങ്ങി വീണു.

മണിക്കൂറുകൾക്കു ശേഷം വീട്ടിലെത്തിയ ലക്ഷ്മി ഏതോ ഒരു ദുരൂഹതയിൽപെട്ട പോലെ ആകെയൊരു അമ്പരപ്പ്. ആഴ്ചകൾക്കകം അവൾ വീണ്ടും പഴയപോലെ ജോലിക്കു പോയിതുടങ്ങി. പക്ഷേ അധികമൊന്നും അവൾക്ക് ആ അവസ്ഥ തരണം ചെയ്യാൻ സാധിച്ചില്ല. ദൈവം അവർക്കു നേരെ കണ്ണടച്ചു. ലക്ഷ്മിയുടെ രോഗ വിവരം നാട്ടിലെങ്ങും മുഴങ്ങി. പാവം ലക്ഷ്മിയുടെ വീട്ടിലേക്ക് ഇരുട്ടുവന്നുതുടങ്ങി.

ഒന്നുമറിയാതെ മീനു പതിവുപോലെ അന്നും സ്‌ക്കൂളിലേയ്ക്ക് പോയി. പക്ഷേ സ്‌ക്കൂൾ പടിക്കരികിലെത്തിയ മീനു ഞെട്ടിപ്പോയി. പെട്ടെന്നൊരു അലർച്ച, കയറിപ്പോകരുത്. സ്‌ക്കൂളിലെ സയൻസ് അധ്യാപകൻ റിജുവിന്റെ ശബ്ദം നിലച്ചില്ല. ഇത് എയ്ഡ്സ് രോഗികളെ പഠിപ്പിക്കുന്ന സ്ഥലമല്ല. നിന്ന നിൽപ്പിൽ പൊട്ടിക്കരഞ്ഞ മീനുവിനെ മനസ്സിലാക്കാൻ ലാളിത്യവും സ്നേഹവും





**നി**റഞ്ഞ ഒരു മുഖം മാത്രമേ ഉണ്ടായിരുന്നുള്ളൂ, മലയാളം അധ്യാപകൻ സുകുമാരൻ സാർ. മീനുവിനെയും കൂട്ടി അദ്ദേഹം ലൈബ്രറിയിലേക്ക് പോയി. കുറേ ദിവസം മീനുവിന്റെ ക്ലാസ് അതായിരുന്നു. എല്ലാ വിഷയത്തിലും സുകുമാരൻ സാറും. ദിവസങ്ങൾ കഴിയുന്തോറും ഓരോ രക്ഷിതാവിന്റെയും വാദം കൂടിക്കൂടി വന്നു. മീനുവിനെ ഇവിടെ പഠിപ്പിക്കുകയാണെങ്കിൽ ഞങ്ങളാരും കുട്ടികളെ സ്ക്കൂളിൽ വിടത്തില്ല.

ഒടുവിൽ സ്ക്കൂൾ മാനേജർക്ക് വന്ന പരാതി മൂലം മാനേജർ സ്കൂളിലേക്കു വന്നു. തന്റെ കുഞ്ഞിന് യതൊരുവിധ പ്രശ്നവുമില്ലെന്ന സർട്ടിഫിക്കറ്റ് മുഴുവനും ലക്ഷ്മി അവിടെ ഹാജരാക്കിയെങ്കിലും ഒരു ഫലവുമുണ്ടായില്ല. മാനേജർ കർക്കശമായി നിർദ്ദേശിച്ചു വേണ്ട ഈ കുട്ടിയെ ഇനി ഇവിടെ പറഞ്ഞയയ്ക്കരുത്. ടി. സി. ഇപ്പോൾ തന്നെ തരാം, വേറെ എവിടെയാണെന്നുവെച്ചാൽ പോകാം. മകളെയും കൂട്ടി ലക്ഷ്മി പടിയിറങ്ങി. വീട്ടിലെത്തിയ ലക്ഷ്മി മകളോട് പറഞ്ഞു, നമുക്ക് നാളെ മുതൽ പുതിയ സ്കൂളിലേക്ക് പോവാം. അവിടെയാരും നമ്മളെ വെറുക്കില്ല. തീർത്തും നല്ല സ്നേഹമുള്ള ആൾക്കാരാണ്. പാവം മീനു നാളെ പുതിയ സ്കൂളിലേക്കു പോവേണ്ട തയ്യാറെടുപ്പിലായിരുന്നു, പുതിയ ഉടുപ്പും, പുസ്തകങ്ങളും, ബാഗും, ടിഫിൻ ബോക്സും എല്ലാം അടുക്കിവച്ചു. ലക്ഷ്മിയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. അവൾ തേങ്ങിതേങ്ങി കരഞ്ഞു. ഒന്നുമറിയാത്ത പൊന്നുമോളെ കൊല്ലാൻ അവൾക്കു മനസ്സുവന്നില്ല. പക്ഷേ ഞാനില്ലെങ്കിൽ എന്റെ മോളെ നാട്ടുകാർ എറിഞ്ഞുകൊല്ലും അവൾ മന്ത്രിച്ചു. അങ്ങനെ വിഷം കലക്കിയ പാൽ മീനുവിനു കൊടുത്തു. പതിവുപോലെ പാലും കുടിച്ച് അവൾ ഉറങ്ങാൻകിടന്നു. വിഷം കഴിച്ചശേഷം ലക്ഷ്മിയും മകളെ കെട്ടിപ്പിടിച്ച് കിടന്നു. രാവിലെ എത്തിയ ആൾക്കൂട്ടത്തിന് കാണാൻ കഴിഞ്ഞത് ലക്ഷ്മിയുടെയും മകളുടെയും ശവശരീരങ്ങളായിരുന്നു.

മനുഷ്യർ ഇത്രയും ക്രൂരരോ? ●

കവിത

# കരയാത്തപെണ്ണ്

**അരുൺ ശ്രീരാജ്**
പുലരി ബാലസഭ
മലയാപ്പുഴ സിഡിഎസ



ഭൂമിയാണിന്നവൾ നാരിയാണിന്നവൾ
ഉരുകുന്ന താപമാം അഗ്നിയാണിന്നവൾ
കനലിന്റെ കനലായ കനിവിന്റെ കനവായ
കരയാത്ത പെണ്ണവൾ
അവൾ കരയാത്ത പെണ്ണ്

നിറം ഏഴുവർണ്ണങ്ങൾ നിറമറ്റ ജന്മങ്ങൾ
നിറയിലും നിറമായ്പുഴയാണ് പെണ്ണവൾ
കൊഴിയാത്ത ഇതളുള്ള അടരുവാൻ കഴിയാത്ത
തണ്ടിലെ പൂവാണ് പെണ്ണവൾ
കനൽ പൂവാണ് പെണ്ണവൾ

നാരിയായി നരനായി ജന്മം കൊടുത്തവൾ
ജന്മജന്മാന്തരം കൊണ്ടു മടുത്തവൾ
പച്ചമാംസം അവൾ അതു മാത്രം
ആണെന്ന്ചിന്തയിൽ മുഴുകിയോ
പുരുഷ കർമ്മത്താൽ ആർത്തലയ്ക്കുന്നവൾ
ആർത്തയായി തീർന്നവൾ
ആരിത് കേൾക്കുന്നു പെൺനൊമ്പരം

പരിഹാസ പാത്രമായി അലയുന്നു ഭൂമിയിൽ
പുക മൂടി ഇരുളിന്റ ദൂതയായി തീർന്നവൾ
അനാഥമാം ഇരുട്ടിന്റെ നാഥയായി തീർന്നവൾ
ഓർക്കുക മനുഷ്യാ നിന്നെ പെറ്റവൾ
നിനക്കിന്ന് ഭൂമിയിൽ അന്നം നൽകിയവൾ
പെങ്ങളാണ് ഇന്നവൾ ഭാര്യയാണിന്നവൾ
പേറ്റുനോവറിയുന്ന അമ്മയാണിന്നവൾ
കൊത്തി വലിക്കുവാൻ മാംസമല്ലിന്നവൾ

കഴുകന്റെ  നിറമിന്ന് കാട്ടാതിരിക്കുക
പെണ്ണാണവൾ മഹാശക്തിയാണിന്നവൾ
നാരിതൻ ശാപമാണ് ഏറ്റവും ഭീകരം
കനലിലെരിയുന്ന പൂവായി നിന്നവൾ
സഹന മാം ശക്തി കെടുത്താതെ ഇരിക്കുക
ഒന്നല്ല അവൾ ഒരു കൂട്ടമാം പെൺകനൽ
കൂട്ടായി നരിയുണ്ട് പുലിയുണ്ട് ഞാനുണ്ട്
ഒറ്റയില്ലിന്നവൾ

ഓർക്കുക നീ നിന്റെ ശബ്ദമുയർത്തുക
പെൺകിളിയെ പൊഴിക്കാതിരിക്കുക നീ നിന്റെ കനവിനെ
അഗ്നിയായ് ഉയരണം നീ തന്നെ നാളെയീ
മക്കൾക്ക് വെട്ടം പകരണം
പുഴയായി പുഴുവായി നാരിയായിന്നവൾ

ഉണരണം ഉയർത്തണം ഇന്നെന്റെ പെൺകിളിയെ
പെണ്ണാണന്നറിഞ്ഞവർ ഭയക്കണം
നിന്റെ ശരീരം നിനക്കുള്ളതാണെന്ന്
ഉറക്കെ പറയുക പെൺകിളിയെ
കനവുകൾക്കപ്പുറം  ഇനിയുണ്ട് ജീവിതം
കനലായി എരിയുന്ന പെൺകനൽ പൂവവൾ.
അവളാണ് പെൺകനൽ
ഇനിയൊരു പെൺകിളി കരയാതിരിക്കട്ടെ
ഇനിയൊരു പെൺകനൽ വിങ്ങാതിരിക്കട്ടെ
ഇനിയൊരു പെണ്ണും നശിക്കാതിരിക്കട്ടെ

കഥ

നിയോൺനേഹിത്
8th std
ഗ്രാമികബാലസഭ
കായക്കൊടി CDS

# പുലർക്കാല സ്വപ്നങ്ങൾ

അന്ധകാരത്തിന്റെ കരിമഷി മെല്ലെ അലിയാൻ തുങ്ങി. പ്രഭാത സൂര്യൻ കുളിച്ചൊരുങ്ങി കുങ്കുമവർണം പരത്തി. ഒരു കിഴക്കൻ കാറ്റ് പതുക്കെ തഴുകി കടന്നു പോയി. കിളികളുടെ മനോഹര ഗാനങ്ങൾ തലപൊക്കാൻ തുടങ്ങി. സൂര്യൻ കുളിച്ചൊരുങ്ങുമ്പോൾ പുൽനാമ്പിൽ ഇറ്റുവീണ മഞ്ഞുകണങ്ങൾ വജ്രം പോലെ തിളങ്ങി. പാതിവിരിഞ്ഞ പൂക്കൾ സൂര്യനെ കണ്ട് നാണിച്ചു നിന്നു. സൂര്യകിരണമേറ്റ് പതുക്കെ ഞാനും കണ്ണുതുറന്നു. ജാലകത്തിലൂടെ ആകാശത്തേക്ക് നോക്കി. എഴുന്നേൽക്കാൻ വയ്യ. ഉറക്കം കണ്ണിന് ഭാരം കൂട്ടുന്നു. ഇന്നലെ വൈകിയാണ് ഉറങ്ങിയത്. അച്ഛാച്ചന് സുഖമില്ല. എല്ലാവരും അതിന്റെ ടെൻഷനിലാണ്.

പത്തെഴുപത് വയസ്സയേയുള്ളൂ. കണ്ടാൽ നല്ല ആരോഗ്യം. ഒത്ത തടിയും നല്ല നീളവുമുള്ള അച്ഛാച്ചന് മൂക്കത്താണ്ദേഷ്യം. അമ്മമ്മയോട് മാത്രമേ ദേഷ്യം കാണിക്കൂ. ഞങ്ങളോട് ഭയങ്കര സ്നേഹമാ. അച്ഛാച്ചന് ഒരുപാട് കാലമായി അസുഖം തുടങ്ങിയിട്ട്. എനിയ്ക്ക് ഓർമവച്ചതു മുതൽ അച്ഛാച്ചൻ ഹാർട്ട്പേഷ്യന്റാണ്. അച്ഛാച്ചനില്ലാത്ത അസുഖം ഇപ്പോഴില്ല. പ്രഷർ, ഷുഗർ പോരാത്തതിന് ഡയാലിസിസ് പേഷ്യന്റാണ്.

ഇടയ്ക്കിടെ അസുഖം കൂടുതലാകും .എല്ലാവരും അച്ഛാച്ചനെയും കൊണ്ട് ഹോസ്പിറ്റലിലേക്ക് ഓടും. എന്നാൽ രണ്ടീസം കഴിഞ്ഞാലോ അസുഖം ഭേദമായി ചിരിച്ചുകൊണ്ട് നടന്നുവരുന്ന അച്ഛാച്ചനെ കാണുമ്പോൾ എല്ലാവരും ചിരിക്കും.' ന്നാലും നാണോഞ്ഞി ഞാളേയും പേടിപ്പിച്ചു കളഞ്ഞല്ലോ 'എന്നാരേലും പറഞ്ഞാൽ അച്ഛാച്ചന് ഒരു ചിരിയുണ്ട്. പഴയ നാലാം ക്ലാസുകാരനാ അച്ഛാച്ചൻ. ശരിക്ക് എഴുതാനറിയില്ല. അച്ഛാച്ചൻ എഴുതിയത് അച്ഛാച്ചനേ വായിക്കാൻ പറ്റൂ. വായിച്ചാൽ നമുക്ക് ചിരിവരും. പക്ഷേ നല്ല നാട്ടറിവാണ്. ഞങ്ങളുടെ ഗ്രാമത്തിന്റെ ചരിത്രമായാലും മുറിവിനുള്ള മരുന്നായാലും എന്തെങ്കിലും റിപ്പയർ ചെയ്യാനാണെങ്കിലും കൗതുക വസ്തുക്കൾ ഉണ്ടാക്കാനും കേമനാ. അച്ഛാച്ചനെവിടുന്നാ ഇതൊക്കെ പഠിച്ചത്. സ്ക്കൂളിന്ന് എന്നെയിതൊന്നും പഠിപ്പിക്കുന്നില്ലല്ലോ?




ആശാശത്ത് നിന്നും ഒരു പക്ഷി ചാഞ്ഞും ചരിഞ്ഞും കൂട് കൂട്ടാൻ മരങ്ങൾ തേടിയലയുന്നു.'മോനേ അച്ഛാച്ചന് തീരെ വയ്യ ഹോസ്പിറ്റലിൽ അഡ്മിറ്റാ' അമ്മ പറഞ്ഞു. 'നമുക്ക് റോഡില്ലാത്തതിനാൽ കസേരയിൽ ഇരുത്തി വളരെ കഷ്ടപ്പെട്ടാ രാത്രി

റോഡിലെത്തിച്ചത്. 'ഞാനൊന്ന് മൂളി. ജാലകത്തിലൂടെ റോഡിലേക്ക് നോക്കിയിരുന്നു. അച്ഛാച്ചൻ ചിരിച്ചുകൊണ്ടിരിക്കുന്നത് കൗതുകത്തോടെ കാണാൻ. 'ഡാ ഒരു ഇല വെട്ടിക്കൊണ്ടുവാ ചോറു പൊതിയാനാ കുട്ടാപ്പൻ ഹോസ്പിറ്റലിൽ പോകുന്നുണ്ട് നമുക്ക് പൊതിച്ചോറ് കൊടുത്തുവിടാം' അമ്മ വിളിച്ചു പറഞ്ഞു. പൊതിച്ചോറിന് പ്രത്യേക രുചിയാ. എന്റെ നാവിൽ വെള്ളംപൊട്ടി. ഞാൻ വേഗം കിടക്കയിൽ നിന്നെഴുന്നേറ്റ് പറഞ്ഞതിലും കൂടുതൽ ഇലവെട്ടിവന്നു. അമ്മ ചിരിയോടെ ഒരുചോദ്യം 'എന്തിനാടാ ഒരില അധികം ' ഞാൻ ചിരിച്ചു. അമ്മയ്ക്കറിയാം അതെനിക്കാണെന്ന്. കുട്ടാപ്പൻ പൊതിച്ചോറെടുക്കാൻ വന്നപ്പോൾ നാളെ അച്ഛാച്ചൻ ഡിസ്ചാർജാണെന്നു പറഞ്ഞു. എനിയ്ക്ക് സന്തോഷമായി ഇനി അച്ഛാച്ചൻ പുലിയെ കണ്ട കഥയും അമ്മമ്മയെ പെണ്ണുകാണാൻ പോയകഥയും അങ്ങനെഅങ്ങനെ ഒരുപാട് കഥകൾ കേൾക്കാം.

കസേരയിൽ നാലഞ്ചാൾക്കാർ ഹോസ്പിറ്റലിൽ കൊണ്ടുപോയ അച്ഛാച്ചനതാ ചിരിച്ചുകൊണ്ട് നെഞ്ച് വിരിച്ച് നടന്നുവരുന്നു. എനിയ്ക്ക് ചിരിവന്നു. ഞാൻ ഓടിപോയി അച്ഛാച്ചന്റെ കൈപിടിച്ചു. 'ഡാ എന്തെല്ലാ വിശേഷം 'എന്നു പറഞ്ഞ് പുഞ്ചിരിച്ചുകൊണ്ട് എന്റെ കൈ പിടിച്ചു. നല്ല തണുത്ത സ്പർശം. പതുക്കെ നെറ്റിയിലൊരുമ്മ. പതുക്കെ എന്റെ കൈയ്യും പിടിച്ച് വീട്ടിലേക്ക്..

'മോനേ... മോനേ.. എഴുന്നേൽക്കെടാ ...' അമ്മയുടെ ഉച്ചത്തിലുള്ള വിളികേട്ട് ഞാൻ ഞെട്ടിയുണർന്നു.'എന്താ അമ്മേ?' 'മോനേ നമ്മുടെ അച്ഛാച്ചൻ... 'അമ്മ കരയുകയാണ്. 'അച്ഛാച്ചനെന്താ പറ്റിയത്, അമ്മ എന്തിനാകരയുന്നത് 'ഞാൻ അമ്മയുടെ ചുമലു പിടിച്ചു കുലുക്കി ചോദിച്ചു .'അച്ഛാച്ചൻപോ..യി...'അമ്മയുടെ അലറിക്കരച്ചിൽ കേട്ട് എനിയ്ക്ക് ചിരിവന്നു.' അമ്മ എന്താ ഈ പറയുന്നത് അച്ഛാച്ചനല്ലേ ഇപ്പം എന്നെ കെട്ടിപ്പിടിച്ച് ഉമ്മ തന്നത് 'അമ്മ എന്നെ തുറിച്ച് നോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല.

ഞാൻ പതുക്കെ കോലായിലേക്ക് നടന്നു. മുറ്റത്ത് നിറയെ ആൾക്കാർ. ആകപ്പാടെ ഒരു മൂകത. ഞാൻ അച്ഛാച്ചന്റെ മുറിയിലേക്കോടി. അച്ഛാച്ചനവിടെയില്ല. ഞാൻ പതുക്കെ തിരിച്ചു നടന്നു.'ഡാ....പൂമോനേ... 'അച്ഛാച്ചന്റെ വിളികേട്ട് ഞാൻ തിരിഞ്ഞു നോക്കി .

ശൂന്യമായ മുറി അമ്മമ്മയുടെ കരച്ചിൽ കേട്ട് ഞാൻ ഞെട്ടി. അച്ഛാച്ചൻ വന്നിരിക്കുന്നു. ഇത്തവണ നെഞ്ചുവിരിച്ചല്ല, വെള്ളപുതച്ച്. ഞാൻ കരച്ചിലടക്കിപ്പിടിച്ചു. ഞാൻ പതുക്കെ നടന്ന് അടുത്തെത്തി. കരച്ചിലടക്കാൻ പറ്റുന്നില്ല. വെള്ളം നിറഞ്ഞ കണ്ണിലൂടെ അച്ഛാച്ചന്റെ മുഖം അവ്യക്തമായി ഞാൻകണ്ടു. അച്ഛാച്ചൻ എന്നോട് ചിരിക്കുന്നു. 'പൂമോനേ...' എന്ന് പറഞ്ഞ് പൊട്ടിച്ചിരിക്കുന്നു.' സമയമായി' ആരോ വന്ന് എന്നെ മാറ്റിനിർത്തി. അച്ഛാച്ചനെ കൊണ്ട്പോകല്ലേ എന്ന് അലറിക്കരഞ്ഞ് പറയണമെന്നുണ്ട്. നാവ് പൊന്തുന്നില്ല. തൊണ്ട വരളുന്നു. തലകറങ്ങുന്നു. ഞാൻ തലതാഴ്ത്തിയിരുന്നു. കുറച്ച് കഴിഞ്ഞ് പതുക്കെ ഞാൻ തലപൊക്കി നോക്കി. പുകച്ചുരുൾ ആകാശത്തേക്ക് ഉയരുന്നു. അസ്തമയ സൂര്യന്റെ പ്രഭയിൽ കുളിച്ച് പതുക്കെ ... അതിൽ അച്ഛാച്ചനും അച്ഛാച്ചന്റെതായ ലോകത്തേക്ക്.... ■





കഥ


**രേഷ്മ എസ് ഷാജി**
Std VIII
വയനാട് ജില്ല


# കാലത്തിന്റെ നേർക്കാഴ്ചകൾ



**രാ**വിലെ ഉറക്കത്തിന്റെ മങ്ങിയ കാഴ്ചകളിൽ നിന്നും വിട്ടുവരുന്നതേയുള്ളൂ. അടുത്തുള്ള മേശയിൽ നിന്നും ഫോണിന്റെ കരച്ചിൽ. അത് പെട്ടെന്ന് നിലച്ചു. ഫോണിനടുത്ത് കാണപ്പെട്ട കമ്പ്യൂട്ടർ ബില്ലുകളുടെ കൂമ്പാരം അപ്പോഴാണ് ശ്രദ്ധയിൽപെട്ടത്. അതിൽ നിന്നും തത്ത ശീട്ടു പെറുക്കുന്നതു പോലെ ഒരെണ്ണം എടുത്തു നോക്കി. ദൈവമേ! വെള്ളത്തിന്റെ ബില്ലാണത്. അടുത്തത് വായുവിന്റെ ബില്ലാണ്. ഓക്സിജൻ പാർലറുകാരുടെ ബില്ലിലെ അക്കങ്ങൾ വളരെ നീണ്ടതുതന്നെ. അങ്ങനെ സേവനദാതാക്കളുടെ ബില്ലുകൾ ഓരോന്നായി എടുത്തു നോക്കി പകച്ചിരുന്നു. പെട്ടെന്നാണ് ഫോണിൽ നിന്നും അലാറമടിച്ചത്. ഞെട്ടിയുണർന്നു. മേശപ്പുറത്ത് ബില്ലുകളുടെ കൂമ്പാരമില്ല. വായിച്ചു തീർക്കാൻ പ്രയാസപ്പെടുന്ന സംഖ്യകളുടെ തുറിച്ചു നോട്ടവുമില്ല. അതൊരു സ്വപ്നമായിരുന്നു. ആശ്വാസം തോന്നി. എഴുന്നേറ്റ് കട്ടിലിലിരിക്കുമ്പോൾ ജനൽപാളികളിലൂടെ പ്ലാസ്റ്റിക്കിന്റെ കരിഞ്ഞ മണവും കറുത്ത പുകയും അകത്തേക്ക് ഓടിക്കയറിവരുന്നു. അയലത്തെ ചേച്ചിയുടെ പ്ലാസ്റ്റിക് നിർമ്മാർജന പരിപാടിയാണ്. രാവിലെ തന്നെ തുടങ്ങിയിരിക്കുന്നു. ആകാശത്തിൽ ഇരുട്ടു പടരുന്നു. ചേച്ചി പ്ലാസ്റ്റിക് നിർമ്മാർജന പരിപാടി കഴിഞ്ഞ് അടുത്ത തോട്ടിലേക്ക് വെള്ളമെടുക്കാൻ പോയി. അയൽവീട്ടുകാരെല്ലാം ചേർന്നപ്പോൾ അതൊരു ജലഘോഷയാത്രയായി മാറി. നീണ്ടുകിടക്കുന്ന വരിയിൽ ഒരാളായി ചേച്ചിയും നിലകൊണ്ടു. നിറഞ്ഞു കവിഞ്ഞ് ഒഴുകിയ തോട് മെലിഞ്ഞുണങ്ങിയിരിക്കുന്നു. തോട് ചെന്നുചേരുന്ന പുഴ വരണ്ടു കിടക്കുന്നു. അവിടെയുമിവിടെയും ജലമൂറ്റാൻ ചെറിയവെള്ളക്കുഴികൾ മാത്രം അവശേഷിച്ചിരിക്കുന്നു. അതിൽ നിന്നും കോരിയെടുത്ത ജലവുമായി ആളുകൾ മടങ്ങാൻ തുടങ്ങി. ഇടയ്ക്ക് ബഹളവും ഉയരുന്നു. ഞാൻ കണ്ടത് സ്വപ്നങ്ങളായിരുന്നോ? കാലത്തിന്റെ നേർക്കാഴ്ചകളായിരുന്നില്ലേ? ■

അനുഭവക്കുറിപ്പ്

Saira Fathima P.S.
Class – III
പ്രതിഭാ ബാലസഭ
(അൽ-അമീൻ കുടുംബശ്രീ)
Ward – III
എറണാകുളം ജില്ല

# മായാത്ത നിർദ്ദേശം

പതിവുപോലെ ക്ലാസ് തുടങ്ങാനുള്ള ബെൽ അടിച്ചു. പക്ഷേ അന്നത്തെ ദിവസം ഞാൻ എത്തിച്ചേരാൻ കുറച്ചു വൈകിപ്പോയി. ഞാനായിരുന്നു ക്ലാസ് ലീഡർ. ബോർഡിൽ അന്നത്തെ 'ചിന്താവിഷയം' എഴുതുക, കുട്ടികളുടെ എണ്ണം എഴുതുക എന്നിവയെല്ലാം ലീഡറാണ് ചെയ്യുന്നത്. ബോർഡിന്റെ മുകൾ ഭാഗത്ത് ഇതൊക്കെ എഴുതണമെങ്കിൽ കുറച്ച് ബുദ്ധിമുട്ടുതന്നെ. അപ്പോഴത്തെ ധൃതിയിൽ ഞാൻ അദ്ധ്യാപിക ഇരിക്കുന്ന കസേരയിൽ കയറിനിന്ന് എന്റെ കർത്തവ്യം നിർവ്വഹിച്ചു. എന്താണെന്നറിയില്ല പെട്ടെന്ന് ക്ലാസ്സിൽ ആകെ ഒരു നിശ്ശബ്ദത. കാര്യമറിയാനായി ഞാൻ എഴുത്തു നിർത്തി തിരിഞ്ഞു നോക്കി. നോക്കിയതോ എന്റെ ടീച്ചറുടെ



മുഖത്തേക്ക്. ഞാൻ കസേരയിൽ നിന്ന് ചാടി ഇറങ്ങി. കസേരയിൽ നിറയെ ഷൂവിൽ നിന്നും ചെളി പുരണ്ടിരുന്നു.


ടീച്ചറുടെ മുഖഭാവം എന്താണെന്നു പറയുക വയ്യ; 'ദേഷ്യമാണോ, എന്റെ ഗുരുത്വമില്ലായ്മ കണ്ടുള്ള സങ്കടമാണോ, സഹതാപമാണോ? എല്ലാ ഭാവവും ആ മുഖത്ത് മിന്നി മറയുന്നുണ്ടായിരുന്നു. കുറ്റബോധം കൊണ്ടും ടീച്ചർ എന്നെ വഴക്കു പറയുമോയെന്ന ഭയംകൊണ്ടും ഞാനാകെ വിഷമത്തിലായി. എന്റെ കണ്ണു നിറഞ്ഞു വരികയായിരുന്നു. അപ്പോൾ ടീച്ചർ എന്നെ അടുത്തു വിളിച്ച് എന്റെ കർത്തവ്യബോധത്തെ മാനിക്കുന്നുവെങ്കിലും അതിനു തിരഞ്ഞെടുത്ത മാർഗ്ഗം തീർച്ചയായും മോശമായിപ്പോയി എന്ന് പറഞ്ഞു. അതോടെ എന്റെ സങ്കടം ഇരട്ടിച്ചു. ചിന്തയില്ലാതെ ചെയ്ത ഒരു പ്രവൃത്തി എന്റെ അദ്ധ്യാപികയെ വിഷമിപ്പിച്ചല്ലോ എന്നോർത്തായിരുന്നു എന്റെ കണ്ണു നിറഞ്ഞത്. ടീച്ചർക്ക് സങ്കടമായി.

ടീച്ചർ വളരെ സ്നേഹത്തോടെ എന്നെ ആശ്വസിപ്പിച്ചു. കുട്ടികൾ എല്ലാവരും നിശബ്ദരായി ഞങ്ങളെ നോക്കിയിരിക്കുകയായിരുന്നു. അന്നത്തെ ദിവസം ടീച്ചർ ഞങ്ങളോട് ക്ലാസ്സിലും പുറത്തും പാലിക്കേണ്ട പെരുമാറ്റ മര്യാദകളെക്കുറിച്ചും മുതിർന്നവരോട് പെരുമാറേണ്ടതെങ്ങനെയെന്നും പറഞ്ഞുതന്നു. കൂടാതെ ഗുരുത്വവും മനസ്സിന്റെ നന്മയും നമുക്കു ജീവിതത്തിൽ അനുഗ്രഹമായിത്തീരുമെന്നും ഞങ്ങളെ ഓർമ്മപ്പെടുത്തി. ക്ലാസ്സ് കഴിഞ്ഞപ്പോഴേക്കും ഞങ്ങളെല്ലാവരും കുറച്ചുകൂടി നല്ലകുട്ടികളായിക്കഴിഞ്ഞു എന്നെനിക്ക് ഉറപ്പു പറയാൻ പറ്റും. ടീച്ചർ തന്ന നിർദ്ദേശങ്ങൾ എന്തു ചെയ്യുമ്പോഴും എന്റെ മനസ്സിൽ ഇന്നും

**ജോസഫ് ബോബി കോര**
എടവക, വയനാട് ജില്ല

## മിനിക്കഥ

# കുട്ടിക്കുറുക്കന് പറ്റിയ അമളി



**കാ**റ്റ് ആഞ്ഞടിക്കുന്നു. മഴ തോരുന്ന ലക്ഷണമില്ല. കുട്ടിക്കുറുക്കന് വിശപ്പ് സഹിക്കാനാവുന്നില്ല. ഇന്നലെ കണ്ട പൂവാലൻ കോഴിയെകിട്ടിയിരുന്നെങ്കിൽ...അവന്റെ വായിൽ വെള്ളമൂറി. കാറ്റിലും മഴയിലും അവൻ പൂവാലൻ കോഴിയെ തേടിയിറങ്ങി.

“അയ്യോ”!! കുട്ടിക്കുറുക്കൻ വേദനകൊണ്ടലറി. എന്താണ് സംഭവിച്ചതെന്നവന് മനസ്സിലായില്ല. ഒരു മുട്ടൻ വടി അവന്റെ ശരീരത്തിൽ ആഞ്ഞുപതിക്കുന്നുവെന്ന് അവൻ തിരിച്ചറിഞ്ഞു. കൂട്ടിൽ കിടക്കുന്ന പട്ടികളുടെ നീണ്ട കുരയാൽ അവിടം ബഹളമയമായിരിക്കുന്നു. വീട്ടുകാരുടെ ബഹളവും ഉയർന്നു താഴുന്ന വടിയും കണ്ടപ്പോഴാണ് കുട്ടിക്കുറുക്കന് അക്കിടി മനസ്സിലായത്.

ഇന്നലെരാത്രി പൂവാലൻ കോഴിയെ പിടിക്കാൻ ഗ്രാമത്തിലെ കർഷകന്റെ വീട്ടിലെത്തിയതാണ് കുട്ടിക്കുറുക്കൻ. പൂവാലൻ കോഴിയുടെ കൂടുപൊളിച്ച് അകത്തു കടന്ന് കോഴിയെ പിടിച്ചുതിന്നു. വയറു നിറഞ്ഞു കഴിഞ്ഞപ്പോഴാണ് പുറത്ത് തിമിർത്തു പെയ്യുന്ന മഴയെക്കുറിച്ച് കുട്ടിക്കുറുക്കന് ബോധ്യം വന്നത്. വീശിയടിക്കുന്ന കാറ്റിലും തുള്ളിക്കൊരു കുടം പെയ്യുന്ന മഴയിലും ഇറങ്ങി നടക്കാനവന് മടിയായി. കാറ്റും മഴയും കഴിയുന്നതുവരെ കോഴിക്കൂട്ടിൽ അൽപമൊന്ന് വിശ്രമിക്കാമെന്ന് കുറുക്കൻ കരുതി. കിടന്നതും ഉറങ്ങിപ്പോയതും നേരം പുലർന്നതും കുട്ടിക്കുറുക്കനറിഞ്ഞില്ല. മുട്ടൻ വടി ശരീരത്തിൽ ആഞ്ഞാഞ്ഞ് പതിച്ചപ്പോഴാണ് കുറുക്കന് അക്കിടി ബോധ്യപ്പെട്ടത്. അവൻ സകലശക്തിയും സംഭരിച്ച് ഇറങ്ങിയോടി. പിന്നാലെ മുട്ടൻ വടിയുമായി വീട്ടുകാരും.



**സ്വാതി കെ.**
**മലപ്പുറം ജില്ല**

## കവിത

# പ്രത്യാശ

**വെ**യിലേറ്റുണങ്ങിക്കരിഞ്ഞു നിൽക്കും
കുഞ്ഞുചെടിയെ കാണുന്നവർ പലരും
ശേഷിക്കുന്ന രണ്ടുമൂന്നില കൂടി-
നുള്ളി ആനന്ദിക്കുന്നു,
ചവിട്ടി വേദനിപ്പിക്കുന്നു
അവർക്കറിയില്ലല്ലോ കുന്നോളം
വേദന പേറുന്നവളാണവൾ
അറിഞ്ഞോ അറിയാതെയോ നുള്ളി
നോവിക്കുന്നതെന്ന്
എല്ലാം കഴിഞ്ഞോരോരോ ഇലകളായ്
ആത്മവിശ്വാസം വളർത്തി പച്ച പിടിച്ച്
പുറംലോക പുതുമകൾ ആസ്വദിക്കുമ്പോഴും,
“അവൾ പണ്ട് വെയിലത്തു വാടിനിന്ന-
ഉണക്കച്ചെടിയല്ലേ. . ..,
അവളോട് കൂട്ടുകൂടേണ്ട”
ഇനിയാരൊക്കെയെൻ പച്ചിലകൾ
നുള്ളിക്കളഞ്ഞാലും,
അതിരട്ടിയായ് വളർത്തി ഞാൻ മുന്നേറണം.
അവിടെയാണെന്റെ വിജയം
അവൾ മറ്റു ചെടികൾപോൽ
കാറ്റിൽ നൃത്തം ചെയ്കയില്ലെങ്കിലും
ആരും കൂട്ടുകൂടിയില്ലായ്കിലും
അവൾ മധുരമായ് കുറുകും
കിളികൾക്കൊത്ത് പാടി
പൂമ്പാറ്റകൾ നറുതേൻ നുകരും
ശോഭയേറും പുഷ്പമാകും.

യാത്രാവിവരണം

# പഴയ അസംബ്ലിഹാളിലേക്കൊരു തിരിഞ്ഞുനോട്ടം

**പാർവ്വതി എം.എസ്**
പുഞ്ചിരി ബാലസഭ
വെങ്ങാനൂർ സി.ഡി.എസ്
തിരുവനന്തപുരം ജില്ല

എന്റെ ജീവിതത്തിൽ എനിക്ക് കിട്ടിയ ഏറ്റവും വലിയ ഒരു ഭാഗ്യമാണ് ഈ കഴിഞ്ഞ 21, 22 തീയതികളിൽ ബാലസഭയുടെ ഭാഗമായിട്ട് തിരുവനന്തപുരം വിമെൻസ് സെന്ററിൽ വച്ച് നടന്ന പാർലമെന്ററി ക്ലാസ്സ്. ആദ്യമായാണ് ഞാൻ ബാലസഭയുടെ ഒരു പരിപാടിയിൽ പങ്കെടുക്കുന്നത്. അതിന്റേതായുള്ള പേടിയും ഉണ്ടായിരുന്നു. പക്ഷെ അവിടെ എത്തിയപ്പോൾ ഒരുപാട് കൂട്ടുകാരെ കിട്ടി. എന്നെ സംബന്ധിച്ച് ഈ രണ്ട് ദിവസം എനിക്ക് നമ്മുടെ പഴയ അസംബ്ലി ഹാളിൽ പോകാനും കേരളം ഭരിച്ചിരുന്ന വലിയ വലിയ നേതാക്കന്മാരുടെ കസേരകളിൽ ഇരിക്കാനും അവരായിട്ട് അഭിനയിക്കാനുമുള്ള അവസരം കിട്ടി. ആ നിമിഷം എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. അത്രയ്ക്ക് സന്തോഷമാണ് ഉണ്ടായത്. ഇതുപോലൊരു ഭാഗ്യം എനിക്കിനി കിട്ടാനില്ല. കൂടാതെ എങ്ങനെയാണ് ഒരു നിയമസഭ കൂടുന്നത് എന്ന് ക്ലാസ്സുകൾ നൽകി നമ്മളെ പരിശീലിപ്പിക്കുകയും ചെയ്തു. സത്യം പറഞ്ഞാൽ നമ്മൾ വിചാരിക്കുന്നത് പോലെയോ കണ്ടിട്ടുള്ളതുപോലെയോ അല്ല ഒരു നിയമസഭ മീറ്റിംഗ് നടപ്പിലാക്കുന്നത്. അതിന് അതിന്റേതായിട്ടുള്ള നിയമങ്ങളും രീതികളുമുണ്ട് എന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. നമ്മുടെ പുതിയ നിയമസഭയിൽ പോകാനും ആ അതിശയം കാണാനുമുള്ള അവസരം ലഭിച്ചു. ഇതിനെക്കാളൊക്കെ അപ്പുറം നമ്മുടെ പഴയ അസംബ്ലി ഹാളിൽ എനിക്ക് പോകാൻ കഴിഞ്ഞതാണ് എനിക്ക് ഏറ്റവും സന്തോഷകരമായ നിമിഷം അത് പറഞ്ഞ് അറിയിക്കാൻ കഴിയില്ല. ഇത്രയധികം ചരിത്രപ്രാധാന്യമുള്ള സ്ഥലത്ത് പോകാനുള്ള അവസരം നൽകിയ എല്ലാവരോടും എന്റെ നന്ദി എപ്പോഴുമുണ്ടാകും.



കഥ

# തിരിച്ചറിവ്

അുിൻ കൃഷ്ണ
വയനാട് ജില്ല

**പെ**ട്ടെന്നൊരുനാൾ അവൻ വന്നെത്തി. സ്കൂൾവിട്ട്സന്തോഷത്തോടെവീട്ടിലെത്തിയപ്പോഴാണ്അവന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് ഞാനറിഞ്ഞത്. ഏറെ ഭയപ്പാടോടെയാണ്വീട്ടുകാരത്അടക്കം പറഞ്ഞത്. കൊറോണയെന്ന ഭീകരനെക്കുറിച്ച് എനിക്ക്വലിയഅറിവൊന്നുമില്ലായിരുന്നു. അതുകൊണ്ടുതന്നെ ഗൗരവവും.എങ്കിലുംവീട്ടുകാരുടെമുഖത്തെ ഭയപ്പൊടുകളിൽ നിന്നുംചിലതൊക്കെ വായിച്ചെടുത്തു.

സ്കൂളിനവധിയാണ്. സ്കൂളിൽ പരീക്ഷയുമില്ല. പഠിക്കുകയുംവേണ്ട. എനിക്ക് അനിയത്തിക്കുംകളിച്ചുനടക്കാം. ഇത്രയൊക്കെയായിരുന്നുഎന്റെയുള്ളിൽ. ദിവസങ്ങൾ രണ്ട് മൂന്ന്കൊഴിഞ്ഞുവീണപ്പോഴാണ് അമ്മയുടെ താക്കീത്ലോക്ഡൗൺ ആണ്.പുറത്തിറങ്ങി നടക്കേണ്ട. വീട്ടിലിരുന്ന്കളിച്ചാൽമതി. ലോക്ഡൗൺ എന്താണെന്ന് എനിക്കും അനിയത്തിക്കും മനസ്സിലായില്ല. അമ്മയുടെ വാക്കുകൾകേട്ട് ഞങ്ങൾ പരസ്പരം നോക്കിനിന്നു. ഉത്തരമറിയാത്തചോദ്യം കണക്കെ. ലോക്ഡൗണും എന്തെന്ന്, അവധിക്കാലയാത്രകളുംആഘോഷങ്ങളുംകൂട്ടുകാർഒന്നിച്ചുള്ളകളികളുമെല്ലാംഇല്ലാതാക്കിയ ഭീകരനാണ്കൊറോണയെന്ന്. പാരതന്ത്ര്യത്തിന്റെവിലങ്ങളുകൾ തീർക്കുന്നു. നിരവധി മനുഷ്യരുടെ ജീവൻ കവർന്നെടുത്തെന്നറിഞ്ഞപ്പോൾ രാക്ഷസീയത ഞങ്ങൾ തിരിച്ചറിഞ്ഞു. ആദ്യം ഭയമായിരുന്നു. പിന്നെ കരുതലായി. പ്രതിരോധത്തിന്റെ പോരാളികളായിഞങ്ങൾമാറി. സോപ്പും സാനിറ്റൈസറുംമാസ്കും ഞങ്ങളുടെ പടക്കോപ്പുകളായി. സോപ്പിൽമുടങ്ങാതെകൈകഴുകികൊടുത്തപ്പോൾശുചിത്വത്തിന്റെ പുതിയ പാഠങ്ങൾ ഞങ്ങൾ നേടിയെടുത്തു. കോവിഡ്കാലംതിരിച്ചറിവിന്റെ കാലമായി. പുസ്തകത്താളുകളിൽ നിന്നും പഠിച്ചെടുക്കാൻ മറന്ന ജീവിത പാഠങ്ങളുടെ കാലം.



**കഥ**


**ഫിദ ഫാത്തിമ.**
കിങ്ങിണി ബലസഭ
പുതുപ്പാടി


# ഭൂമിയുടെ വിലാപം

**ഓർ**ക്കുക മനുഷ്യ നീ നിൻ ചെയ്തികൾ
ഓർക്കുക നാം മുന്നോട്ടുള്ള യാത്ര
ഓർക്കുക നീ പിറന്ന നാടിന്റെ
അവസ്ഥയും അനുഭവങ്ങളും

കൂരയും കുടിലും ഏറുമാടവും
കോവിലും കൂട്ടു കുടുംബവും എവിടെ
പാടവും പക്ഷിയും വയലും കുളവും
മുറ്റത്തെ മുല്ലയും കോളാമ്പി പൂവും എവിടെ

അമ്മയും പെങ്ങളും അന്യരെപ്പോലെ
അച്ഛനും അമ്മയും തമ്മിലില്ല സ്നേഹം
പിഞ്ചുകുഞ്ഞിനും മുത്തശ്ശിക്കും
ഒരുപോലെ അല്ലയോ പീഡനം നാട്ടിലിന്ന്

അച്ഛനെ വെട്ടിയും അമ്മയെ കൊന്നും
മകനെ അറുത്തും മകളെ കടലിൽ എറിഞ്ഞും
പെങ്ങളെ വിറ്റും പേറ്റുനോവ് മറന്നും
ഒന്നിനും ഇല്ല കുറ്റബോധം തെല്ലും മനസ്സിൽ

ആർക്കും ആരോടും ഇല്ല തെല്ലും ദയ
ആരും ആരെയും ഓർക്കുകില്ല നിത്യം
ഫോണിലല്ലോ ബന്ധവും സ്നേഹവും
അമ്മയെപ്പോലും മറന്ന ഇന്റർനെറ്റും

നാളെയെ നാം മറന്നപ്പോൾ ഭൂമി തന്നു
കൊറോണയും ഉരുൾപൊട്ടലും
ഭൂമിക്ഷോഭവും
ചൂടും വരൾച്ചയും കൊടുംകാറ്റും നിപ്പയും
എന്നിട്ടും ഇല്ല തെല്ലുപോലും മാറ്റം
മാനവർക്ക്

അരുതരുതെ നശിപ്പിക്കരുതെ മനുഷ്യാ,
അരുതരുതെ എൻ വേരുകൾ മുറിക്കരുതെ
അരുതരുതെ എൻ നീരൊഴുക്ക് തടയരുതെ
എന്നെയും അനുവദിക്കൂ
നിലനിൽപ്പിനായ്....





യാത്രാ വിവരണം

# കാടിനുള്ളിലേക്ക്

**ഞാ**ൻ ആര്യൻ മാധവ്. എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. ആലങ്ങാട് അനഘ കുടുംബശ്രീയുടെ കീഴിലുള്ള ''ചങ്ങാതിക്കൂട്ടം'' എന്ന ബാലസഭയിൽ ഞാനും ഒരു അംഗമാണ്. ഞാൻ ഇവിടെ എന്റെ കുടുംബത്തോടൊപ്പം ''പറമ്പിക്കുളം ടൈഗർ റിസർവ്വ്'' കാണാൻ പോയ ഒരു യാത്രാക്കുറിപ്പാണ് പങ്കുവയ്ക്കുന്നത്.

എന്റെ ഇത്രയും നാളത്തെ ജീവിതത്തിൽ എനിക്ക് മറക്കാനാവാത്ത ഒരു യാത്രയായിരുന്നു അത്. സ്കൂൾ തുറക്കുന്നതിന്റെ തലേ ആഴ്ച്ച ശനിയാഴ്ച്ച രാത്രി അച്ഛൻ അമ്മയോട് ചോദിച്ചു. നമുക്ക് ഒരു യാത്ര പോയാലോ. അമ്മ സമ്മതം പറഞ്ഞു. എങ്ങോട്ട് പോവും എന്ന് ചോദിച്ചപ്പോൾ അമ്മ പറമ്പിക്കുളം കടുവാ സങ്കേതം എന്ന് കേട്ടിട്ടുണ്ട് അങ്ങോട്ട് പോയാലോ എന്ന് ചോദിച്ചു. അമ്മ അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് സന്തോഷം ഒന്നും തോന്നിയില്ല. കാരണം ഞാൻ വല്ല പാർക്കിലോ മറ്റോ ആണ് വിചാരിച്ചത്. പിന്നെ എന്തായാലും അമ്മ പറഞ്ഞതല്ലേ പോയികാണാം എന്ന് വിചാരിച്ചു. പിറ്റേ ദിവസം ഞായറാഴ്ച രാവിലെ 8.00 മണിക്ക് ഞങ്ങൾ വീട്ടിൽ നിന്നും കാറിൽ പുറപ്പെട്ടു. വഴി ഒന്നും അറിയാതെ കുറേ സ്ഥലങ്ങളിൽ ചോദിച്ച് ചോദിച്ചാണ് പോയത്. പാലക്കാട് ജില്ലയിലാണെങ്കിലും തമിഴ്നാട്ടിൽ ക്കൂടി പോയി പൊള്ളാച്ചി വഴി വേണം പറമ്പിക്കുളമെത്താൻ. ഞങ്ങൾക്കാകെ ബോറടിക്കാൻ തുടങ്ങി. പൊള്ളാച്ചി എല്ലാം കഴിഞ്ഞ് പോയപ്പോൾ ഞങ്ങളെ ആദ്യത്തെ ചെക്ക് പോസ്റ്റ് കടത്തിവിട്ടു. അത് തുടങ്ങിയത് തന്നെ ചെറിയ ഒരു കാടിനുള്ളിലൂടെയാണ്. അപ്പോഴേക്കും ഞാനും അനിയനും കൂടെ ആകെ ത്രില്ലടിച്ചു. അങ്ങനെ ആ കാട്ടിലൂടെ അരമണിക്കൂർ യാത്ര ചെയ്ത് പറമ്പിക്കുളമെത്തി. അവിടെയും ഒരു ചെക്ക്പോസ്റ്റ് ഉണ്ടായിരുന്നു. ഗൈഡുകൾ ഇല്ലാത്തതുകൊണ്ട് കാട്ടിനുള്ളിലേക്ക് പോകാൻ അവർ ഞങ്ങളെ അനുവദിച്ചില്ല. നിരാശപ്പെട്ട് തിരികെ പോകാൻ തുടങ്ങിയ




**ആര്യൻ മാധവ്**
ചങ്ങാതിക്കൂട്ടംബാലസഭ
ശ്രീകൃഷ്ണപുരം,
പാലക്കാട്


ഞങ്ങളോട് അവർ പത്ത് മിനിറ്റ് നിൽക്കാൻ ആവശ്യപ്പെടുകയും അതുകഴിഞ്ഞ് അവർ ഞങ്ങൾക്ക് കാട്ടിനുള്ളിലേക്ക് പ്രവേശനം അനുവദിക്കുകയും ചെയ്തു. ഉച്ചക്ക് ഒന്നരയോടുകൂടി കാട്ടിനുള്ളിലേക്ക് പോവാനുള്ള ബസ് വരികയും ഞാൻ വേഗം കേറി അരികിലെ സീറ്റിൽ ഇരിക്കുകയും ചെയ്തു. അങ്ങനെ ബസ് കാട്ടിനുള്ളിലേക്ക് കയറിയപ്പോൾ തന്നെ പുൽത്തകിടിയിൽ ഉച്ചമയക്കത്തിലായിരുന്ന കുറേ മാനുകളെ കാണുകയും അവയുടെ ഫോട്ടോ എടുക്കുകയും ചെയ്തു. കുറച്ചു കൂടി മുന്നോട്ട് പോയതും അതാ മുന്നിൽ കാട്ടാനക്കൂട്ടം, അത്കണ്ടതും എനിക്ക് ഭയങ്കര ആവേശമായി. ഏഴ് ആനകൾ ഉൾപ്പെടെ ഒരു കൂട്ടം ഉണ്ടായിരുന്നു. പിന്നെ കേഴമാൻ, കാട്ടുപോത്ത്. തുടങ്ങിയ കുറേ മൃഗങ്ങളെ കണ്ടു. പിന്നീട് ബസ് കുറേദൂരം പോയപ്പോൾ തൂണക്കടവ് ഡാമും പരിസരവും കണ്ടു. ശേഷം പോയത് 400 വർഷം പഴക്കമുള്ള കന്നിമാര തേക്ക് കാണാനായിരുന്നു. അങ്ങനെ ഞങ്ങൾ ആ ബസ്സിൽ കാട് മൊത്തം ചുറ്റി കണ്ടു. മലയുടെ മുകളിൽ വരെ ബസ് പോയിരുന്നു. അവിടെ കുറേ ആദിവാസി വിഭാഗക്കാരെ കാണാനായി. വൈകുന്നേരം 5 മണിയോടെ തിരിച്ചിറങ്ങി. ഞാൻ ആദ്യമായിട്ടായിരുന്നു ഇങ്ങനെ പ്രകൃതിയോട് ഇണങ്ങി യാത്ര ചെയ്യുന്നത്. ഈ യാത്രയായിരുന്നു കണ്ടതിൽ വെച്ചും പോയതിൽ വെച്ചും എനിക്ക് ഏറ്റവും പ്രിയപ്പെട്ട യാത്ര. ഈ യാത്ര ഞാൻ എന്നും ഓർക്കും. ഇങ്ങനെയുള്ള യാത്രകൾ ഇനിയും തിരഞ്ഞെടുക്കും.

നിർത്തുന്നു.

നന്ദി, നമസ്കാരം

# ഒരു വയനാടൻ യാത്ര

**വേ**നൽ അവധിക്കാലത്തെ മേയ് മാസത്തിലെ ആദ്യ ശനിയാഴ്ചയായിരുന്നു അന്ന്. ഞങ്ങൾ രാത്രി 9 മണിയോടെ വിനോദയാത്രയ്ക്ക് പോകുവാൻ തയ്യാറായി. സഞ്ചാരികൾക്ക് എന്നും പുതുമ നിറഞ്ഞ കാഴ്ചകൾ സമ്മാനിക്കുന്ന സുന്ദരയിടമായ വയനാടിലേക്കാണ് കുടുംബസമേതം ഞങ്ങളുടെ യാത്ര. ടെംപോ ട്രാവലറിലാണ് യാത്ര. പിറ്റേന്ന് 10 മണിക്ക് താമരശ്ശേരിയിൽ എത്തി. പ്രഭാത ഭക്ഷണം കഴിച്ചു. ചുരം കയറാൻ ആരംഭിച്ചതോടെ ചെറിയ തണുപ്പ്



അനുഭവപ്പെട്ടു തുടങ്ങി. ചുരത്തിന്റെ പല ഭാഗങ്ങളിലായി കുരങ്ങൻമാരെ കണ്ടു. എന്റെ കയ്യിലെ ഭക്ഷണം കട്ടു തിന്നാൻ എന്റെ അരികിലേക്ക് വന്നു. താമരശ്ശേരി ചുരം കയറുന്നതോടെ വയനാടിന്റെ ദൃശ്യചാരുതയ്ക്ക് തുടക്കമായി.

വയലും, കാടും, കുന്നും ചേർന്ന് പച്ചവിരിപ്പണിഞ്ഞ പ്രദേശം. വലിയ കുന്നുകളെ അവയുടെ കാഴ്ചയിൽ നിന്നും മറയ്ക്കുന്ന മൂടൽമഞ്ഞും ചുരം കയറുംതോറും എന്നെ അതിശയിപ്പിച്ചു. പിന്നീട് ഞങ്ങൾ ചെമ്പ്ര പീക്കിൽ എത്തി. വയനാടൻ സൗന്ദര്യത്തിന്റെ മുഖ്യ ആകർഷണങ്ങളിലൊന്നാണ് ചെമ്പ്ര പീക്ക്. പച്ച പുതച്ച പുൽമേടുകളും ജലസമൃദ്ധമായ തടാകവും കണ്ടാസ്വദിച്ചു. ചെമ്പ്ര കഴിഞ്ഞ് ഞങ്ങൾ ബാണാസുര മലയിൽ എത്തിച്ചേർന്നു. ഇവിടുത്തെ ചെങ്കുത്തായ മലനിരകൾ എന്റെ മനസ്സിൽ കൗതുകം ഉണർത്തി. ഞങ്ങൾ അവിടെ നിന്ന് ചിത്രങ്ങളും പകർത്തി.

പിന്നീട് അച്ഛന്റെ ഒരു കൂട്ടുകാരന്റെ വീട്ടിൽ ചെന്നു. അവരോട് അടുത്ത് ഇടപഴകുകയും അവരുടെ കാപ്പിതോട്ടം സന്ദർശിക്കുകയും ചെയ്തു. രാത്രി അവിടെ താമസിച്ചു. പുതിയ ഒരു കൂട്ടുകാരിയെ അവിടെ ലഭിച്ചു. പിറ്റേന്ന് എടക്കൽ ഗുഹയിലേക്ക് യാത്ര തിരിച്ചു. നമ്മുടെ പൂർവ്വികരുടെ ജീവിതം വീശുന്ന വിലപ്പെട്ട വിവരങ്ങൾ ഗുഹകളുടെ



ചുവരുകളിൽ കൊത്തി വെച്ചിരുന്നു. ആ ചിത്രങ്ങൾ എന്നിൽ അനുഭൂതി ഉണർത്തുകയും പണ്ടു കാലത്തെ മനുഷ്യനെ കുറിച്ചുള്ള അറിവുകൾ സമ്മാനിക്കുകയും ചെയ്തു. ഒരു വലിയ പാറ രണ്ടായി പിളർന്നുണ്ടായതാണ് ആ ഗുഹകൾ എന്നെനിക്ക് അച്ഛൻ പറഞ്ഞുതരുകയുണ്ടായി. അവിടെ ചില സ്ഥലങ്ങളിൽ പാറയ്ക്കിടയിലൂടെ വെള്ളം താഴോട്ട് ഒഴുകുന്നുണ്ടായിരുന്നു. തികച്ചും അതിമനോഹരം.

അവിടെനിന്ന് ഞങ്ങൾ അമ്പലവയൽ



ബൊട്ടാണിക്കൽ ഗാർഡനിലേക്ക് പുറപ്പെട്ടു. പോകും വഴി ഒരു ഹോട്ടലിൽ കയറി ഊണ് കഴിച്ചു. ഹോട്ടലിനു അടുത്ത് വലിയ തേയില തോട്ടമുണ്ടായിരുന്നു. അവിടെ നിന്ന് ചിത്രങ്ങൾ എടുത്തിട്ട് ബൊട്ടാണിക്കൽ ഗാർഡനിലേക്ക് തിരിച്ചു. അവിടെ പല വർണ്ണത്തിലും രൂപത്തിലുമുള്ള പൂക്കളായിരുന്നു ഞങ്ങളെ സ്വാഗതം ചെയ്തത്. മനോഹരമായ പൂക്കളുടെ കാഴ്ച വ്യത്യസ്തമായ അനുഭൂതിയാണ് എനിക്ക് സമ്മാനിച്ചത്. ഒരുപാട് നേരം അവടെ ചിലവഴിച്ചതിനു ശേഷം സന്ധ്യയോടെ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി. സൂര്യോദയത്തിനു മുമ്പേ വീട്ടിൽ തിരികെ എത്തി. കാടും മേടും മഞ്ഞും മലകളും തടാകങ്ങളും താഴ്‌വാരങ്ങളും എല്ലാം ഇഴചേർന്ന് കിടക്കുന്ന വയനാട് ഞങ്ങൾക്ക് മുന്നിൽ തുറന്നു തന്നത് വിശ്വസുന്ദരമായ പ്രകൃതി ഭംഗിയായിരുന്നു. അതിമനോഹരമായ ഞങ്ങളുടെ യാത്ര അവിസ്മരണീയമായിരുന്നു.

## അനുഭവക്കുറിപ്പ്

# ബാലകൃഷി

**മാ**വേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ CDS ലെ മയിൽപീലി ബാലസഭയിലെ അംഗമാണ് ഷഫ്ന. ഒരു മികച്ച ബാലകർഷക കൂടിയാണ് ഷഫ്ന. ഷഫ്നക്ക് തന്റെ കൃഷിയിടത്തിൽ പച്ചമുളക്, തക്കാളി, വഴുതിന, ചീര, കോളിഫ്ളവർ, കാബേജ് എന്നിവ കൃഷി ചെയ്യുന്നുണ്ട്. കോവിഡ് ലോക്ക് ഡൗൺ കാലയളവിൽ തന്റെ കൃഷിയിടത്തിൽ നിന്നും ലഭിച്ച പച്ചക്കറികൾ പഞ്ചായത്തിലെ സാമൂഹിക അടുക്കളയിലും ആശ്രയ കുടുംബത്തിനും നൽകിക്കൊണ്ട് സാമൂഹിക പ്രതിബദ്ധത തെളിയിച്ച ഒരു ബാലസഭാംഗമാണ് ഷഫ്ന . കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ മുഖേന നടപ്പാക്കിയ ബാലകൃഷി പദ്ധതിയിൽ ഷഫ് ന ഉൾപ്പെട്ട മയിൽ പീലി ബാലസഭക്കും കാർഷിക സാമഗ്രികൾ ഇരുട മുഖേന ലഭ്യമാക്കിയിരുന്നു.









**ഷഫ്ന**
മയിൽപീലി ബാലസഭ
TKLMBS13/2
മാവേലിക്കര
താമരക്കുളം

# ഹിമഘണ്ഡ പൊന്മുടി

## യാത്രാവിവരണം



**ഹിമ നായർ**
നിറക്കൂട്ട് ബാലസഭ, ആനാകുടി വാർഡ്
വാമനപുരം സി.ഡി.എസ്.



മഞ്ഞ് മൂടിയ മലകളും പുഴകളും അതിസുന്ദരമായ പ്രകൃതി ഭംഗികൾ എല്ലാം ഒത്തുചേരുന്ന ഒരു സ്ഥലത്ത് ഞാൻ എത്തി. പൊൻമുടിയിലെ സൂര്യകിരണങ്ങൾ മെല്ലെ ഇലകളിലും മരച്ചില്ലകളിലും തട്ടി തട്ടി ഭൂമിയെ ചുംബിക്കുന്നു. ഞാൻ ഇതെല്ലാം നോക്കി നിന്നു. കൊച്ചുകുട്ടികൾ മഞ്ഞ് മൂടിയ താഴ്വരകളിൽ തുള്ളിക്കളിക്കുന്നു. പൈൻ മരങ്ങൾ കാറ്റിൽ മെല്ലെ നൃത്തം ചെയ്യുന്നു. ഇതെല്ലാം ഞാൻ എന്റ് ക്യാമറയിൽ പകർത്തി. സ്വർഗ്ഗലോകത്തിൽ ചെന്നതുപോലെയുള്ള ഒരു മനോഭാവം എനിക്ക് അപ്പോൾ ഉണ്ടായി. പൊൻമുടി, അതിവശ്യമനോഹരമായ ഭൂമിയുടെ നിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നാണ്. മഞ്ഞ് വീശുന്ന തണുത്ത കാറ്റിൽ ഞാൻ ഒരു തിളിർത്ത ചെടിയായി മാറി. എന്റെ ക്യാമറാകണ്ണുകൾ പൊൻമുടിയുടെ വശ്യമനോഹാരിതയെ എത്തി നോക്കുന്നുണ്ടായിരുന്നു. പൊൻമുടിയുടെ വിദൂര ദൃശ്യങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചു. കുറുവാലിക്കിളികൾ പൂങ്കുലവാലുള്ള കിളികൾ ആകാശവാനിലെ വരാന്തയിൽ കൂടി പറന്നുയരുന്നു. ഇണക്കിളികൾ പൈൻമരച്ചില്ലകളിലിരുന്ന് മുട്ടിയുരുമ്മുന്നു. ഇതെല്ലാം നോക്കി നിൽക്കെ ഒരു അട്ട എന്നെ കടിച്ചിരുന്നു. പുല്ലുകൾക്കിടയിൽ മറഞ്ഞിരുന്ന് ദ്രോഹിക്കുന്ന കറുത്ത അട്ട. സന്ധ്യാസമയം ഭൂമിയെ തൊട്ട് തൊടാറായി.



അപ്പോഴേയ്ക്കും എന്റെ മനസ്സ് വിതുമ്പാൻ തുടങ്ങി. ഇനിയും വരണമെന്ന ചിന്ത എന്നെ വല്ലാതെ ആകാംശഭരിതയാക്കി. തണുത്ത മഞ്ഞ് പെയ്യുന്ന കാറ്റുകൾ അതിശക്തമായി വീശാൻ തുടങ്ങി. താഴ്വരകളോടും കുന്നുകളോടും പൈൻമരക്കാടുകളോടും വിട പറഞ്ഞ് ഞാൻ പൊൻമുടിയിൽ നിന്ന് വിടവാങ്ങി. ഒരു ശൂലം കുത്തിയിറക്കുന്നതിന്റെ വേദന അനുഭവിച്ചു. ഇരുപത്തിരണ്ട് വളവുകൾ തിരിച്ചിറങ്ങി ഞാൻ പൊൻമുടിയുടെ താഴ്വാരത്തെത്തി. റോഡിന്റെ അരികിൽകൂടി ഒഴുകുന്ന കുഞ്ഞരുവികൾ എന്നെ നോക്കി വിഷമത്തോടെ കരയുകയായിരുന്നു എന്ന് എനിക്ക് തോന്നി. കരച്ചിലിന്റെ വേഗത കാരണം അരുവിയുടെ ഒഴുക്ക് വർദ്ധിച്ചു. ഞാൻ ഇരുന്ന വാഹനത്തിനും വേഗത വർദ്ധിച്ചു. ഞാൻ അങ്ങനെ പൊൻമുടിയോട് വിടപറഞ്ഞു. കിഴക്കോട്ട് ഒഴുകുന്ന 44 നദികളിലൊന്നായ കല്ലാറിനെ ഞാൻ കണ്ടു. എന്റെ ക്യാമറ കല്ലാറിനെ ഗ്യാലറിയിനുള്ളിലാക്കി, വീട്ടിൽ എത്തിയപ്പോൾ പൊൻമുടിയുടെ ദൃശ്യങ്ങൾ എന്നെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു. നൂറ് നൂറ് ആഗ്രഹങ്ങളും നൂറ് നൂറ് സ്വപ്നങ്ങളും മനസ്സിൽ കണ്ട് ഞാൻ നിദ്രയിലാണ്ടു. അന്നത്തെ ദിവസം എന്റെ മനസ്സിൽ നിന്ന് മായുന്നുണ്ടായിരുന്നില്ല, അത് എന്റെ മനസ്സിൽ ഒരു സ്ഥാനം ഉറപ്പിച്ചിരുന്നു.

# അറിവൂഞ്ഞാൽ -
## ഒരു എഡിറ്റോറിയൽ വർക്ക് ഷോപ്പ്

**കു**ടുംബശ്രീ ബാലസഭകളുടെ ചരിത്രത്തിൽ ആദ്യമായി ബാലസഭ കുട്ടികൾ തന്നെ രചന നിർവ്വഹിക്കുന്ന ശിശുദിന പതിപ്പ് പുറത്തിറക്കുന്നതിന്റെ പണിപ്പുരയിലാണ് ഞങ്ങൾ 18 പേർ. വിവിധ ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ബാലസഭ കുട്ടികൾ തിരുവനന്തപുരം മരിയാറാണി കൺവെൻഷൻ സെന്ററിൽ ഒത്തുകൂടി. പ്രഭാതഭക്ഷണത്തോടുകൂടി ആരംഭിച്ച പരിപാടിയിൽ ആദ്യ സെക്ഷൻ ഉദ്ഘാടനമായിരുന്നു. അതിനായി പ്രശസ്ത മലയാള സിനിമാ നടനും അതിലുപരി സിനിമാ സംവിധായകനുമായ ശ്രീ. മധുപാൽ വന്നിരുന്നു. ഉദ്ഘാടനത്തിനു ശേഷം കുട്ടികളോടൊത്ത് അദ്ദേഹം സംസാരിക്കുകയും കുട്ടികൾ അവർക്ക് സിനിമകളോടുള്ള സംശയത്തിന്റെ കെട്ടഴിക്കുകയും ചെയ്തു. ശേഷം അദ്ദേഹം തന്റെ ജീവിതവും സിനിമയിലേക്ക് നയിച്ച സംഭവങ്ങളും ഞങ്ങളോടായി പങ്കു വെച്ചു. കുടുംബത്തിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന അിറവുകളും തിരിച്ചറിവുകളുമാണ് ഒരാളെ കഥയുടെ ലോകത്തേക്ക് നടത്തുന്നതെന്നും വായനക്കാരിൽ ആകാംഷ ജനിപ്പിക്കാൻ കഴിയുന്ന രീതിയിലാണ് കഥകൾ രചിക്കേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ശേഷം അദ്ദേഹത്തോടൊത്തുള്ള ഫോട്ടോ എടുക്കലോടെ ഉദ്ഘാടന സെക്ഷൻ അവസാനിപ്പിച്ചു. അദ്ദേഹത്തെ യാത്രയയച്ച് ഒരു ചെറിയ ഇടവേളയ്ക്ക് ശേഷം അടുത്ത സെക്ഷൻ ആരംഭിച്ചു.

പ്രശസ്ത എഴുത്തുകാരി ശ്രീമതി. കെ.എ. ബീന മാഡമാണ് അടുത്ത സെക്ഷൻ കൈകാര്യം ചെയ്യുന്നതിനായി എത്തിച്ചേർന്നിരുന്നത്. മാഡം എഡിറ്റിങ്ങിനെ പരിചയപ്പെടുത്തുകയും അതിനെ കുറിച്ചുള്ള നിരവധി അറിവുകൾ ഞങ്ങൾക്കായി പരിചയപ്പെടുത്തുകയും ചെയ്തു. ഒരു എഡിറ്റിങ്ങിനാവശ്യമായ എല്ലാ കാര്യങ്ങളും ഞങ്ങളുമായി പങ്കുവച്ചതിനു ശേഷം മാഡത്തിന്റെ ജീവിതത്തെക്കുറിച്ചും, ചെയ്ത യാത്രാനുഭവങ്ങളെക്കുറിച്ചും ഞങ്ങൾക്കായി പങ്കുവയ്ക്കുകയുണ്ടായി. ഇന്ത്യയുടെ നിരവധി കോണുകളിൽ യാത്ര ചെയ്തിരുന്ന മാഡം അവിടുത്തെ അരാജകത്വത്തെ ചൂണ്ടിക്കാണിച്ചു. ഇപ്പോഴും ഇന്ത്യയുടെ പല കോണുകളിലും ലിംഗഅസമത്വത്തിന്റെയും ജാതി വിവേചനത്തിന്റെയും അതിക്രൂരമായ നിലപാടുകൾ ഇപ്പോഴും തുടർന്ന് വരുന്നുണ്ടെന്ന് മാഡം ഞങ്ങളെ ഓർമ്മപ്പെടുത്തി. തുടർന്നുള്ള സംഭാഷണത്തിനു ശേഷം ആ സെക്ഷൻ അവസാനിപ്പിച്ച് ഉച്ച ഭക്ഷണത്തിനായി പിരിഞ്ഞു.

ബീന മാഡത്തിന്റെ ക്ലാസ്സിന്റെ തുടർച്ച എന്നോണം പതിപ്പിന്റെ എഡിറ്റിങ്ങ് ആരംഭിച്ചു. വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മികച്ച കഥകളും, കവിതകളും, യാത്രാവിവരണങ്ങളും, അനുഭവക്കുറിപ്പുകളുമായിരുന്നു അവ. അത്രയും നേരം ഞങ്ങൾക്ക് ക്ലാസ്സിലൂടെ ലഭിച്ച അറിവുകൾ ഞങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിച്ചു. തിരഞ്ഞെടുക്കപ്പെട്ട മികച്ച സാഹിത്യങ്ങളായതിനാൽ അതിനു വലിയ രീതിയിലുള്ള എഡിറ്റിങ്ങ് ചെയ്യേണ്ട ആവശ്യം വന്നില്ലായിരുന്നു. തുടർന്ന് മധുപാൽ സാറുമായി നടത്തിയ സംഭാഷണത്തിൽ നിന്നും ലഭിച്ച അറിവുകൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കാനായി നാല് കുട്ടികളെ ചുമതലപ്പെടുത്തി. അതിനോടൊപ്പം തന്നെ നാലു കുട്ടികളെ ശിശുദിന പതിപ്പിന്റെ ഭംഗി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ചിത്രങ്ങൾ വരയ്ക്കാൻ ഏൽപ്പിച്ചു. ബാക്കി വരുന്ന എല്ലാവരും എഡിറ്റിങ്ങ് തുടർന്ന് കൊണ്ടിരുന്നു. സന്ധ്യയോടെ ചെറിയൊരു ഇടവേളയ്ക്കു ശേഷം വീണ്ടും പ്രവർത്തനങ്ങൾ തുടർന്നു. അൽപ്പ സമയത്തിനു ശേഷം ബാലസഭ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ജയചന്ദ്രൻ സാറിന്റെ നിർദ്ദേശ പ്രകാരം വിശ്വാസം അന്ധവിശ്വാസം എന്ന വിഷയത്തെ കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും അവർക്കറിയാവുന്നതും അതിനെക്കുറിച്ചുള്ള അവരുടെ നിലപാടുകളും ചർച്ചയെ മുന്നോട്ടു നയിച്ചു. വിശ്വാസവും അന്ധവിശ്വാസവും




തമ്മിലുള്ള അന്തരം മനസ്സിലാക്കാൻ കഴിയാത്ത കാരണമാണ് ഇന്ത്യയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉടലെടുത്തു വരുന്നതെന്ന് ചർച്ചയിൽ വ്യക്തമാക്കി. തുടർന്ന് അതിനെ തടയാനും വരും തലമുറയ്ക്ക് അത്തരം അബദ്ധങ്ങൾ ഉണ്ടാകാതിരിക്കാനും അതിനെന്തെല്ലാം മുൻകരുതലുകൾ എടുക്കണമെന്നും പറഞ്ഞ് അന്നത്തെ ചർച്ചയിൽ നിന്ന് ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഒരു മൂന്നംഗ സംഘത്തെ ഏൽപ്പിച്ചുകൊണ്ടാണ് അന്നത്തെ പരിപാടികൾ സമാപിച്ചത്.

തുടർന്ന് പിറ്റേദിവസം 9 മണിക്കു തന്നെ പരിപാടികൾ ആരംഭിച്ചു. രസകരമായ ഗെയിമോടുകൂടി തുടങ്ങിയതായിരുന്നു ആ ദിവസം. പ്രഭാത ഭക്ഷണത്തിനു ശേഷം വീണ്ടും ബാക്കി വന്നിരുന്ന രചനകളെ എഡിറ്റിംഗ് ചെയ്തു തുടങ്ങി. മൂന്ന് വ്യത്യസ്ത പ്രവർത്തനങ്ങളായിരുന്നു ആ ഹാളിൽ നടന്നിരുന്നത്. ഒരു വശത്ത് രചനകളുടെ എഡിറ്റിങ്ങിൽ ഏർപ്പെട്ടവരും, മറ്റൊരിടം വിശ്വാസം - അന്ധവിശ്വാസം എന്ന ശീർഷകത്തിൽ റിപ്പോർട്ട് തയ്യാറാക്കുന്നവരും മറ്റൊരു വിഭാഗം മധുപാൽ സാറുമായുണ്ടായ അഭിസംഭാഷണം ക്രോഢീകരിക്കുന്നവരുമായിരുന്നു. തുടർന്ന് എഡിറ്റിംഗ് പൂർത്തിയാക്കിയതിനു ശേഷം കുടുംബശ്രീ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ശ്രീ. ഡാനിയേൽ ലിബ്നി, കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ശ്രീ. അരുൺ പി. രാജൻ എന്നിവർ ഞങ്ങളോട് സംസാരിച്ചു. രണ്ടുപേരോടായി രണ്ട് ദിവസത്തെ ഈ ക്യാമ്പിനെ കുറിച്ചുള്ള അഭിപ്രായം പറയാനാവശ്യപ്പെട്ടു.

അടുത്തതായി മഹാകവി കുമാരനാശാന്റെ സന്നിധിയിലേക്കൊരു യാത്ര നടത്തി. ക്യാമ്പിൽ നിന്നും ഏകദേശം അരമണിക്കൂർ മാത്രമായിരുന്നു കുമാരനാശാന്റെ സന്നിധിയിലേക്കുള്ള ദൂരം. പാട്ടും കളികളുമായി അവിടെ എത്തി. അതിനകത്ത് കടക്കുമ്പോൾ തന്നെ അതി സുന്ദരമായ കൽനിർമ്മിതമായ നിരവധി പ്രതിമകൾ കാണാം. എല്ലാം കുമാരനാശാന്റെ ഓരോ കൃതികളെയാണ് സൂചിപ്പിക്കുന്നത്. അവയെല്ലാം കാനായി കുഞ്ഞിരാമൻ എന്ന ശിൽപിയുടെ സൃഷ്ടികളാണ്. അൽപ്പം മുന്നോട്ട് നടന്നാൽ മഹാകവി കുമാരനാശാന്റെ ഒരു കൽപ്രതിമ അതിപ്രൗഢിയോടെ നിൽക്കുന്നുണ്ട്. പാദരക്ഷകൾ അഴിച്ചു വേണം ആ മഹാകവിയുടെ സന്നിധിയിലേക്ക് കടക്കാൻ. ആദ്യം തന്നെ അവിടെ കാണാൻ കഴിയുന്നത് സർഗ്ഗ സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഓലമേഞ്ഞ ഒറ്റ മുറിയുള്ള വീടാണ്. അവിടെ വെച്ചായിരുന്നു കവി തന്റെ കൃതികൾക്ക് രൂപം നൽകിയിരുന്നത്. അതിന് തൊട്ടടുത്തു തന്നെ ഒരു ചെറിയ വീടാണുള്ളത്. അതും ഓലയാൽ മേഞ്ഞ ചാണകം കൊണ്ട് തേച്ചു മിനുക്കിയ വീടായിരുന്നു. അവിടെയായിരുന്നു കുമാരനാശാന്റെ വാസം. അവിടുന്ന് കുറച്ചകലെയായാണ് കുമാരനാശാന്റെ ഓർമ്മക്കായി നിർമ്മിച്ച മ്യൂസിയം ഉള്ളത്. അവിടെ കയറി ചെല്ലുമ്പോൾ തന്നെ കുമാരനാശാന്റെ അനവധി കൃതികൾ കാണാം. അതിനുള്ളിൽ പ്രവേശിച്ചാൽ കുമാരനാശാന്റെ പ്രശസ്ത കൃതികളായ 'കരുണ', 'പൂക്കാലം', 'ചണ്ഡാലഭിഷുകി', 'കർഷകന്റെ കരച്ചിൽ', 'ദുരവസ്ഥ', 'വീണപൂവ്', 'കുട്ടിയും തള്ളയും', 'ലീല', 'ചിന്താവിഷ്ടയായ സീത', 'നളിനി' എന്നിവയുടെ ചിത്രങ്ങൾ വരച്ചിരിക്കുന്നു. അവിടെ നിന്നും ഇറങ്ങി പുറത്തു വന്നു. ഓരോ ശിൽപ്പവും ഓരോ കൃതികളെയാണ് സൂചിപ്പിക്കുന്നത്. കൂടാതെ അവിടെ ഒരു സ്ഥലത്തായി വീണപൂവ് എന്ന കൃതിയുടെ ആദ്യ വരികളും അവസാന വരികളും കല്ലിൽ കൊത്തി വച്ചിരിക്കുന്നു. ഇതെല്ലാം കണ്ട് ആസ്വദിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞങ്ങൾ. ഞങ്ങളുടെ ഈ ക്യാമ്പിന് പൂർണ്ണ പിന്തുണ നൽകിയിരുന്ന കുടുംബശ്രീ പബ്ലിക് റിലേഷൻസ് ഓഫീസർ ഡോ. മൈന ഉമൈബാൻ മാഡം അവിടെ വെച്ച് കുമാരനാശാനെക്കുറിച്ചും, അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും പറഞ്ഞു തന്നു. ഓരോ കൃതിയുടേയും പിന്നിൽ അതി സുന്ദരവും എന്നാൽ ചിന്തിക്കാൻ ഏറെയുള്ളതുമായ ആശയങ്ങളുണ്ടെന്ന് മൈന മാഡം ഞങ്ങളോട് പറഞ്ഞു. പിന്നീട് അവിടുത്തെ ചായയ്ക്ക് ശേഷം രണ്ട് ദിവസത്തെ ശിശുദിനപ്പതിപ്പ് എഡിറ്റോറിയൽ ക്യാമ്പിന് സമാപനം കുറിച്ചു.

# അറിവൂഞ്ഞാലിന്റെ രസതന്ത്രം



എത്ര പെട്ടെന്നാണ് നമ്മുടെ കുട്ടികൾ ഒരു പുസ്തകം തയ്യാറാക്കിയത്! അതും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ബാലസഭാംഗങ്ങൾ...

സ്റ്റേറ്റ് മിഷനിലെ ബാലസഭയുടെ കാര്യങ്ങൾ നോക്കുന്ന
അരുണും ഡാനിയേൽ ലിബ്നിയും റിസോഴ്സ് പേഴ്സണായ ജയചന്ദ്രൻ മാഷും ഒരു ദിവസം പറഞ്ഞു, നവംബർ 14 ശിശുദിനവുമായി ബന്ധപ്പെട്ട് നമുക്ക് ഒരു പുസ്തകമിറക്കണം എന്ന്. ശിശുദിനവുമായി ബന്ധപ്പെട്ടാവുമ്പോൾ അത് ബാലസഭാംഗങ്ങളുടെ തന്നെ നേതൃത്വത്തിലായാൽ നന്നായിരിക്കുമെന്ന് ഒരു നിർദ്ദേശം വെക്കുകയായിരുന്നു.

കുട്ടികൾ എഴുതി, വരച്ച്, അവർ തന്നെ എഡിറ്റ് ചെയ്തിതിറക്കുന്ന പുസ്തകം. മുതിർന്നവർ കുട്ടികൾക്ക് നൽകുന്ന ഒരു പുസ്തകത്തേക്കാൾ ഈ സമയത്ത് നല്ലത് അവർ തന്നെ കുട്ടികൾക്ക് നൽകുന്ന ഒരു പുസ്തകമാണ്. 10 വർഷത്തോളം യുറീക്കയുടെ പത്രാധിപസമിതി അംഗമായി പ്രവർത്തിച്ചതിന്റെ അനുഭവമായിരുന്നു കൈമുതൽ.

എഡിറ്റിംഗ് ശിൽപ്പശാല നടത്തിയത് 2022 ഒക്ടോബർ 29, 30 തീയതികളിലായിരുന്നു. എഡിറ്റോറിയൽ ബോർഡ് മറ്റ് അംഗങ്ങളുടെ രചനകൾ വായിക്കുകയും വിലയിരുത്തുകയും തിരുത്തുകയും ചെയ്തു. ഒപ്പം അവർ വരച്ചു.  അവർ തന്നെ പുസ്തകത്തിന് 'അറിവൂഞ്ഞാൽ' എന്ന പേര് നൽകി. അതുമാത്രമല്ല വിശിഷ്ടാതിഥിയായി വന്ന മധുപാലിനെ ഇൻറർവ്യൂ ചെയ്തു. കേരളത്തിന്റെ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. മടങ്ങുമ്പോഴേക്കും  ശില്പശാലയുടെ അവലോകനവും തയ്യാറാക്കി.. എത്ര മിടുക്കരായ കുട്ടികൾ!

അവസരം ലഭിക്കുമ്പോൾ അവർ എത്രമാത്രം ക്രിയാത്മകവും സർഗാത്മകവും ആവുന്നു എന്ന് തെളിയിക്കുന്നതായിരുന്നു അവരുടെ രചനകളും എഡിറ്റിംഗ് ശില്പശാലയും. ഇവർ ഭാവി കേരളത്തിൻറെ വാഗ്ദാനങ്ങളാണ്. സമൂഹത്തിലെ അടിസ്ഥാന വിഭാഗത്തിൽനിന്ന് വരുന്നവരാണ് ബാലസഭാംഗങ്ങളിൽ ഏറെയും. അവരെ ശരിയായ വിധത്തിൽ കൈപിടിച്ചുയർക്കേണ്ടതുണ്ട്. ബാലസഭാംഗങ്ങളെ സർഗാത്മകതയുടെ ലോകത്തെത്തിക്കാൻ, നേതൃപാടവമുള്ളവരാക്കി മാറ്റാൻ പാരിസ്ഥിതിക ബോധമുള്ളവരാക്കി മാറ്റാൻ, സാമൂഹ്യ സാംസ്കാരികരാഷ്ട്രീയ ബോധമുള്ളവരാക്കി മാറ്റാൻ ബാലസഭയ്ക്ക് സാധിക്കും.


ബാലസഭാംഗങ്ങളുടേതാണ് ഈ അറിവൂഞ്ഞാൽ. അറിവൂഞ്ഞാൽ യാഥാർത്ഥ്യമാക്കിയ എല്ലാവരെയും അഭിനന്ദിക്കുന്നു.

**ഡോ. മൈന ഉമൈബാൻ**
പബ്ലിക് റിലേഷൻസ് ഓഫീസർ, കുടുംബശ്രീ




















**State Poverty Eradication Mission, Kudumbashree**
TRIDA Rehabilitation Building, Medical College P O
Thiruvananthapuram, Kerala - 695 011
Phone: 91-471-2554714, 2554715, 2554716
E-Mail: info@kudumbashree.org
kudumbashree1@gmail.com

---

KUDUMBASHREE STATE MISSION Follow us on